

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

PRICE ₹ 50/-

# അറിവോരം

VOL 5 I ISSUE 3 I BIMONTHLY I JUNE 2025 I 48 PAGES

വിഴിഞ്ഞം: ഇന്ത്യൻ വികസന
ചക്രവാളത്തിലെ ശുക്രനക്ഷത്രം 04

വികസന ചരിത്രത്തിലെ നാഴികക്കല്ല് :
വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം 07

അംബേദ്കർ ചിന്തകളും
ഇന്ത്യൻ ഭരണഘടനയും 10

ധനകാര്യത്തിലെ രാഷ്ട്രീയവും
കേരളത്തിന്റെ പ്രതിരോധവും 12

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

വാല്യം 5 ലക്കം 3 ജൂൺ 2025

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**എ.എൻ.ഷംസീർ**
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ.എൻ. കൃഷ്ണ കുമാർ**
സെക്രട്ടറി

അംഗങ്ങൾ
**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**എം.കെ.റിജു**
സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

**ഷാജി സി. ബേബി**
സ്പെഷ്യൽ സെക്രട്ടറി

**എം.എസ്. വിജയൻ**
അഡീഷണൽ സെക്രട്ടറി

**ഹരി പി.**
അഡീഷണൽ സെക്രട്ടറി

**രജനി വി.ആർ.**
ജോയിന്റ് സെക്രട്ടറി

**വി.ജി.റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

**ജയശ്രീ എം.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ
**ഇ. കെ. മുഷ്താഖ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**പ്രീജിത്ത് രാജ്**
സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**

രൂപകൽപ്പന
**ബിജി ജോൺ**

അച്ചടി
**നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ: kladrd@gmail.com
ഫോൺ : 0471-2512493, 2353

## മൊഴിമുഴക്കം

" നാം തെറ്റു ചെയ്യുന്നില്ല എന്നതുകൊണ്ടായില്ല. മറ്റുള്ളവർക്കായി എന്തു ചെയ്യുന്നു വെന്നതാണ് പ്രധാനം "

- ഫ്രാൻസിസ് മാർപാപ്പ

# ഉൾത്താളുകളിലൂടെ


വിഴിഞ്ഞം: ഇന്ത്യൻ വികസന ചക്രവാളത്തിലെ ശുക്രനക്ഷത്രം — 04
എ.എൻ. ഷംസീർ

വികസന ചരിത്രത്തിലെ നാഴികക്കല്ല് : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം — 07
പിണറായി വിജയൻ

അംബേദ്കർ ചിന്തകളും ഇന്ത്യൻ ഭരണഘടനയും — 10
വി.ഡി. സതീശൻ

ധനകാര്യത്തിലെ രാഷ്ട്രീയവും കേരളത്തിന്റെ പ്രതിരോധവും — 12
ചിറ്റയം ഗോപകുമാർ

സ്പീക്കറുടെ പൊതുപരിപാടികൾ — 17

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ — 17

പഹൽഗാം ഭീകരാക്രമണം സൈനിക–നയതന്ത്ര മറുപടി നൽകി ഭാരതം — 21

സുപ്രധാന കോടതി വിധികൾ — 23

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ — 25

ചിത്രജാലകം — 26

വേർപാട് — 28

ഇതരസഭാ വാർത്തകൾ — 31

നിയോജകമണ്ഡല ചരിത്രം — 32

നിയമസഭാ പ്രസംഗങ്ങളിലൂടെ — 37

സഭാ നായകരുടെ ജീവിത രേഖയിലൂടെ — 39

സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ — 41

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ — 42
റ്റി. മനോഹരൻ നായർ

വിജ്ഞാനപഥം — 45

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ — 46






# വിഴിഞ്ഞം: ഇന്ത്യൻ വികസന ചക്രവാളത്തിലെ ശുക്രനക്ഷത്രം

**എ. എൻ. ഷംസീർ**
സ്പീക്കർ

ഓരോ മലയാളിക്കും അഭിമാനിക്കാവുന്ന ചരിത്ര മുഹൂർത്തത്തിനാണ് 2025 മേയ് 2 വെള്ളിയാഴ്ച കേരളം സാക്ഷിയായത്. ഇന്ത്യൻ വികസന ചക്രവാളത്തിലെ ശുക്രനക്ഷത്രമെന്ന പോലെ വിഴിഞ്ഞം തുറമുഖം മിഴി തുറന്നു. രാജ്യത്തെ ആദ്യത്തെ ആഴക്കടൽ ട്രാൻസ്ഷിപ്മെന്റ് തുറമുഖമാണ് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷത യിൽ ചേർന്ന ചടങ്ങിൽ പ്രധാന മന്ത്രി നരേന്ദ്ര മോദി നാടിന് സമർപ്പിച്ചത്. ഇതൊരു പുതിയ തുറമുഖത്തിന്റെ ആരംഭമെന്നുള്ള തിലുപരി കേരളത്തിന്റെയും ഇന്ത്യയുടെയും വ്യാപാരത്തിനും

ലോജിസ്റ്റിക്സിനും ആഗോള തലത്തിൽ നിർണ്ണായക സ്ഥാനം നൽകുന്ന പുതിയ വഴിത്തിരിവിന്റെ മുഹൂർത്തവും കൂടിയാണ്. ഉപഭൂഖണ്ഡത്തിന്റെ തെക്കേ അറ്റത്ത് നിന്ന് സാമ്പത്തിക മുന്നേറ്റത്തിന്റെ കുതിപ്പിനായി തയ്യാറെടുക്കുന്ന ഒരു വൻകിട പദ്ധതി യാഥാർഥ്യമാക്കിയതിന് പിന്നിൽ  കേരള സർക്കാരിന്റെ ദീർഘവീക്ഷണവും ഇച്ഛാശക്തിയുമുണ്ടെന്നത് ഒരു വസ്തുതയാണ്.

വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞത് ഇങ്ങനെയാണ്: ''കേരളം ആഗോള സമുദ്രമേഖലയുടെ കേന്ദ്രമായി മാറുകയാണ്. ആയിരക്കണക്കിന് തൊഴിൽ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ഇതിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി കൈകോർത്ത് പ്രവർത്തിക്കും. കേരള ജനതയുടെ കഴിവുകൾ രാജ്യത്തെ തുറമുഖ മേഖലയെ മുന്നോട്ടു നയിക്കും.'' കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന മനോഭാവം നിയമസഭയിലടക്കം നിരവധി തവണ പരാമർശിക്കപ്പെട്ടതും ഐകകണ്ഠ്യേന പ്രമേയം പാസാക്കിയതുമൊക്കെയാണ്. അത്തരമൊരു സാഹചര്യത്തിൽ കേന്ദ്ര സർക്കാരിനെ നയിക്കുന്ന പ്രധാനമന്ത്രിയുടെ വാക്കുകൾ ഏറെ അർഥസമ്പുഷ്ടമാണെന്ന് കാണേണ്ടതുണ്ട്.

ഇത്തരത്തിലൊരു വികസന കുതിപ്പ് സൃഷ്ടിക്കാൻ സംസ്ഥാന സർക്കാരിന് മുന്നിൽ ഒരുപാട് തടസ്സങ്ങളുണ്ടായിരുന്നു എന്നാണ് മനസ്സിലാക്കുന്നത്. ലക്ഷ്യപ്രാപ്തിക്കായി കഠിനാധ്വാനം ചെയ്താൽ ഏത് കാര്യവും നടപ്പിലാക്കാനാവുമെന്ന് സംസ്ഥാന സർക്കാർ തെളിയിച്ചു. കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ എല്ലാ മലയാളികളും ഇക്കാര്യത്തിൽ സർക്കാരിനെ അഭിനന്ദിക്കുകയാണ്.

ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന 1996 ലെ സർക്കാരാണ് വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ പഠിക്കാൻ ഒരു സമിതിയെ ആദ്യമായി നിയോഗിച്ചത്. വിഴിഞ്ഞം പദ്ധതിയുടെ തുടക്കം അതാണെന്ന് മനസ്സിലാക്കാനാവും. 2001 ൽ എ.കെ. ആന്റണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ടെണ്ടറിലേക്ക് കടന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ലെന്ന് പറഞ്ഞാണ് കേന്ദ്ര സർക്കാർ അന്ന് സുരക്ഷാ അനുമതി നിഷേധിച്ചത്. വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായ 2006 ലെ സർക്കാർ വിഴിഞ്ഞം തുറമുഖത്തിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിനെ സമീപിച്ചു. എങ്കിലും അനുമതി ലഭിച്ചില്ല. 2011 ൽ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന സർക്കാരിന്റെ കാലത്ത് നിയമസഭയിൽ വിഴിഞ്ഞത്തിന് വേണ്ടി ഉയർന്ന ശബ്ദങ്ങളിൽ ഉയർന്നുനിന്നത് കോടിയേരി ബാലകൃഷ്ണന്റേതായിരുന്നു. ആ സമയം തിരുവനന്തപുരം ജില്ലയിലും വിഴിഞ്ഞത്തിനായി നിരവധി സമരങ്ങൾ നടന്നു. തുടർന്ന് 2015 ആഗസ്റ്റ് 17 ന് അദാനി പോർട്സുമായി അന്നത്തെ സർക്കാർ കരാറിലേർപ്പെട്ടു. തുടർനടപടികളിലേക്ക് പോകുംമുമ്പ്



പിണറായി വിജയന്റെ നേതൃത്വ ത്തിൽ പുതിയ സർക്കാർ അധി കാരത്തിൽ വന്നു. അപ്പോഴാണ് കരാറിൽ കൂടുതൽ വ്യക്തത വരുത്തിയത്.

വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിൽ മൊത്തം ചെലവ് 8867 കോടി രൂപയാണ്. അതിൽ 5595 കോടി രൂപ (63 ശത മാനം) സംസ്ഥാന സർക്കാരാണ് ചെലവഴിച്ചത്. അദാനി കമ്പനി 2454 കോടി രൂപ (28 ശതമാനം) യും ചെലവാക്കി. വി ജി എഫ് (വയബിലിറ്റി ഗ്യാപ് ഫണ്ട്) 817.80 കോടിയാണ് (ഒമ്പത് ശതമാനം). ഈ തുക ഗ്രാന്റായി അനുവദി ക്കണമെന്ന് കേരളം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടും അത് നൽകിയില്ല എന്നത് ഖേദകരമാണ്. രാജ്യത്ത് ഇതുവരെ അനുവദിക്കപ്പെട്ടിട്ടുള്ളത് 71 വി ജി എഫുകളാണ്. അതിൽ ഗ്രാന്റല്ലാത്തത് കേരളത്തിലെ വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് മാത്രമാണ്. ബാക്കി 70 വി ജി എഫുകളും ഗ്രാന്റാണ്. കേരളത്തിന് നൽകിയ വി ജി എഫ് തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് പറഞ്ഞാണ് കേന്ദ്രം വായ്പ അനു വദിച്ചത്. വിഴിഞ്ഞത്ത് പുലിമുട്ട് നിർമ്മിക്കാനുള്ള 1350 കോടി രൂപ പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ടാണ്. അവിടെ റെയിൽ പാതയ്ക്കായി വേണ്ടി വരുന്ന 1482.92 കോടി രൂപയും സംസ്ഥാനം ചെലവഴിക്കണം. ഇത്തരം യാഥാർഥ്യങ്ങൾ പറ യാതെ പോകാൻ പറ്റില്ലല്ലോ.

വിഴിഞ്ഞത്ത് നിർമ്മിച്ചിട്ടു ള്ളത് രാജ്യത്തെ ഏറ്റവും ആഴത്തിലുള്ള പുലിമുട്ടാണ്. മൂന്ന് കിലോമീറ്ററോളം നീളത്തിൽ ആദ്യഘട്ടത്തിൽ തന്നെ ഇത് നിർമ്മിക്കാനായി എന്നത് വലിയ നേട്ടമാണ്. 28 മീറ്റർ ഉയരത്തിലുള്ള ഈ നിർമ്മിതി യിലൂടെ ഏത് കാലാവസ്ഥയിലും നമ്മുടെ തുറമുഖത്തിന് സുഗമ മായി പ്രവർത്തിക്കാനാവും. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ വേഗതയോടും സുരക്ഷിതമായും നടത്താനാവു മെന്നാണ് വിദഗ്ധർ പറയുന്നത്. പൂർണ്ണമായും ഓട്ടോമേറ്റഡ് യാർഡ് ക്രെയിനുകളും റിമോട്ട് ഓപ്പറേറ്റഡ് ഷിപ്പ് ടു ഷോർ ക്രെയിനുകളും ഐ.ഐ.ടി മദ്രാസുമായി സഹകരിച്ച് വികസിപ്പിച്ച, രാജ്യത്തെ പ്രഥമ തദ്ദേശീയ എ.ഐ അധിഷ്ഠിത വെസ്സൽ ട്രാഫിക് മാനേജ്മെൻറ് സിസ്റ്റവുമാണ് ഇതൊക്കെ ഉറപ്പാ ക്കുന്നത്.

ഇന്ത്യയിൽ ഇതുവരെ എത്തിയ കപ്പലുകളിൽ ഏറ്റവും വലുതെന്ന് വിശേഷിപ്പിക്കാവുന്ന എം എസ് സി തുർക്കി വിഴി ഞ്ഞത്ത് സുഗമമായി ബെർത്ത് ചെയ്യുകയുണ്ടായി. 2025 ഫെബ്രു വരി, മാർച്ച് മാസങ്ങളിൽ ഇന്ത്യ യിലെ ദക്ഷിണ, പശ്ചിമ തീരത്തെ തുറമുഖങ്ങളിൽ കണ്ടെയ്നർ ചരക്കുനീക്കങ്ങളിൽ വിഴിഞ്ഞ മാണ് ഒന്നാം സ്ഥാനത്ത്. പ്രതി മാസം ഒരു ലക്ഷം ടി. ഇ. യു കൈകാര്യം ചെയ്യുക എന്ന നേട്ടവും വിഴിഞ്ഞം സ്വന്തമാക്കി. ലോകത്തിലെ ഏറ്റവും വലിയ ഷിപ്പിംഗ് കമ്പനിയായ എം എസ് സി യുടെ ജേഡ് സർവീസിലേക്ക് വിഴിഞ്ഞം തുറമുഖത്തെ ഉൾപ്പെ ടുത്തിയതോടെ ഈ സർവീസിലെ ദക്ഷിണ ഏഷ്യയിലെ പ്രധാന കേന്ദ്രമായി വിഴിഞ്ഞം മാറുക യാണ്. ലോകത്തെ പ്രധാന തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ഈ ചരക്ക് സർവീസിൽ, വലിയ കപ്പലുകൾക്ക് ബെർത്ത് ചെയ്യാൻ കഴിയുന്നതും ഉയർന്നതോതിൽ കണ്ടെയ്നറുകൾ കൈമാറ്റം ചെയ്യാൻ കഴിയുന്നതുമായ തുറ മുഖങ്ങളെ മാത്രമാണ് എം എസ് സി ഉൾപ്പെടുത്തിയിട്ടുള്ളത്. വിഴിഞ്ഞത്തെ ആ പട്ടികയിലേക്ക് ട്രയൽ റൺ ഘട്ടത്തിൽ തന്നെ ഉൾപ്പെടുത്തിയെന്നത് വലിയ നേട്ടമാണ്. ഇതോടെ സിംഗപ്പൂർ, ചൈനയിലെ ക്വിങ്ദാവോ, നിങ്ബോഷൗഷാൻ, ഷാങ്ഹായ്, യാൻറിയൻ, ദക്ഷിണകൊറിയ യിലെ ബുസാൻ എന്നീ വൻകിട തുറമുഖങ്ങളുടെ കൂട്ടത്തിലേ ക്കാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എത്തിച്ചേരുന്നത്.

പിണറായി വിജയൻ സർക്കാർ ഒപ്പുവച്ച സപ്ലിമെന്ററി കരാർ പ്രകാരം 2034 മുതൽ സർക്കാരിന് വരുമാനം ലഭിച്ചു തുടങ്ങും. മാത്രമല്ല, മൂലകരാർ പ്രകാരം വിഴിഞ്ഞം തുറമുഖ ത്തിന്റെ അന്തിമഘട്ടം പൂർത്തി യാക്കേണ്ടത് 2045 ൽ ആയിരുന്നു. എന്നാൽ, ഇപ്പോൾ ഒപ്പുവച്ച സപ്ലി മെന്ററി കരാർ പ്രകാരം 2028 ൽ തന്നെ എല്ലാവിധമായ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാകും. സംസ്ഥാന സർക്കാരും അദാനി കമ്പനിയും തമ്മിലുള്ള ആർബി ട്രേഷൻ നടപടികൾ ഒഴിവാക്കി പുതിയ കരാറിലേക്ക് എത്തിയ തോടെയാണ് 2045 ൽ മാത്രം തീരേണ്ട പദ്ധതി 17 വർഷങ്ങൾക്ക് മുൻപ് 2028 ൽ തന്നെ തീരുന്ന നിലയുണ്ടാവുന്നത്. കേരളത്തിന് ഇതൊക്കെ നേട്ടമായി മാറുമെന്ന തിൽ സംശയം വേണ്ട.

വിഴിഞ്ഞം പദ്ധതി നടപ്പാ ക്കുന്നതിനിടെ പ്രകൃതിക്ഷോഭ ങ്ങളുണ്ടായി. നിർമ്മാണ വസ്തു ക്കളുടെ കുറവുമൂലം 3000 മീറ്റർ പുലിമുട്ടിന്റെ നിർമ്മാണ പുരോ ഗതിക്ക് പ്രതീക്ഷിത വേഗം വന്നില്ല. 2017 ഡിസംബറിൽ ഓഖി ചുഴലിക്കാറ്റിൽ വലിയ നാശ നഷ്ടം നേരിട്ടു. 2018 ലെ പ്രളയം, അസാധാരണമായ ഉയർന്ന തിരമാല, 2019 ലെ വെള്ളപ്പൊക്കം, തുടർന്നുവന്ന ചുഴലിക്കാറ്റുകൾ, പ്രാദേശിക പ്രക്ഷോഭം, കോവിഡ് പ്രതിസന്ധി തുടങ്ങിയവയൊക്കെ മറികടന്നാണ് വിഴിഞ്ഞം പദ്ധതി യുടെ ഒന്നാംഘട്ടം പൂർത്തിയാ ക്കിയത്. തുടർന്നുള്ള ഘട്ടങ്ങളും പെട്ടെന്ന് തന്നെ പൂർത്തിയാക്കേ ണ്ടത് നാമോരോരുത്തരുടേയും ആവശ്യമാണ്. വരുംതലമുറയ്ക്ക് മുന്നിൽ നമുക്ക് തലയുയർത്തി നിൽക്കാനുള്ള വികസന മുന്നേറ്റ മാണ് വിഴിഞ്ഞം. അത് മലയാളി കൾക്കാകെയുള്ളതാണ്. ലോക ത്തിന് കേരളത്തെ കൂടുതലായി മനസ്സിലാക്കാൻ ഈ തുറമുഖം വഴിവയ്ക്കും. നമ്മുടെ മുന്നിലുള്ള അനന്ത സാധ്യതകൾ സങ്കുചിത രാഷ്ട്രീയ താൽപര്യം മുൻനിർത്തി ഇല്ലാതാക്കരുത്. കേരളം വളരട്ടെ. ഒപ്പം കേരളീയരും.

# വികസന ചരിത്രത്തിലെ നാഴികക്കല്ല് : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

കേരളത്തിന്റെ സ്വപ്ന സാഫല്യമായ വിഴിഞ്ഞം തുറമുഖം പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചിരിക്കുകയാണ്. തീർച്ചയായും കേരളത്തിന്റെ സ്വപ്നസാഫല്യമാണിത്. നാടിന്റെ അഭിമാനമുഹൂർത്തമാണിത്. ഇത് കേവലം ഒരു തുറമുഖ കവാടം തുറക്കലല്ല. മൂന്നാം മിലേനിയത്തിലെ വികസന സാധ്യതകളിലേക്കുള്ള രാജ്യത്തിന്റെ മഹാകവാടം തുറക്കലാണ്. ഇന്ത്യയെ സാർവ്വദേശീയ മാരിടൈം വ്യാപാര ലോജിസ്റ്റിക്സ് ഭൂപട ശൃംഖലയിൽ കണ്ണിചേർക്കുന്ന മഹാസംരംഭം. ചരിത്രത്തിന്റെ വിസ്മൃതിയിൽ നിന്ന് വിഴിഞ്ഞത്തെ വീണ്ടെടുത്ത് നവീകരിച്ച് വികസിപ്പിച്ച് സാർവ്വദേശീയ തുറമുഖമാക്കി മാറ്റിയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഇച്ഛാശക്തിയാണ്; നിശ്ചയദാർഢ്യമാണ്.

ഇന്ത്യയ്ക്ക് ലോകത്തിലേക്കും ലോകത്തിന് ഇന്ത്യയിലേക്കും തുറന്നുകിട്ടുന്ന പുതിയ ഒരു പ്രവേശന കവാടമായിരിക്കും ഈ തുറമുഖം. ഇതോടെ സമുദ്രമാർഗേണയുള്ള വ്യാപാരത്തിന്റെയും ലോജിസ്റ്റിക്സിന്റെയും ഹബ്ബായി കേരളവും അതിലൂടെ ഇന്ത്യയും മാറുകയാണ്. ആഗോള ചരക്ക് ഗതാഗതത്തിൽ അതിപ്രാധാന്യമുള്ള സാന്നിധ്യമായി നമ്മുടെ രാജ്യം മാറുകയാണ്.

നാല് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ വിഭാവനം ചെയ്ത ഈ പദ്ധതിയുടെ കൊമേഴ്സ്യൽ ഓപ്പറേഷൻ 2024 ൽ തന്നെ ആരംഭിച്ചു. 2045 ൽ



പൂർത്തീകരിക്കേണ്ട തുടർഘട്ടങ്ങൾ 17 വർഷം മുമ്പായി തന്നെ 2028 ൽ പൂർത്തീകരിക്കാനാവും. ഒന്നാം ഘട്ടം അതിവേഗം പൂർത്തിയാക്കി കമ്മീഷനിലെത്തിക്കാൻ കഴിഞ്ഞു. ഇത് ചാരിതാർഥ്യം നൽകുന്ന കാര്യമാണ്. പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണസംസ്കാരം. അതിന്റെ മറ്റൊരു ദൃഷ്ടാന്തമാവുകയാണ് വിഴിഞ്ഞം തുറമുഖം.

കടുത്ത സാമ്പത്തിക പ്രയാസങ്ങൾ സംസ്ഥാനം നേരിടുന്ന ഘട്ടത്തിൽ തന്നെയാണ് കേരളം വലിയ തുക ഇതിനുവേണ്ടി കണ്ടെത്തിയത്. പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും ഒക്കെ സൃഷ്ടിച്ച പ്രയാസങ്ങളെ നിശ്ചയദാർഢ്യത്തോടെ അതിജീവിച്ചുകൊണ്ടാണ് കരാറിലെ ലക്ഷ്യസമയത്തിന് വളരെ മുമ്പുതന്നെ ഈ പദ്ധതി പൂർത്തിയാക്കുന്നത്. ആകെ ചെലവായ 8,867 കോടി രൂപയിൽ 5,595 കോടി രൂപയും സംസ്ഥാന സർക്കാരാണ് മുടക്കുന്നത്. 2,454 കോടി രൂപ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡാണ് മുടക്കുന്നത്. കേന്ദ്ര വിഹിതമായി ലഭിക്കേണ്ട 818 കോടി രൂപ, വി ജി എഫ് വായ്പാ രൂപത്തിലാണ് കേന്ദ്രം ലഭ്യമാക്കുന്നത്.

രാജ്യത്തെ തന്നെ ആദ്യ സെമി ഓട്ടോമേറ്റഡ് തുറമുഖമാണ് വിഴിഞ്ഞത്ത് യാഥാർഥ്യമാക്കിയിരിക്കുന്നത്. തുറമുഖത്തെ അത്യാധുനിക സംവിധാനങ്ങൾ ഓട്ടോമാറ്റിക് ആയി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നുവെന്നത് ചരക്കുനീക്കത്തെ ത്വരിതപ്പെടുത്തും. ഐ.ഐ.ടി. മദ്രാസും മാരിടൈം ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡും ചേർന്ന് വികസിപ്പിച്ച റഡാർ, സെൻസർ എന്നിവ ഉപയോഗിച്ചുള്ള വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റമാണ് (വി.ടി.എം.എസ്.) കപ്പലുകളുടെ ചലനങ്ങൾ കൃത്യമായി നിയന്ത്രിക്കുന്നത്. ചരക്കുനീക്കത്തെ വേഗത്തിലാക്കാൻ ഈ പുതുമകൾ സഹായിക്കുന്നുണ്ട്.

ഇന്ത്യയ്ക്ക് സ്വന്തമായി ഒരു ഡീപ് വാട്ടർ ട്രാൻസ്ഷിപ്മെന്റ് തുറമുഖം ഇല്ല. രാജ്യത്തെ ട്രാൻസ്ഷിപ്മെന്റ് ചരക്കിന്റെ വലിയ ശതമാനവും സിംഗപ്പൂർ, കൊളംബോ, ദുബായ് തുടങ്ങിയ വിദേശ തുറമുഖങ്ങൾ വഴിയാണ് നിലവിൽ കൈകാര്യം ചെയ്യപ്പെടുന്നത്. ഇതുവഴി ഇന്ത്യയ്ക്ക് പ്രതിവർഷം 200 മുതൽ 220 മില്യൺ ഡോളർ വരെ വരുമാന നഷ്ടമുണ്ടാകുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വ്യാപാര രംഗത്തെ ഈ വിഷമാവസ്ഥയ്ക്ക് വിഴിഞ്ഞം തുറമുഖം അന്ത്യം കുറിക്കും. ആ നിലയ്ക്ക് രാജ്യത്തിന്റെ പൊതു സാമ്പത്തിക സ്ഥിതിക്ക് കൂടി വലിയ സംഭാവന നൽകാൻ കേരളത്തിന് കഴിയുന്നു എന്നത് ചെറിയ കാര്യമല്ല.

അന്താരാഷ്ട്ര കപ്പൽപ്പാതയോട് അസാധാരണമാംവിധം ഏറെ അടുത്തതും 20 മീറ്ററിന്റെ സ്വാഭാവിക ആഴമുള്ളതും റെയിൽ-റോഡ്-എയർ കണക്ടിവിറ്റി ഉള്ളതുമായ വിഴിഞ്ഞം ഇന്ത്യയുടെ പൊതുവായ വികസന ചരിത്രത്തിലെ നാഴികക്കല്ലാവുക തന്നെ ചെയ്യും. ഈ തുറമുഖം ഇന്ത്യയുടെ യശസ്സ് വിശ്വചക്രവാളങ്ങളോളം ഉയർത്തും. ലോകത്തിലെ തന്നെ സുപ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബുകളിലൊന്നാവുന്ന ഇത് കേരളത്തിന്റെ, പ്രത്യേകിച്ച് തലസ്ഥാന നഗരത്തിന്റെ വികസനത്തിന് ആക്കം കൂട്ടും.

എട്ടാം നൂറ്റാണ്ട് മുതലെങ്കിലും വിഴിഞ്ഞത്ത് നിന്ന് സമുദ്രതല വ്യാപാരമുണ്ടായിരുന്നു എന്നാണ് ചരിത്രം വ്യക്തമാക്കുന്നത്. സംഘകാല സാഹിത്യ കൃതികളിൽ ഇതേക്കുറിച്ച് പരാമർശമുണ്ട്. ഇടക്കാലത്ത് വിസ്മരിക്കപ്പെട്ടുപോയ ആ തുറമുഖത്തെയാണ് നാം വീണ്ടെടുത്ത് അന്താരാഷ്ട്ര പ്രാധാന്യമുള്ള ഉയർന്ന തലത്തിലേക്കെത്തിക്കുന്നത്. വളരെപ്പണ്ടേ അറബ്, ചൈനീസ്, യൂറോപ്യൻ വ്യാപാരികളെ ആകർഷിച്ച ഈ തുറമുഖം ഇനി ലോകത്തിന് ഇന്ത്യയിലേക്കുള്ള വാണിജ്യ കവാടമായി മാറും.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്ന സങ്കല്പം രൂപപ്പെടുന്നത് 1996 ലാണ്. അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ് ഇതു പ്രായോഗികമാക്കാനുള്ള ശാസ്ത്രീയ പഠനത്തിന് ഒരു സമിതിയെ നിയോഗിച്ചത്. എന്നാൽ, പിന്നീട് പല കാരണങ്ങളാലും പദ്ധതി അനിശ്ചിതത്വത്തിലായി. 2006 ൽ മാത്രമാണ് പിന്നീട് പദ്ധതിക്ക് പുനർജീവനമുണ്ടായത്. 2009 ൽ പദ്ധതി പഠനത്തിനായി ഇന്റർനാഷണൽ ഫിനാൻസ് കോർപറേഷൻ നിയോഗിക്കപ്പെട്ടു. 2010 ൽ ടെൻഡർ നടപടിയിലേക്ക് കടന്നെങ്കിലും കേന്ദ്ര അനുമതി

നിഷേധിക്കപ്പെട്ടു. തുടർന്നുള്ള ഘട്ടം പദ്ധതി പ്രായോഗികമാക്കാനുള്ള പ്രക്ഷോഭങ്ങളുടേതായിരുന്നു. മനുഷ്യച്ചങ്ങല മുതൽ 212 ദിവസം നീണ്ട ജനകീയസമരം വരെ എത്രയോ ജനമുന്നേറ്റങ്ങൾ!

ഇതിന്റെയൊക്കെ ഫലമായി 2015 ൽ ഒരു കരാറുണ്ടായി. പിന്നീട് 2016 ൽ വന്ന എൽ.ഡി എഫ് സർക്കാർ കേവലം തറക്കല്ല് മാത്രമായി നിന്നിരുന്ന പദ്ധതിയെ പുനരുജ്ജീവിപ്പിച്ചു. ആ പദ്ധതിയാണ് ജാഗ്രത്തായ തുടർനടപടികളിലൂടെ 2024 ജൂലൈയിൽ ട്രയൽ റണ്ണിലേക്കും ഡിസംബറിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിലേക്കും തുടർന്ന് മദർഷിപ്പുകൾ ഉൾപ്പെടെ 265 കപ്പലുകൾ എത്തിച്ചേരുന്ന സ്ഥിതിയിലേക്കും ഇപ്പോൾ കമ്മീഷനിങ്ങിലേക്കും എത്തിയത്.

ഇന്ത്യൻ ചരക്കുകളുടെ ട്രാൻസ്ഷിപ്മെന്റിനായി വിദേശ തുറമുഖങ്ങളെ ആശ്രയിക്കാതെ വിഴിഞ്ഞം തുറമുഖത്തെ ഉപയോഗപ്പെടുത്തുന്നത് നമ്മുടെ രാജ്യത്തിന്റെ വ്യാപാരരംഗത്ത് വലിയ ഉത്തേജനമുണ്ടാക്കും. മറ്റ് പല തുറമുഖങ്ങളെയും അപേക്ഷിച്ച് അറ്റകുറ്റപ്പണി ചെലവ് കുറവായതിനാലും 20,000 ടി ഇ യു വരെ ശേഷിയുള്ള കപ്പലുകൾക്ക് ചരക്കിറക്കാനുള്ള ശേഷിയുള്ളതിനാലും വിഴിഞ്ഞം തുറമുഖം അന്താരാഷ്ട്ര ചരക്കുനീക്കങ്ങളുടെ കേന്ദ്രമായി മാറുമെന്നുറപ്പാണ്.

തിരുവനന്തപുരം നഗരത്തിന് ചുറ്റും നിർമ്മാണത്തിലുള്ള ഔട്ടർ റിംഗ് റോഡുമായും കാര്യക്ഷമമായി ബന്ധിപ്പിക്കുന്നതിലൂടെ ചരക്ക് ഗതാഗതം സുഗമമാവും. വിഴിഞ്ഞം തുറമുഖത്തെയും 10 കിലോമീറ്റർ അപ്പുറമുള്ള ബാലരാമപുരം റെയിൽവേ സ്റ്റേഷനെയും ബന്ധിപ്പിക്കുന്ന 10.7 കിലോമീറ്റർ നീളമുള്ള ബ്രോഡ് ഗേജ് റെയിൽവേ ലൈൻ നിർമ്മാണത്തിലാണ്. അതിലുൾപ്പെട്ട 9 കിലോമീറ്റർ നീളമുള്ള തുരങ്കം രാജ്യത്തെ നീളമേറിയ രണ്ടാമത്തെ തുരങ്കപാതയാവും. ഈ റെയിൽപാത നിലവിൽ വരുന്നതോടെ വിഴിഞ്ഞം തുറമുഖം വഴിയുള്ള ചരക്കുഗതാഗതം എളുപ്പമാവും. ഇത് നാടിന്റെ സമഗ്രവികസനത്തിനുള്ള ചാലകശക്തി കൂടിയാവും.

ഇങ്ങനെയൊരു തുറമുഖം നിലവിൽ വരുന്നതുമായി ബന്ധപ്പെട്ട് ഒരുപാട് ആശങ്കകൾ പ്രദേശവാസികൾക്ക് ഉണ്ടായിരുന്നു. മത്സ്യത്തൊഴിലാളികളുടേയും സ്ഥലം വിട്ടുകൊടുക്കേണ്ടി വന്നവരുടേയുമെല്ലാം ആവലാതികൾ കേട്ട് മനസ്സിലാക്കി സമഗ്രമായ പുനരധിവാസ നടപടികൾ ആവിഷ്കരിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചു. ജീവനോപാധി നഷ്ടപരിഹാരം, സാമൂഹ്യ ക്ഷേമ പദ്ധതികൾ, സാമൂഹ്യ പ്രതിബദ്ധതാ പദ്ധതികൾ തുടങ്ങി വൈവിധ്യമാർന്ന നടപടികളിലൂടെയാണ് പുനരധിവാസം ഉറപ്പാക്കാനായത്. ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ നാളിതുവരെ 107.28 കോടി രൂപയാണ് സംസ്ഥാന സർക്കാർ വിതരണം ചെയ്തത്. ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി പുതിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മത്സ്യബന്ധന തുറമുഖ നിർമ്മാണം, കുടിവെള്ള വിതരണം, നൈപുണ്യ പരിശീലന കേന്ദ്രം, സീഫുഡ് പാർക്ക്, ആശുപത്രി, വിദ്യാഭ്യാസ, കായിക മേഖലകൾക്കായുള്ള ഇടപെടലുകൾ, ഭവനപദ്ധതി തുടങ്ങി സമഗ്രമായ ഇടപെടലുകൾ നടത്താൻ സർക്കാരിന് സാധിച്ചു.

സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വികസനക്കുതിപ്പിന് ചാലകശക്തിയാകുന്ന വിഴിഞ്ഞം തുറമുഖം സമീപവാസികളുടെ ജീവിത നിലവാരം ഉയർത്തുന്നതിലും വലിയ പങ്കുവഹിക്കും. ഇതുവഴി ധാരാളം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും ഇനി സൃഷ്ടിക്കപ്പെടാൻ പോകുന്നതും. വിഴിഞ്ഞം തുറമുഖത്തിലും അതിന്റെ ഓപ്പറേഷൻ പങ്കാളികളിലും കരാർ കമ്പനികളിലുമായി ആകെ 755 പേർ തൊഴിൽ നേടിയിട്ടുണ്ട്. ആ തൊഴിലാളികളിൽ ഏകദേശം 67 ശതമാനം കേരളത്തിൽ നിന്നുള്ളവരാണ്. അതിൽ തന്നെ 57 ശതമാനം തിരുവനന്തപുരത്ത് നിന്നുള്ളവരും 35 ശതമാനം വിഴിഞ്ഞം സ്വദേശികളുമാണ്.

തുറമുഖത്തിലെ ഓട്ടോമേറ്റഡ് സി ആർ എം ജി ക്രെയിനുകൾ ഓപ്പറേറ്റ് ചെയ്യാൻ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വനിതകളെ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ഇത്തരം യന്ത്രങ്ങൾ സ്ത്രീകൾ ഓപ്പറേറ്റ് ചെയ്യുന്നത് വിഴിഞ്ഞത്തായിരിക്കും. നമുക്കേറെ അഭിമാനിക്കാവുന്ന ഒരു നേട്ടമാണിത്. കേരള സർക്കാരിന്റെ ക്ഷേമ നടപടികളുടെ ഭാഗമായി തുറമുഖ മേഖലയിലുണ്ടായ സ്ത്രീശാക്തീകരണത്തിന്റെ ദൃഷ്ടാന്തം കൂടിയാണ് ഈ നേട്ടം. ക്രെയിൻ ഓപ്പറേറ്റർമാരായ വനിതകളിൽ 9 പേരും വിഴിഞ്ഞം സ്വദേശികളാണെന്നതും നേട്ടത്തിന്റെ മാറ്റുകൂട്ടുന്നു.

വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാവരിലേക്കും എത്തിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ നയമാണ് ഇതിലൂടെയെല്ലാം ദൃശ്യമാകുന്നത്. ഇങ്ങനെ പ്രാദേശികതലത്തിൽ നിന്ന് തുടങ്ങി കേരളത്തിന്റെയും അതുവഴി ഈ രാജ്യത്തിന്റെയും ബഹുമുഖമായ മുന്നേറ്റത്തിന്റെ ഊർജ്ജസ്രോതസ്സായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാറുകയാണ്. ലോക വാണിജ്യ ഭൂപടത്തിൽ നമ്മുടെ നാടിനെ അടയാളപ്പെടുത്തുന്ന വലിയ ചുവടുവയ്പാണിത്. മാരിടൈം വിനിമയങ്ങളുടെയും ലോജിസ്റ്റിക്സിന്റെയും ഹബ്ബായുള്ള കേരളത്തിന്റെ വളർച്ച ഇവിടെ ആരംഭിക്കുകയാണ്. അന്താരാഷ്ട്ര ചരക്കുനീക്കങ്ങളുടെ സിരാകേന്ദ്രമായുള്ള ഇന്ത്യയുടെ കുതിപ്പിനും തുടക്കമായിരിക്കുകയാണ്.





**വി.ഡി. സതീശൻ**
പ്രതിപക്ഷ നേതാവ്

# അംബേദ്കർ ചിന്തകളും ഇന്ത്യൻ ഭരണഘടനയും

ഡോ.ബി.ആർ. അംബേദ്കർ (14.04.1891 – 06.12.1956) ആധുനിക ഇന്ത്യയുടെ രൂപീകരണത്തിൽ വളരെ നിർണ്ണായകമായ പങ്ക് വഹിച്ച ബഹുമുഖ വ്യക്തിത്വമാണ്. ഇന്ത്യൻ ഭരണഘടനാ രൂപീകരണ കമ്മിറ്റിയുടെ ചെയർമാൻ, ആദ്യത്തെ നിയമനീതിന്യായ വകുപ്പ് മന്ത്രി, സാമൂഹ്യ നീതിക്കും തുല്യതയ്ക്കും വേണ്ടി പ്രവർത്തിച്ച മനുഷ്യസ്നേഹി, ഇന്ത്യയിലെ ദളിത് വിഭാഗങ്ങളുടെ മുന്നേറ്റത്തിന് ക്രിയാത്മകമായ നേതൃത്വം നൽകിയ നായകൻ, ഗ്രന്ഥകാരൻ, സർവ്വോപരി സാമൂഹ്യ-സാമ്പത്തിക- രാഷ്ട്രീയ രംഗങ്ങളിൽ നിറഞ്ഞു നിന്ന മഹാനായ ഭാരതപുത്രൻ എന്നിങ്ങനെ അദ്ദേഹത്തിന് വിശേഷണങ്ങൾ പലതാണ്. ലോകത്തെ ഏറ്റവും ബൃഹത്തായ ലിഖിത ഭരണഘടനയാണ് ഇന്ത്യൻ ഭരണഘടന. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷമുള്ള രാഷ്ട്രവിഭജനത്തിന്റെ കാലുഷ്യം നിറഞ്ഞുനിൽക്കുന്ന നാളുകളിൽ എല്ലാ സങ്കീർണ്ണതകൾക്കുമപ്പുറത്ത് നിന്നും രാഷ്ട്രത്തിന് കെട്ടുറപ്പുള്ളതും സൂക്ഷ്മവുമായ ഒരു ഭരണഘടന സംഭാവന ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നുള്ളത് തികച്ചും പ്രചോദനകരമാണ്. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത് 1950 ജനുവരി 26 നാണ്. രാഷ്ട്രത്തിന്റെ പരമാധികാരവും ഭരണരീതികളും പൗരന്റെ അവകാശങ്ങളും ചുമതലകളും പ്രതിപാദിക്കുന്ന നിയമസംഹിതയാണ് ഭരണഘടന. ഭരണഘടനയിലെ ആമുഖത്തിൽ പ്രതിപാദിക്കുന്നത് ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്ക് ആണെന്നുള്ളതാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ശിലകളാണ്.

വൈവിധ്യങ്ങളുടേയും വൈരുദ്ധ്യങ്ങളുടേയും അസമത്വങ്ങളുടേയും നാടായിരുന്ന ഏകദേശം 562 നാട്ടുരാജ്യങ്ങളടങ്ങുന്ന ഇന്ത്യയിൽ സമസ്ത വിഭാഗം ജനങ്ങൾക്കും തുല്യ നീതി ലഭ്യമാക്കുന്ന ഒരു ഭരണഘടന രൂപപ്പെടുത്തുവാൻ അംബേദ്കറിന് കഴിഞ്ഞത് നിയമം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രം എന്നീ മേഖലകളിലെ അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യം മൂലമാണ്. വൈവിധ്യങ്ങളുടെ നാടായ ഇന്ത്യയെ ഒന്നായി കാണാനും പുരോഗതിയിലേക്ക് നയിക്കാനുമുള്ള ഏറ്റവും വലിയ രാസത്വരകമാണ് നമ്മുടെ ഭരണഘടന. എല്ലാ ജനവിഭാഗങ്ങളുടെയും പ്രശ്നങ്ങൾ അതിന്റെ സമഗ്രതയിൽ കാണുകയും ആയതിന് പൂർണ്ണമായ പരിഹാരങ്ങൾ നൽകുകയും ചെയ്യുന്നതിനായിരിക്കണം ഭരണഘടനയെന്ന വിശ്വാസം അദ്ദേഹത്തിൽ രൂഢമൂലമായിരുന്നത് തികച്ചും വിജ്ഞാനത്തിലൂടെ ആർജ്ജിച്ച വിശ്വദർശനങ്ങളുടെ സ്വാധീനത്താലാണെന്ന് നിസ്സംശയം പറയാം. ന്യൂനപക്ഷ അവകാശങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങളും തുല്യനിലയിൽ സംരക്ഷിക്കപ്പെടണമെന്നത് ഭരണഘടനയിൽ കൃത്യമായി ഉൾപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചു. എന്നാൽ, നമ്മുടെ ഭരണഘടന ഇന്ന് പലതരം പ്രതിസന്ധികൾ നേരിടുന്ന ഒരു കാലഘട്ടത്തി

ലൂടെയാണ് കടന്നു പോകുന്നത്. അധികാരത്തിലുള്ളവരുടെ സൗക ര്യത്തിനായി വിവിധതരം വ്യാഖ്യാ നങ്ങളാണ് പലപ്പോഴും നടത്ത പ്പെടുന്നത് എന്നത് തികച്ചും അസുഖകരമാണ്.

ഭരണഘടനയിലെ 53ാം അനുച്ഛേദമനുസരിച്ച് കേന്ദ്രഭ രണാധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്. എന്നാൽ അധി കാരം പ്രയോഗിക്കണമെങ്കിൽ ഭരണഘടനയുടെ അനുച്ഛേദം 74 പ്രകാരം കേന്ദ്രമന്ത്രിസഭയുടെ ഉപദേശമനുസരിച്ച് മാത്രമേ കഴി യുകയുള്ളൂ എന്നുള്ളത് ഇവിടെ സ്വേച്ഛാധിപത്യത്തിന് കടന്നുവ രാൻ കഴിയില്ലായെന്നുള്ളതിന്റെ ഉദാഹരണമായി കാണാവുന്ന താണ്. ഭരണഘടനയുടെ അടിസ്ഥാനത്തിൽ പ്രവർത്തി ക്കുന്ന അധികാര സ്ഥാനങ്ങളും സ്ഥാപനങ്ങളുമെല്ലാം തന്നെ ഭരണഘടനാപരമായി പ്രവർത്തി ക്കുന്നുവെന്ന് നിരീക്ഷിക്കുവാൻ സുപ്രീംകോടതിക്ക് ഭരണഘടനാ പരമായ ബാധ്യതയുണ്ട്. ഭരണഘ ടനയുടെ സംരക്ഷക സ്ഥാന ത്താണ് സുപ്രീം കോടതിയെ കാണേണ്ടത്.

ഇന്ത്യൻ ഭരണഘടനയിൽ പൗരന്റെ മൗലികാവകാശങ്ങളെ ക്കുറിച്ചും ഭരണ രീതികളെ പ്പറ്റിയും പ്രതിപാദിക്കുന്നു. കേന്ദ്ര ത്തിനും സംസ്ഥാനങ്ങൾക്കും അധികാരം വിഭജിക്കുന്ന ഫെഡറൽ സമ്പ്രദായമാണുള്ളത്. എല്ലാ പൗരന്മാർക്കും തുല്യത, അഭിപ്രായ സ്വാതന്ത്ര്യവും ചൂഷണത്തിനെതിരെയുള്ള അവകാശങ്ങളും നിയമനിർവ്വ ഹണത്തിനായി സ്വതന്ത്രനീതി ന്യായ വ്യവസ്ഥയുമൊക്കെ ഇവി ടെ നിലനിൽക്കണമെന്ന് ഭരണ ഘടന ഉദ്ഘോഷിക്കുന്നു. കൂടാതെ, രാഷ്ട്രതാൽപര്യത്തിനും പൗരന്റെ ഉന്നമനത്തിനും വേണ്ടി കാലാനുസൃതമായ ഭേദഗതികൾ സമയാസമയങ്ങളിൽ നടത്തുവാൻ ഭരണഘടനാ ശില്പികൾ അനു വാദം നൽകിയിട്ടുണ്ട് എന്നുള്ളത് തികച്ചും പുരോഗമനപരമായ കാഴ്ചപ്പാടുകളുടെ ബഹിർ സ്ഫുരണമാണെന്ന് കാണാൻ കഴിയും.

1956 ജനുവരി 26 ന് 395 ആർട്ടിക്കിളുകളും 22 പാർട്ടുകളും 8 ഷെഡ്യൂളുകളുമാണുണ്ടായിരു ന്നതെങ്കിൽ, ഇപ്പോൾ ഭരണഘട നയിൽ 448 ആർട്ടിക്കിളുകളും 25 പാർട്ടുകളും 12 ഷെഡ്യൂളുകളു മുണ്ട്. ഇത് ഭരണഘടനയുടെ ചലനാത്മകതയേയും ചടുലത യേയും സൂചിപ്പിക്കുന്നു. വളരെ വലിയ ഉൾക്കാഴ്ചയോടും ദീർഘ വീക്ഷണത്തോടുംകൂടി രൂപീകരി ക്കപ്പെട്ട ഇന്ത്യൻ ഭരണഘടനയും അതിന്റെ സംസ്ഥാപനവും നിര വധി പ്രതിസന്ധികളെ നേരിടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കട ന്നുപോകുന്നത്. ഭരണഘടനാ ശില്പികൾ ഒട്ടും ചിന്തിക്കാത്ത തലത്തിലുള്ള ദേശീയ രാഷ്ട്രീയ-സാമൂഹ്യസാഹചര്യങ്ങളിലൂടെ യാണ് നാം കടന്നു പോകുന്നത്. ആഭ്യന്തരവും ബാഹ്യവുമായ നിരവധി വെല്ലുവിളികൾ നിത്യേന ഉണ്ടാകുന്നുണ്ട്.

നൂതന ലോകക്രമത്തിന്റെ സങ്കീർണ്ണതകളും താളഭംഗങ്ങളും നമ്മുടെ ഭരണഘടനയേയും ബാധിക്കുന്നുണ്ട്. ജനാധിപത്യ ത്തിന്റെ നെടുംതൂണുകളായ ഭരണഘടനാ സ്ഥാപനങ്ങൾക്കു ണ്ടാകുന്ന മൂല്യച്യുതി വളരെ യേറെ ആശങ്കാജനകമാണ്. പല പ്പോഴും അധികാരവർഗ്ഗത്തിന്റെ താളത്തിനനുസരിച്ച് നിയമങ്ങൾ വഴിമാറുന്ന സ്ഥിതി തുല്യനീതി യെന്ന ആശയത്തിന്റെ ലംഘന മാണ്. ഏറ്റവും വലിയ മതേതര ജനാധിപത്യ രാജ്യമെന്ന നില യിൽ പരിലസിക്കുന്ന നമ്മുടെ രാഷ്ട്രം ഇപ്പോൾ നിരവധി വെല്ലു വിളികൾ നേരിടുന്നുണ്ട്. മത-പ്രതിലോമശക്തികൾക്ക് ജനാധി പത്യപ്രക്രിയയിൽ നേടാൻ കഴി യുന്ന മേൽക്കൈ പലപ്പോഴും മതപരമായ അസ്വസ്ഥതകൾക്കും വർഗ്ഗീയ സംഘർഷങ്ങൾക്കുമിട യാക്കുന്നുണ്ട്. കേന്ദ്രവിഹിത ത്തിന്റെ വിതരണത്തിലെ അസ മത്വം ഇപ്പോഴും രാജ്യത്തിന്റെ പല ഭാഗത്തും നിലനിൽക്കുന്നു ണ്ടെന്നുള്ളത് യാഥാർഥ്യമാണ്. കേരളത്തെ സംബന്ധിച്ചാണെ ങ്കിൽ നാം നേടിയ സാമൂഹ്യ രംഗത്തെ നേട്ടങ്ങൾ പലപ്പോഴും കേന്ദ്രാവഗണനയ്ക്ക് കാരണമാ കുന്നുണ്ട്. ഭരണകക്ഷികളുടെ മുൻവിധിയോടെയുള്ള സമീപന ങ്ങൾമൂലം യഥാർഥ ജനാധിപത്യ പ്രക്രിയയെ പ്രതിഫലിപ്പിക്കാത്ത അവസ്ഥയ്ക്കും അതുവഴി ജന ഹിതത്തെ അട്ടിമറിക്കുന്നതായ നിരവധി അനുഭവങ്ങൾക്കും നാം സാക്ഷികളാകേണ്ടിവരുന്നുണ്ട്. അതോടൊപ്പം തന്നെ സ്വതന്ത്ര മായ ജുഡീഷ്യറിയും പ്രവർത്തന ങ്ങളും ജനങ്ങളുടെ സാമാന്യയു ക്തിയെപ്പോലും ചോദ്യം ചെയ്യുന്ന സ്ഥിതിയിലേക്ക് എത്തിയത് ജനാ ധിപത്യപ്രക്രിയയുടെ നിഷ്പക്ഷ മായ മുന്നേറ്റത്തിന് തടസ്സമാണ്. കേന്ദ്ര അന്വേഷണ ഏജൻസിക ളുടെ രാഷ്ട്രീയ ദുഷ്ടലാക്കോടെ യുള്ള ഇടപെടലുകൾ സകല വിധ ത്തിലുമുള്ള നിഷ്പക്ഷതയേയും നോക്കുകുത്തിയാക്കിയുള്ളതാണ്.

ഇങ്ങനെ രാജ്യത്തിന്റെ മതേ തര ജനാധിപത്യ നിലനിൽപ്പിന് തടസ്സമാകുന്ന വിവിധ പ്രവർത്ത നങ്ങൾ വലിയ വെല്ലുവിളികളായി തുടരുമ്പോൾ, ഡോ. ബി. ആർ. അംബേദ്കർ നമുക്ക് സമ്മാനിച്ച ഭരണഘടന പ്രദാനം ചെയ്യുന്ന അവകാശാധികാരങ്ങൾ ഇന്ന് പലതരത്തിലുമുള്ള ഭീഷണികൾ നേരിടുന്നുണ്ട്. ഗാന്ധിജിയും അംബേദ്കറും ജവഹർലാൽ നെഹ്റുവും സർദാർ പട്ടേലു മൊക്കെ വിഭാവനം ചെയ്ത രീതിയിൽ ആരോഗ്യകരമായ ജനാധിപത്യപ്രവർത്തനങ്ങളും സ്വതന്ത്രമായ ജുഡീഷ്യറിയും ഒപ്പം നിഷ്പക്ഷമായ ഭരണഘടനാ സ്ഥാപനങ്ങളും സ്വച്ഛമായ ജനാധി പത്യത്തിന്റെ ജീവവായുവാണ്. രാജ്യത്തിന്റെ ഏകതാനമായ നിലനിൽപിന് ഉതകുന്ന തര ത്തിൽ അടിസ്ഥാനമൂല്യങ്ങളായ സ്വാതന്ത്ര്യം, സമത്വം, തുല്യത എന്നിവ ഉയർത്തിപ്പിടിച്ച് ഏറ്റവും വലിയ മതനിരപേക്ഷ രാഷ്ട്ര മായി നമുക്ക് മുന്നേറാം.





**ചിറ്റയം ഗോപകുമാർ**
ഡെപ്യൂട്ടി സ്പീക്കർ

# ധനകാര്യത്തിലെ രാഷ്ട്രീയവും കേരളത്തിന്റെ പ്രതിരോധവും

ലോകമെമ്പാടും ജനാധിപത്യവും സദ്ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുമ്പെന്നത്തേക്കാളും താൽപര്യം വർധിച്ചുവരികയാണ്. നിരവധി രാജ്യങ്ങൾ രാഷ്ട്രീയ, ഭരണ വികേന്ദ്രീകരണം സ്വീകരിച്ചതിന് വിശാലമായ കാരണങ്ങളുണ്ട്. വ്യത്യസ്ത വംശീയ, പ്രാദേശിക ഗ്രൂപ്പുകൾക്ക് അവരുടെ സ്വന്തം കാര്യങ്ങളിൽ നിയന്ത്രിത സ്വയംഭരണവും അധികാരവും നൽകുന്നതിനുള്ള ഒരു മാർഗമായാണ് ചില രാജ്യങ്ങളിൽ ഫെഡറലിസം സ്വീകരിച്ചിട്ടുള്ളത്. വ്യത്യസ്ത വംശീയ, പ്രാദേശിക ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസം, സംസ്കാരം, സാമ്പത്തിക വികസനം എന്നിവയുമായി ബന്ധപ്പെട്ട് പരിമിതമായെങ്കിലും സ്വയംഭരണവും സ്വന്തം പ്രാദേശിക കാര്യങ്ങൾ നിർണ്ണയിക്കാനുള്ള കഴിവും ഉണ്ടെങ്കിൽ, അവർക്ക് കൂടുതൽ സുരക്ഷിതത്വം അനുഭവപ്പെടും എന്നതായിരുന്നു ഇക്കാര്യത്തിലെ കാഴ്ചപ്പാട്. ദേശീയ രാഷ്ട്രത്തിന്റെ അധികാരവും നിയമസാധുതയും അംഗീകരിക്കാൻ അത് അവരെ കൂടുതൽ സന്നദ്ധമാക്കുമെന്നതാണ് വികേന്ദ്രീകരണം സ്വീകരിക്കുന്നതിന് ഒരു കാരണം. ഫെഡറലിസവും വികേന്ദ്രീകരണവും ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയും അതിന്റെ സ്ഥിരത വർധിപ്പിക്കുകയും ചെയ്യുന്നു.

ഫെഡറലിസം അല്ലെങ്കിൽ അധികാര വികേന്ദ്രീകരണം എന്നതിന് രാഷ്ട്രീയ കാരണങ്ങളുണ്ട്. വ്യത്യസ്ത രാഷ്ട്രീയ പാർട്ടികൾക്കിടയിൽ അധികാരം പങ്കിടുന്നതിനുള്ള ഒരു മാർഗം കൂടിയാണ് ഫെഡറലിസം. ജനാധിപത്യം നിലനിൽക്കണമെങ്കിൽ, അത് ഒരു പരമാധികാര ശക്തിയിൽ എല്ലാം കേന്ദ്രീകരിക്കപ്പെടുന്ന സംവിധാനമാകാൻ പാടില്ല. ചില ഭരണ ഉത്തരവാദിത്തങ്ങളും വിഭവങ്ങളും താഴെ തലത്തിലുള്ള അധികാരികളിലേക്ക് വിഭജിക്കപ്പെടുമ്പോൾ, കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിന് പുറത്തുള്ള പാർട്ടികൾക്കും ഗ്രൂപ്പുകൾക്കും താഴ്ന്ന തലത്തിലുള്ള സർക്കാരുകളിൽ അധികാരം വിനിയോഗിക്കാനുള്ള അവസരം ലഭിക്കുന്നു. ഇത് രാഷ്ട്രീയ വ്യവസ്ഥയിലുള്ള അവരുടെ ആത്മവിശ്വാസവും പ്രതിബദ്ധതയും വർധിപ്പിക്കുന്നു. ആനുകാലികവും സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകളിൽ ജനങ്ങൾക്ക് അവരുടെ ദേശീയ നേതാക്കളെ തിരഞ്ഞെടുക്കാൻ കഴിഞ്ഞാൽ മാത്രം

പോരാ. ഒരു നല്ല ജനാധിപത്യത്തിന് ജനങ്ങൾക്ക് സ്വന്തം പ്രാദേശിക നേതാക്കളെയും പ്രതിനിധികളെയും തിരഞ്ഞെടുക്കാൻ കഴിയണം. ഈ തദ്ദേശ സർക്കാരുകൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ യഥാർഥ ശക്തിയും അധികാരവും ഉണ്ടായിരിക്കുകയും വേണം.

ജനാധിപത്യവും സദ്ഭരണവും സുസ്ഥിര വികസനം കൈവരിക്കുന്നതിനുള്ള അടിസ്ഥാന ആവശ്യകതയാണ്. ഒരു ജനാധിപത്യ ഭരണ സംവിധാനത്തിലെ പ്രധാന സ്ഥാപനങ്ങളിലൊന്നായ പാർലമെന്റുകൾക്ക് ജനാധിപത്യത്തെയും സദ്ഭരണത്തെയും പ്രോത്സാഹിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുണ്ട്. രാഷ്ട്രീയ അധികാര വിതരണത്തിന്റെ ഒരു ബഹുതല ഫെഡറേഷൻ സ്ഥാപിക്കുന്നതിനാണ് നമ്മുടെ ഭരണഘടന വ്യവസ്ഥ ചെയ്യുന്നത്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള ഒരു ഏകീകൃത സംവിധാനത്തിൽ നിന്ന് സ്വാതന്ത്ര്യാനന്തരം ഒരു ഫെഡറൽ സംവിധാനത്തിലേക്ക് പരിണമിച്ചതാണ് ഇന്ത്യൻ ഫെഡറലിസം. അതിനു വ്യക്തമായ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. 1773 ലെ റെഗുലേറ്റിംഗ് ആക്റ്റ് മുതലുള്ള നിയമപരിഷ്കാരങ്ങളിലൂടെയാണ് അത് രൂപം കൊണ്ടത്. അത്തരം പരിഷ്കാരങ്ങൾക്കു കാരണമായത് ജനാധിപത്യ ബഹുജന പ്രക്ഷോഭങ്ങളാണ്. അമ്പരപ്പിക്കുംവിധം വൈവിധ്യമുള്ള ഭൂമിശാസ്ത്രവും ശ്രേണീവത്കരിക്കപ്പെട്ട സാമൂഹിക ഘടനയും സമാനതകളില്ലാത്ത മതഭാഷാ സംസ്കാര വൈജാത്യങ്ങളും അവികസിതമായ സമ്പദ്ഘടനയുമൊക്കെയുള്ള ഇന്ത്യ ഒരു ദേശ രാഷ്ട്രമാണെങ്കിൽ 'ഭൂമധ്യരേഖ'യെയും അങ്ങനെ വിളിക്കേണ്ടി വരുമെന്ന് വിൻസ്റ്റൺ ചർച്ചിൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ പരിഹസിച്ചു. പക്ഷേ, എല്ലാ വിമർശനങ്ങൾക്കും സന്ദേഹങ്ങൾക്കുമപ്പുറം വൈജാത്യങ്ങളുടെ വൈവിധ്യത്തെ കരുത്താക്കി മാറ്റിയതാണ് ഇന്ത്യൻ ജനാധിപത്യ ചരിത്രം. അതിനെ തകർക്കാനുള്ള ശ്രമങ്ങളാണ് ഇന്ന് നടക്കുന്നത്.

ഇന്ന് നമ്മുടെ ഫെഡറലിസം വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ ഇല്ലാതാക്കപ്പെടുകയാണ്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങൾ വിവേചനപരമായി മാറിയിരിക്കുന്നു. ഈ വിവേചനം സാമ്പത്തിക കാര്യങ്ങളിൽ മുമ്പെങ്ങുമില്ലാത്തവിധം പ്രയോഗിക്കപ്പെടുന്നു. ഇത് ആസൂത്രിതമായി നടപ്പാക്കപ്പെടുന്നു എന്നതാണ് ഇതിലെ ഏറ്റവും ആശങ്കാജനകമായ വസ്തുത. ഒരു പദ്ധതിക്ക് തുക അനുവദിക്കുന്നതിലെ കുറവോ പദ്ധതികൾ അനുവദിക്കുന്നതിലെ വിവേചനമോ ആയി ഇത് അവസാനിക്കുന്നില്ല. ഫെഡറലിസം എന്ന ഭരണഘടനാ സംവിധാനത്തെ അട്ടിമറിക്കുന്ന തലത്തിലേക്ക് അത് തുടർപ്രക്രിയയായി വളരുന്നു എന്നിടത്താണ് അപകടം.

ഫെഡറലിസത്തെയും സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെയും ആസൂത്രിതമായി ഇല്ലാതാക്കാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. 2015 മുതൽ, ഇന്ത്യൻ ഫെഡറലിസം രണ്ട് പ്രധാന മാറ്റങ്ങൾക്ക് വിധേയമായി എന്നത് കാണണം. 2015 ജനുവരി 1 ലെ മന്ത്രിസഭാ പ്രമേയത്തിലൂടെ ആസൂത്രണ കമ്മീഷനെ മാറ്റി സ്ഥാപിച്ച് നീതി ആയോഗ് നിലവിൽ വന്നു. 2017 ജൂലൈ 1 ന് ചരക്ക് സേവന നികുതികൾ നടപ്പിലാക്കാൻ ജി.എസ്.ടി. കൗൺസിൽ എന്നറിയപ്പെടുന്ന ഒരു അധിക സാമ്പത്തിക അസംബ്ലി സ്ഥാപിക്കപ്പെട്ടു. 2015 മുതൽ ധനകാര്യ നിയന്ത്രണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രധാന ഘടനാപരമായ പരിഷ്കാരങ്ങൾ ധനകാര്യ ബില്ലിലൂടെ അവതരിപ്പിക്കപ്പെട്ടു. സാധാരണയായി, അത്തരം മാറ്റങ്ങൾ മാതൃ നിയമത്തിലെ ഭേദഗതികളിലൂടെയാണ് നടപ്പിലാക്കേണ്ടത്. 2016 ൽ, ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്റ്റ് 1999, മണി ലോണ്ടറിംഗ് ആക്റ്റ് 2002 തുടങ്ങിയ നിരവധി പ്രധാന കേന്ദ്ര നിയമങ്ങൾ ഭേദഗതി ചെയ്തതിനു പുറമേ, പണപ്പെരുപ്പ ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നയ നിരക്ക് നിർണ്ണയിക്കാൻ ഒരു ധനനയ സമിതി (യഥാർഥത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള ഒരു വിഷയം) രൂപീകരിച്ചു. അതിലെ അംഗങ്ങളെ നിയമിക്കുന്നത് കേന്ദ്ര സർക്കാരാണ്, ഇത് എക്സിക്യൂട്ടീവിന്റെ കൈകളിലേക്ക് കൂടുതൽ കൂടുതൽ അധികാരങ്ങൾ ഏൽപ്പിക്കുന്നതിന് തുല്യമാണ്. ഫെഡറലിസത്തെ കേന്ദ്രീകരിക്കാൻ സ്റ്റാറ്റ്യൂട്ടറിയും സ്റ്റാറ്റ്യൂട്ടറി അല്ലാത്തതുമായ ഇടങ്ങൾ ഉപയോഗിക്കുന്നു. സംസ്ഥാനങ്ങളുടെ പരമാധികാരം കേന്ദ്ര എക്സിക്യൂട്ടീവിൽ കേന്ദ്രീകൃതമായി സ്ഥാപിക്കപ്പെടുന്നു. ഇന്ത്യയെ ഒരു ദേശീയ സംസ്ഥാനമായി വികസിപ്പിക്കുന്നതിനായി നയ രൂപീകരണം സൃഷ്ടിക്കുന്നു. പരമാധികാരത്തിന്റെ സ്ഥാനം സംസ്ഥാന തലസ്ഥാനങ്ങളിൽ നിന്ന് ദേശീയ തലസ്ഥാനത്തേക്ക് മാറ്റുന്ന പുതിയ ദേശീയ ഫെഡറലിസമായി ഇത് മാറുന്നു. 'ശക്തമായ രാഷ്ട്രവും ശക്തമായ സംസ്ഥാനങ്ങളും' എന്നതാണ് ദേശീയ ഫെഡറലിസത്തിന്റെ പ്രധാന മുദ്രാവാക്യം. അതാണ് ഇല്ലാതാക്കപ്പെടുന്നത്.

നികുതി ഘടനയിലെ പരിഷ്കാരങ്ങൾ ഇക്കാര്യത്തിൽ ഏറ്റവും പ്രധാനമാണ്. കേന്ദ്രം മിക്ക നികുതികളും പിരിക്കുന്നു. കേന്ദ്രത്തിന്റെ വിവേചനാധികാരത്തിനോ മാനദണ്ഡത്തിനോ അനുസൃതമായി മാത്രം സംസ്ഥാനങ്ങൾക്ക് നികുതി വിഹിതം വിതരണം ചെയ്യുന്നു. സംസ്ഥാനങ്ങൾ കേന്ദ്രത്തെ അടിമത്തത്തോടെ ആശ്രയിക്കാൻ നിർബന്ധിതമാകുന്നു. ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഇതാണ് സംഭവിച്ചത് എന്നത് നമുക്ക് കാണാവുന്നതാണ്. സംസ്ഥാനങ്ങൾക്ക് പരിമിതമായ നികുതി അധികാരങ്ങളും കടമെടുക്കൽ ശേഷിയും മാത്രമേയുള്ളൂ.

ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം വരുമാനനഷ്ടത്തിന് പര്യാപ്തമായ നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന് പല സംസ്ഥാനങ്ങളും പരാതിപ്പെട്ടിട്ടുണ്ട്.

സംസ്ഥാനങ്ങളുടെ ധനപരമായ ആവശ്യങ്ങളോട് കേന്ദ്ര സർക്കാർ എങ്ങനെ പ്രതികരിക്കുന്നു എന്നത് പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കേരളവുമായി ബന്ധപ്പെട്ട ചില വസ്തുതകളാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചു പോരുന്ന സാമ്പത്തിക നയങ്ങളും സമീപനങ്ങളും തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല. സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്നും കേരളം ആവശ്യപ്പെട്ടിരുന്നു.

വിഴിഞ്ഞം തുറമുഖത്തിന് പ്രത്യേക സഹായം അനുവദിക്കണമെന്നും ജലജീവൻ മിഷൻ പോലെയുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിന് അത്തരം പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുകയും കടമെടുപ്പ് പരിധിക്ക് പുറമേ അനുവദിക്കണമെന്നും സംസ്ഥാനത്തെ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ ആകെ കടമെടുപ്പിൽ നിന്ന് ഒഴിവാക്കുന്നതിനും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി മൂന്ന് ശതമാനത്തിൽ നിന്നും ഉപാധികളില്ലാതെ 3.5 ശതമാനമാക്കണമെന്നും ദേശീയപാത വികസനത്തിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സംസ്ഥാനം ചെലവഴിച്ച തുക ഉപാധികളില്ലാതെ വായ്പയായി എടുക്കാൻ അനുവദിക്കണമെന്നും ജി.എസ്.ടി കോമ്പൻസേഷൻ തുടരണമെന്നും കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള *(Pre Budget Speech)* യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. എൻ.എച്ച്.എ.ഐ പദ്ധതികളുടെ സ്ഥലമെടുപ്പിന് സംസ്ഥാന സർക്കാർ ചെലവാക്കുന്ന തുകയ്ക്ക് തുല്യമായി അധിക കടമെടുക്കൽ അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല. 2025 ഫെബ്രുവരി 1 ന് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി അവതരിപ്പിച്ച 2025-26 വർഷത്തെ ബജറ്റിലും കേരളത്തിന്റെ ആവശ്യങ്ങളൊന്നും പരിഗണിച്ചില്ല.

ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് *(Value Added Tax)* കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടിയുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി. 14%, സി.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതി നിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18%, 12% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്.

കേന്ദ്ര സർക്കാരിന്റെ സമീപകാല നയപരിപാടികൾ പൊതുവെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഭീഷണി ഉയർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 2022 ജൂണിൽ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇടിവുണ്ടാക്കി. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്നതിലൂടെയുള്ള വാർഷിക നഷ്ടം ഏകദേശം 12,000 കോടിയാണ്. കേരളത്തിന് അവകാശപ്പെട്ട, പങ്കിടാവുന്ന നികുതി തുടർച്ചയായി കുറയുന്നു. തിരശ്ചീന വികേന്ദ്രീകരണത്തിന്റെ വിഭജിക്കാവുന്ന പൂളിന്റെ വിഹിതം 11ാം ധനകാര്യ കമ്മീഷനിൽ 3.06 ശതമാനവും 14ാം ധനകാര്യ കമ്മീഷനിൽ 2.5 ശതമാനവും ആയിരുന്നത് 15ാം ധനകാര്യ കമ്മീഷനിൽ 1.925 ശതമാനമായി കുറഞ്ഞു. നഷ്ടപരിഹാര കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല.

സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ, കേന്ദ്ര സർക്കാർ സെസും സർചാർജുകളും വർധിപ്പിക്കുന്നു. ഇത്തരം അധിക നികുതി ചുമത്തലുകൾ സംസ്ഥാനങ്ങളുമായി പങ്കിടുന്നുമില്ല. സർചാർജുകളുടെയും സെസ്സുകളുടെയും വർധിച്ചുവരുന്ന വിഹിതം ഡിവിസിബിൾ പൂളിലെ നികുതികൾ ചുരുങ്ങുന്നതിന് കാരണമായിട്ടുണ്ട്.

15ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുകൾ 2023-24 ൽ അവസാനിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത സൃഷ്ടിച്ചു. നിലവിൽ, കേന്ദ്രാവിഷ്കൃത സ്കീമുകൾ

'കോർ ഓഫ് ദ കോർ', 'കോർ' എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലാണുള്ളത്. ആദ്യ വിഭാഗത്തിലെ സ്കീമുകളുടെ എണ്ണം കുറഞ്ഞു വരുന്നു. കേന്ദ്ര വിഹിതം ഓരോ വർഷവും കുറയുകയാണ്. പദ്ധതികളുടെ സിംഹഭാഗവും രണ്ടാമത്തേതാണ്. ഈ പദ്ധതികളുടെ 40 ശതമാനം തുക സംസ്ഥാനം വഹിക്കണം. ദേശീയ പാതാ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഇരുപത് ശതമാനം തുക സംസ്ഥാനമാണ് വഹിക്കുന്നത്. ജനസാന്ദ്രതയും നഗരവൽക്കരണവും വർധിച്ചു വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി കൂടുതൽ തുക കണ്ടെത്തേണ്ടി വരുന്നു. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർന്നപ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് കേന്ദ്ര കൈമാറ്റം കുറഞ്ഞു. ഈ പ്രതിബന്ധങ്ങൾക്കിടയിലും, മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ വികസന പ്രവർത്തനങ്ങളോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടു തന്നെ മുന്നോട്ട് പോകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

കേരളം സാമ്പത്തിക അച്ചടക്കം പാലിക്കുന്നില്ലെന്നും നികുതി പിരിവ് കാര്യക്ഷമമല്ലെന്നുമാണ് വലത് സാമ്പത്തിക നിരീക്ഷകർ ആരോപണം ഉന്നയിക്കുന്നത്. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്റ്റ് പ്രകാരം, 2022-23 ൽ 2.5 ശതമാനവും 2023-24 ൽ 2.99 ശതമാനവും എന്ന സ്വീകാര്യമായ പരിധിക്കുള്ളിൽ ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദന അനുപാതത്തിൽ കേരളം നിലനിർത്തിയിട്ടുണ്ട്. 2023-24 ൽ മുൻ വർഷത്തെ അപേക്ഷിച്ച് പദ്ധതി ചെലവിൽ 1560.53 കോടി രൂപയുടെ വർധനവും പദ്ധതിയേതര ചെലവിൽ 752.92 കോടി രൂപയുടെ കുറവും ഉണ്ടായിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവുമധികം തനത് വരുമാനം വർധിച്ച സംസ്ഥാനമാണ് കേരളമെന്ന് ആർ.ബി.ഐ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രധാനമായും GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട നികുതി ഇനങ്ങളുടെയും, വാണിജ്യ, വ്യവസായിക യൂണിറ്റുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുത തീരുവയുടെയും നിരക്ക് പരിഷ്കരണം, സാമൂഹ്യ സുരക്ഷാ സെസ് എന്നിവ നടപ്പിലാക്കിയിരുന്നു. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി GST, എക്സൈസ് എന്നീ വകുപ്പുകൾ ആംനസ്റ്റി പദ്ധതിയും മോട്ടോർ വാഹന വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കി. അതോടൊപ്പം, GST, മോട്ടോർ വാഹനം, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ, എക്സൈസ് എന്നീ വകുപ്പുകൾ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി. ഇത്തരം നടപടികളുടെയെല്ലാം ഫലമായി സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2020-21 സാമ്പത്തിക വർഷത്തിൽ 47,660.84 കോടി രൂപയായിരുന്നത്, 2021-22 സാമ്പത്തിക വർഷത്തിൽ 58,340.52 കോടി രൂപയായും, 2022-23 സാമ്പത്തിക വർഷത്തിൽ 71,968.16 കോടി രൂപയായും, 2023-24 സാമ്പത്തിക വർഷത്തിൽ 74,329.01 കോടി രൂപയായും വർധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 26,668.17 കോടി രൂപയുടെ വർധനവ് ഉണ്ടായിട്ടുണ്ട്.

2024-25 വർഷത്തിൽ രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട നിരക്കുകൾ വർധിപ്പിക്കുന്നതിലൂടെയും ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീസ്, സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ എന്നിവയുടെ പരിഷ്കരണത്തിലൂടെയും തനത് നികുതി വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനു പുറമേ തദ്ദേശസ്വയംഭരണ വകുപ്പിന്റെ തനത് നികുതി വരുമാനം ഉയർത്തുന്നതിനും, കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികളും സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം നേരിട്ട പ്രധാന വെല്ലുവിളി കേന്ദ്രസർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഇൻ എയ്ഡിൽ 15,309.60 കോടി രൂപയുടെ കുറവുണ്ടായതാണ്. കേരളത്തിന്റെ തനത് മാതൃക ഉയർത്തിപ്പിടിക്കാൻ, ഒരു വശത്ത് മതിയായ വിഭവ അടിത്തറയും, മറുവശത്ത് ക്ഷേമരാഷ്ട്രം ഉറപ്പു നൽകുന്നതിനും ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനും ആവശ്യമായ വിഭവങ്ങളുടെ വിവേകപൂർണ്ണമായ വിതരണവും സംസ്ഥാനം നിലനിർത്തേണ്ടതുണ്ട്.

കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും *(GSDP)* പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ *(SDG)* ഇന്ത്യ ഇൻഡക്സ് 2023-24' ൽ തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. ലക്ഷ്യം 2 (വിശപ്പുരഹിതം, സ്കോർ 84) ലക്ഷ്യം 4 (ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സ്കോർ 82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം. കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകം തന്നെ നേടിയിട്ടുണ്ട്. 'ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024'

തൊഴിൽ ചെയ്യാൻ താൽപര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ *(SBRAP)* 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും അധികം രംഗങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്.

കേരളം 2023-24 ലും ശക്തമായ വളർച്ച കൈവരിക്കുന്നത് തുടർന്നു. 2023-24 ൽ സംസ്ഥാന സമ്പദ് വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23 ലെ 2.2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ഡി.പി. 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12 ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23 ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യ വർധന (ജിഎസ്‌വിഎ) 2023-24 ൽ 7.2 ശതമാനമായി വർധിച്ചു. കേരളം ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ്. 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജി.എസ്.ഡി.പി. (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായിരിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായാണ് ഈ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത്.

നീതി ആയോഗ് 2025 ൽ പുറത്തിറക്കിയ 2023 ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ 18 പ്രധാന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും പിന്നിലുള്ള 4 സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഇക്കാര്യം വലിയ വിമർശനമായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ ഇത് സാങ്കേതികമായ ഒരു വിലയിരുത്തലാണ് എന്നതും അതിന് അത്തരത്തിലുള്ള പോരായ്മകളുണ്ട് എന്നതും തമസ്കരിക്കുന്നു. ഈ സൂചികയിൽ ചെലവുകളുടെ ഗുണനിലവാരം, റവന്യൂ സമാഹരണം, സാമ്പത്തിക വിവേകം, കടം സൂചിക, കടം സുസ്ഥിരത എന്നീ 5 സൂചകങ്ങളിലൂടെ മാത്രമാണ് സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്. ഈ റിപ്പോർട്ടിൽ പോലും വിവിധ മേഖലകളിൽ കേരളം നേടിയ പുരോഗതി സൂചിപ്പിക്കുന്നുണ്ട്. ഉദാഹരണത്തിന് ആരോഗ്യ മേഖലയിൽ കേരളത്തിന്റെ ചെലവ് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. റിപ്പോർട്ട് കാലയളവിൽ കേരളത്തിന്റെ തനത് വരുമാന വളർച്ച കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 26.5 ശതമാനമാണ്. ഇത് കഴിഞ്ഞ അഞ്ച് വർഷത്തെ സംയുക്ത വാർഷിക വളർച്ചാനിരക്കായ *(CAGR)* 7.31 ശതമാനത്തേക്കാൾ ഉയർന്ന് നിൽക്കുന്നതാണ്. സാമ്പത്തിക ഭദ്രതാ സൂചിക റിപ്പോർട്ട് കാലയളവിൽ നികുതിയേതര വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 44.5 ശതമാനം വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. റവന്യൂ കമ്മി 3.3 ശതമാനത്തിൽ നിന്ന് 0.9 ശതമാനമായും ധനക്കമ്മി 5 ശതമാനത്തിൽ നിന്ന് 2.5 ശതമാനമായും റിപ്പോർട്ട് കാലയളവിൽ കുറഞ്ഞിട്ടുണ്ട്. ഇത്തരം യാഥാർഥ്യങ്ങൾ കണ്ടില്ലെന്നു നടിച്ചാണ് പലപ്പോഴും സംസ്ഥാനത്തിനെതിരെ വിമർശനങ്ങൾ ഉയർത്തുന്നത് .

സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത പല കാരണങ്ങളാലും ധന ഉത്തരവാദിത്ത ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള ധന ലക്ഷ്യങ്ങൾ പൂർണ്ണമായും പാലിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. ദേശീയ അന്തർദേശീയ തലങ്ങളിലുള്ള സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക ഘടനയേയും സ്വാധീനിച്ചിട്ടുണ്ട്. 2016-17 ലെ നോട്ട് നിരോധനം, 2017-18 ലെ ജി.എസ്.ടി. നടപ്പിലാക്കിയതിലെ പ്രശ്നങ്ങൾ, 2018-19 ലെ ഓഖി ചുഴലിക്കാറ്റും അത്യപൂർവ്വമായ വെള്ളപ്പൊക്കവും, 2019-20 ലെ പ്രകൃതി ക്ഷോഭങ്ങൾ, കോവിഡ് 19 മഹാമാരി, 2022-23 ൽ കേന്ദ്ര സർക്കാർ സംസ്ഥാന കടമെടുപ്പിൽ കൊണ്ടുവന്ന നിയന്ത്രണങ്ങൾ, റഷ്യ-ഉക്രൈയ്ൻ യുദ്ധം, മദ്ധ്യ പൂർവ്വേഷ്യയിലെ സംഘർഷങ്ങൾ, ആഗോള സമ്പദ് വ്യവസ്ഥയിൽ പ്രതിഫലിച്ച തളർച്ച എന്നിവ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെയും വിഭവങ്ങൾ സമാഹരിക്കാനുള്ള കഴിവിനെയും പ്രതികൂലമായി ബാധിച്ചു.

സമ്പദ്‌വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ വിഹിതമാണ് സംസ്ഥാനം ഓരോ വർഷവും വകയിരുത്തിവരുന്നത്. മുൻ വർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർനിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്റ്റ് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

# ചെറുവാക്കര എൽ.പി. സ്കൂളിന് പുതിയ മന്ദിരം



കണ്ണൂർ ജില്ലയിലെ ചെറുവാക്കര ഗവൺമെന്റ് വെൽഫെയർ എൽ.പി. സ്കൂളിൽ ഒരു കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവ്വഹിച്ചു.

ചരിത്ര പാരമ്പര്യമുള്ള നാറാത്ത് ഗ്രാമപഞ്ചായത്തിലെ പ്രധാന സർക്കാർ എൽ.പി സ്കൂളായ ചെറുവാക്കര ഗവൺമെന്റ് വെൽഫെയർ എൽ.പി സ്കൂളിന് പുതിയ കെട്ടിടം വേണമെന്ന് സ്കൂൾ അധികൃതരും നാട്ടുകാരും സ്ഥലം എം.എൽ.എ.യോട് ആവശ്യപ്പെട്ടതിനെ തുടർന്ന് പൊതുമരാമത്ത് കെട്ടിടം വിഭാഗം വഴി എസ്റ്റിമേറ്റ് തയ്യാറാക്കി വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയതിന്റെ ഫലമായാണ് സർക്കാർ ഒരു കോടി രൂപ അനുവദിച്ചത്. കെ.വി. സുമേഷ് എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സ്കൂൾ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.



# സമ്പൂർണ്ണ ശുചിത്വ നഗരസഭയായി തലശ്ശേരി

**എ.എൻ.ഷംസീർ, തലശ്ശേരി**




നഗരസഭാങ്കണത്തിൽ നടന്ന ചടങ്ങിൽ തലശ്ശേരി നഗരസഭയെ സമ്പൂർണ്ണ ശുചിത്വ നഗരസഭയായി നിയമസഭാ സ്പീക്കറും സ്ഥലം എം.എൽ.എ.യുമായ എ.എൻ. ഷംസീർ പ്രഖ്യാപിച്ചു. ശുചിത്വ പ്രഖ്യാപനത്തോടെ നഗരസഭയിലെ വാർഡുകൾ, അയൽക്കൂട്ടങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, അങ്കണവാടികൾ എന്നിവ ഹരിത സ്ഥാപനങ്ങളായി മാറി. നഗരസഭയിലെ തിരുവങ്ങാട് ക്ഷേത്രം, സീ വ്യൂ പാർക്ക്, തലശ്ശേരി കോട്ട, ഓവർബെറിസ് ഫോളി, ജഗന്നാഥ ക്ഷേത്രം, ഹെർമൻ ഗുണ്ടർട്ട് ബംഗ്ലാവ്, കടൽപാലം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഹരിത ടൂറിസ്റ്റ് കേന്ദ്രങ്ങളായും മുഴുവൻ വിദ്യാലയങ്ങളെയും ഹരിത വിദ്യാലയങ്ങളായും എട്ട് ടൗണുകളെ ഹരിത ടൗണുകളായും പ്രഖ്യാപിച്ചിട്ടുണ്ട്. അലക്ഷ്യമായി മാലിന്യം തള്ളുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം സമ്പൂർണ്ണ ശുചിത്വം പരിപാലിക്കുന്നതിനായി ജനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും മാലിന്യ നിക്ഷേപമുള്ള സ്ഥലങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ കൃത്യമായ പരിശോധന നടത്തണമെന്നും സ്പീക്കർ നിർദ്ദേശിച്ചു. മാലിന്യമുക്തം നവകേരളത്തിന്റെയും മഴക്കാലപൂർവ ശുചീകരണത്തിന്റെയും ഭാഗമായി 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയിലെ രണ്ട് നീർച്ചാലുകളും ശുചീകരിക്കുകയുണ്ടായി.

# പൊന്ന്യം ഏഴരക്കണ്ടത്ത് കളരി അക്കാദമിയും മ്യൂസിയവും

**എ.എൻ. ഷംസീർ, തലശ്ശേരി**

കതിരൂർ ഗുരുക്കളുടെയും തച്ചോളി ഒതേനന്റെയും വീരസ്മൃതികളുറങ്ങുന്ന പൊന്ന്യം ഏഴരക്കണ്ടത്തിന്റെ ഭാഗമായി കളരി അക്കാദമിയും മ്യൂസിയവും നിർമ്മിക്കുന്നു. സ്പീക്കർ എ.എൻ. ഷംസീറിന്റെ നേതൃത്വത്തിലാണ് പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും കതിരൂർ ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ വാങ്ങിയ 57.2 സെന്റ് ഭൂമി നിർമ്മാണപ്രവർത്തനത്തിനായി ഏറ്റുവാങ്ങിയത്. ജനകീയ കമ്മിറ്റിയുടെ ധനസമാഹരണത്തിലൂടെ ലഭിച്ച 75 ലക്ഷം രൂപയും പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 30 ലക്ഷം രൂപയും ഭൂമി വാങ്ങുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും കതിരൂർ ഗ്രാമപഞ്ചായത്തിന്റെയും പ്രസിഡന്റുമാർ ചേർന്ന് രേഖകൾ കൈമാറി. തീർഥാടക ടൂറിസത്തിന്റെ ഭാഗമായി കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ച തുകയും സംസ്ഥാന സർക്കാർ പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുകയും വിനിയോഗിച്ചാണ് കളരി അക്കാദമിയും മ്യൂസിയവും യാഥാർഥ്യമാകുന്നത്.



# സമൃദ്ധി വിളയിച്ച് കുട്ടികൾ

**ചിറ്റയം ഗോപകുമാർ, അടൂർ**

അടൂർ നിയോജക മണ്ഡലത്തിലെ മണ്ണടി വി.ടി.എം.യു.പി.സ്കൂളിലെ 'കൊയ്ത്തുത്സവം' ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്തു. സ്കൂളിലെ കുട്ടികളും അധ്യാപകരും ചേർന്ന് നിലമൊരുക്കി വിത്തിട്ട് വെള്ളവും വളവും നൽകി നാലുമാസത്തിനു ശേഷം നെല്ല് വിളവെടുത്തു. കൊയ്ത്തുപാട്ടും നൃത്തച്ചുവടുകളുമായി കുട്ടികൾ കൊയ്ത്തുത്സവത്തിന് എത്തിയവരെ വരവേറ്റു.



# എരുമേലി ഏയ്ഞ്ചൽവാലിയിൽ വനവിജ്ഞാനകേന്ദ്രം

**സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൂഞ്ഞാർ**

എരുമേലി, മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകളിലെ ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റികളുടെ സംയുക്ത ആസ്ഥാനമായി എരുമേലി ഏയ്ഞ്ചൽവാലിയിൽ പണികഴിപ്പിച്ച ഇ.ഡി.സി ഹാളിന്റെ ഔപചാരിക ഉദ്ഘാടനം സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ നിർവ്വഹിച്ചു. വനം വകുപ്പിന് കീഴിൽ 1.31 കോടി രൂപ ചെലവഴിച്ച് രണ്ട് നിലകളിലായാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. യോഗത്തിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപന ജനപ്രതിനിധികൾ, വനം വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



# ഗവ. ട്രൈബൽ വെൽഫെയർ എൽ.പി.എസ്സിൽ വർണ്ണക്കൂടാരം പദ്ധതി



കുഴിമാവ് ഗവൺമെന്റ് ട്രൈബൽ വെൽഫെയർ എൽ.പി. സ്കൂളിൽ നിർമ്മാണം പൂർത്തീകരിച്ച വർണ്ണക്കൂടാരം പദ്ധതിയുടെ ഉദ്ഘാടനം സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. നിർവ്വഹിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സമഗ്ര ശിക്ഷ സ്റ്റാർസ് പദ്ധതിയിൽപ്പെടുത്തി പത്ത് ലക്ഷം രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്. കോരുത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുഖ്യപ്രഭാഷണം നടത്തി. തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# അമ്പലമുക്ക് പരുത്തിപ്പാറ റോഡ് നവീകരണം

**വി.കെ. പ്രശാന്ത്, വട്ടിയൂർക്കാവ്**

വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ അമ്പലമുക്ക്-മുട്ടട-പരുത്തിപ്പാറ (2.2 കിലോമീറ്റർ) റോഡും അമ്പലമുക്ക് - പൂമല്ലിയൂർക്കോണം (1.55 കിലോമീറ്റർ) റോഡും ബി.എം.ബി.സി നിലവാരത്തിൽ നവീകരിക്കുന്ന പദ്ധതി ആരംഭിച്ചു. വെള്ളക്കെട്ട് ഒഴിവാക്കാൻ സഹായകരമായ രീതിയിൽ ആവശ്യമായ സ്ഥലങ്ങളിൽ ഓടകളുടെ നവീകരണവും പദ്ധതിയുടെ ഭാഗമായി നിർവ്വഹിക്കും. സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും 3.8 കോടി രൂപ ചെലവഴിച്ചുള്ള പദ്ധതിയുടെ ബി.എം.ബി.സി പ്രവൃത്തികളും ഓട നവീകരണവും മേയ് 15 ഓടുകൂടി പൂർത്തിയാകും.




# എ. രാജയ്ക്ക് എം.എൽ.എ. സ്ഥാനത്ത് തുടരാം



ദേവികുളം നിയമസഭാ തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം) നിയമസഭാംഗം എ. രാജയുടെ വിജയം ശരിവച്ച് സുപ്രീം കോടതി. എ. രാജ പട്ടികജാതി സംവരണ സീറ്റിൽ മത്സരിക്കാൻ യോഗ്യനല്ലെന്ന ഹൈക്കോടതി വിധിക്കെതിരെ അദ്ദേഹം സമർപ്പിച്ച അപ്പീലിലാണ് സുപ്രീം കോടതി വിധി. പട്ടികജാതിക്കാർക്ക് സംവരണം ചെയ്ത മണ്ഡലത്തിൽ ക്രിസ്തുമത വിശ്വാസിയായ എ. രാജയ്ക്ക് മത്സരിക്കാൻ യോഗ്യതയില്ലെന്ന് ചൂണ്ടിക്കാട്ടി കോൺഗ്രസ് സ്ഥാനാർഥിയായിരുന്ന ഡി. കുമാറാണ് ഹൈക്കോടതിയെ സമീപിച്ചത്. 2023 മാർച്ച് 20 ന് ഹൈക്കോടതി രാജയുടെ വിജയം റദ്ദാക്കിയിരുന്നു. അതിനെതിരെയാണ് എ. രാജ സുപ്രീം കോടതിയെ സമീപിച്ചത്. 1950 ന് മുൻപ് തമിഴ്നാട്ടിൽ നിന്നും പട്ടിക വിഭാഗത്തിൽപ്പെട്ട തന്റെ കുടുംബം കേരളത്തിലേക്ക് കുടിയേറിയതിനാൽ തനിക്ക് സംവരണത്തിന് അർഹതയുണ്ടെന്ന് കാണിച്ച് എ. രാജ നൽകിയ രേഖകൾ സുപ്രീംകോടതി അംഗീകരിക്കുകയും അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പ് ശരിവയ്ക്കുകയുമായിരുന്നു. എം.എൽ.എ. എന്ന നിലയിൽ അദ്ദേഹത്തിന് മുഴുവൻ കാലയളവിലേയും എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്നും സുപ്രീം കോടതി വിധിയിൽ പറയുന്നു.




# പഹൽഗാം ഭീകരാക്രമണം
## സൈനിക-നയതന്ത്ര മറുപടി നൽകി ഭാരതം

ജമ്മുകശ്മീരിലെ അനന്ത്നാഗ് ജില്ലയിലെ പഹൽഗാമിനടുത്തുള്ള ബൈസരൺ താഴ്വരയിൽ 2025 ഏപ്രിൽ 22 നാണ് വിനോദസഞ്ചാരികൾക്ക് നേരെ പാകിസ്ഥാൻ അനുകൂല ഭീകര സംഘടനയുടെ അത്യന്തം ഹീനമായ ആക്രമണമുണ്ടായത്. പഹൽഗാമിൽ നിന്ന് 6 കിലോമീറ്റർ അകലെയുള്ള ബൈസരൺ താഴ്വര സന്ദർശിക്കാനെത്തിയ ഇരുപത്തിയാറ് മലയാളികൾ ഉൾപ്പെടെയുള്ള നാൽപ്പതോളം വിനോദ സഞ്ചാരികളാണ് സൈനിക വേഷത്തിലെത്തിയ ഏഴംഗ ഭീകരസംഘത്തിന്റെ ചോരക്കൊതിക്കിരയായത്. ആക്രമണത്തിൽ ഒരു മലയാളി ഉൾപ്പെടെ 26 പേർക്ക് ജീവൻ നഷ്ടമായി. പഹൽഗാം താഴ്വരയിലിറങ്ങി കുതിരപ്പുറത്തോ കാൽനടയായോ മാത്രമേ ബൈസരണിൽ എത്താനാകൂ എന്നത് ഭീകരതയുടെ തീവ്രത കൂട്ടിയിരുന്നു. പാകിസ്ഥാൻ ആസ്ഥാനമായ ഭീകരസംഘടനയായ ലഷ്കർ-ഇ-ത്വയ്ബയുടെ ഉപ സംഘടനയായ TRF ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിരുന്നു.

പഹൽഗാം ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സിന്ധു നദിയിലെയും അനുബന്ധ നദികളിലെയും ജലം പങ്ക് വയ്ക്കുന്നത് സംബന്ധിച്ച് 1960 ൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒപ്പുവച്ച സിന്ധുനദീജല കരാർ ഇന്ത്യ മരവിപ്പിക്കുകയും പാകിസ്ഥാനിലുള്ള ഇന്ത്യയുടെ നയതന്ത്ര പ്രതിനിധികളെ തിരിച്ചു വിളിക്കുകയും പാക് സൈനിക ഉപദേഷ്ടാക്കളെ പുറത്താക്കുകയും ചെയ്തു. ഭീകരാക്രമണത്തിന് നൽകിയ പിന്തുണ പതിവുപോലെ നിഷേധിച്ച പാകിസ്ഥാൻ ഇന്ത്യൻ നയതന്ത്ര പ്രതിനിധികളെ പുറത്താക്കുകയും ഇന്ത്യൻ വിമാനങ്ങൾക്ക് പാകിസ്ഥാൻ വ്യോമപാത വിലക്കുകയുമാണ് ചെയ്തത്. തുടർന്ന്, സാർക്ക് വിസയിളവ് റദ്ദാക്കുകയും വാഗ-അട്ടാരി അതിർത്തി അടക്കുകയും പാക് വിമാനങ്ങൾക്ക് ഇന്ത്യയുടെ വ്യോമപാത അടയ്ക്കുകയും അതിലൂടെ പാകിസ്ഥാനിലേക്കുള്ള സിവിലിയൻ, സൈനിക വിമാനങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തു. പാകിസ്ഥാന് സഹായധനം നൽകാനുള്ള അന്താരാഷ്ട്ര നാണയ നിധിയുടെ നീക്കത്തെ എതിർക്കുകയും പാകിസ്ഥാനിൽ നിന്നുള്ള വ്യോമ, കര മാർഗ്ഗങ്ങളിലൂടെയുള്ള പാഴ്സൽ, കത്തിടപാടുകൾ എന്നിവ മരവിപ്പിക്കുകയും ഇന്ത്യൻ തുറമുഖങ്ങളിൽ പാക് പതാകയുള്ള കപ്പലുകൾക്ക് നിരോധനം ഏർപ്പെടുത്തുകയും ചെയ്തു.

ആക്രമണത്തിന്റെ പത്താം നാൾ പാകിസ്ഥാന് കനത്ത പ്രഹരവുമായി ഇന്ത്യ നദീജലം പങ്കിടുന്നത് സംബന്ധിച്ച ഉഭയകക്ഷി കരാർ മരവിപ്പിച്ചു. ചെനാബ് നദിയിലെ ഇന്ത്യയുടെ ജലവൈദ്യുത പദ്ധതിക്കായുള്ള ബഗ്ലിഹാർ അണക്കെട്ടിൽ നിന്നുള്ള നീരൊഴുക്കാണ് നിയന്ത്രിച്ചത്. അതിനിടയിൽ, ഇന്ത്യാ-പാക് അതിർത്തിയിൽ സംഘർഷം നിലനിൽക്കെ പ്രതിരോധ മുന്നൊരുക്കം ഇന്ത്യ ശക്തമാക്കി. ഡൽഹിയിൽ തുടർച്ചയായി ഉന്നതതല യോഗങ്ങൾ ചേരുകയും സംഘർഷ സാധ്യത കണക്കിലെടുത്ത് സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്ര സർക്കാർ മുന്നറിയിപ്പ് നൽകുകയുമുണ്ടായി.

ഒളിപ്പോരിലൂടെ നിഷ്കളങ്കരുടെ ജീവനെടുത്ത ഭീകരർക്ക് ആക്രമണത്തിന്റെ പതിനഞ്ചാം നാൾ 2025 മേയ് 7 പുലർച്ചെ 1.05 നും 1.30 നും ഇടയിൽ രാഷ്ട്രം ശക്തമായ തിരിച്ചടി നൽകി. പാക് അധിനിവേശ കശ്മീരിലെ ഭീകര പരിശീലന കേന്ദ്രങ്ങളിൽ വളരെ കൃത്യതയോടെ അത്യാധുനിക രീതിയിലുള്ള മിസൈലുകൾ നാശം വിതച്ചു. പഹൽഗാം ആക്രമണത്തിൽ ഭർത്താക്കന്മാർ നഷ്ടപ്പെട്ട സ്ത്രീകളുടെ കണ്ണീരിന് പകരം ചോദിച്ചു കൊണ്ട് ഇന്ത്യ നടത്തിയ സൈനിക ദൗത്യ





ത്തിന് 'ഓപ്പറേഷൻ സിന്ദൂർ' എന്നാണ് പേര് നൽകിയത്.

ആകാശ യുദ്ധത്തിലൂടെ പാകിസ്ഥാനെ ഞെട്ടിച്ച ഇന്ത്യ പാകിസ്ഥാൻ നടത്തിയ തിരിച്ചടി ശ്രമങ്ങളെ നിഷ്പ്രഭമാക്കി. റഷ്യയിൽ നിന്ന് വാങ്ങിയ എസ്. 400, തദ്ദേശീയമായി വികസിപ്പിച്ച 'ആകാശ്' എന്നീ വ്യോമപ്രതിരോധ സംവിധാനങ്ങൾ ശത്രുവിന്റെ ആക്രമണശ്രമങ്ങളെ തടയുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു.

കശ്മീരിൽ ഗ്രാമീണരും വിനോദസഞ്ചാരികളും ഉൾപ്പെടെയുള്ളവരുടെ ജീവഹാനി, പ്രതിരോധശ്രമത്തിനിടയിൽ ഇന്ത്യൻ ജവാന്മാരുടെ വീരമൃത്യു എന്നിവയ്ക്ക് ഇന്ത്യ 'ഓപ്പറേഷൻ സിന്ദൂറി'ലൂടെ നൽകിയ തിരിച്ചടി പാകിസ്ഥാന് കനത്ത താക്കീതാണ് നൽകിയത്. ലാഹോർ, റാവൽപിണ്ടി അടക്കമുള്ള നിരവധി കേന്ദ്രങ്ങളിലെ വ്യോമ പ്രതിരോധ സംവിധാനം നശിപ്പിക്കുകയും വ്യോമസേന താവളങ്ങൾ ആക്രമിക്കുകയും ചെയ്തഇന്ത്യൻ സേനയുടെ മേൽക്കൈ ബോധ്യപ്പെട്ട പാകിസ്ഥാൻ വെടിനിർത്തലിന് നിർബന്ധിതമാകുകയും ചെയ്തു.

പഹൽഗാം ഭീകരാക്രമണത്തിൽ പാകിസ്ഥാന്റെ പങ്ക് വ്യക്തമാക്കുന്ന തെളിവുകളുമായി ഇന്ത്യ ഐക്യരാഷ്ട്രസഭ രക്ഷാസമിതിയെ സമീപിച്ചു. പാകിസ്ഥാൻ ഭീകരതയെ കയറ്റി അയയ്ക്കുന്ന രാഷ്ട്രമാണെന്ന സന്ദേശം ഉൾപ്പെടെ ഇന്ത്യാ-പാക് സംഘർഷത്തിന്റെ യഥാർഥ ചിത്രം തുറന്ന് കാട്ടാൻ ഇന്ത്യ വിദേശ രാജ്യങ്ങളിലേക്ക് പാർലമെന്ററി സംഘങ്ങളെ അയയ്ക്കുന്നുണ്ട്. അമേരിക്ക, യൂറോപ്പ്, ഗൾഫ് മേഖലയടക്കമുള്ള അൻപതിൽപ്പരം രാജ്യങ്ങളിലേക്കാണ് പാർലമെന്ററി സംഘം യാത്ര നടത്തുന്നത്. മുപ്പതിലധികം എം.പി. മാരും നേതാക്കളും നയതന്ത്ര പ്രതിനിധികളുമടങ്ങുന്ന സംഘത്തിൽ നിന്നും പ്രത്യേക ടീമുകൾ രൂപീകരിച്ചാണ് വിവിധ രാജ്യങ്ങൾ സന്ദർശിച്ചു വരുന്നത്.

ഭീകരാക്രമണത്തിൽ മരണമടഞ്ഞവർക്കും ഓപ്പറേഷൻ സിന്ദൂറിൽ വീരമൃത്യു വരിച്ച ധീരജവാന്മാർക്കും ആദരാഞ്ജലികൾ.

## ചീഫ് ജസ്റ്റിസായി ബി.ആർ. ഗവായ് ചുമതലയേറ്റു



ഇന്ത്യയുടെ അമ്പത്തിരണ്ടാമത് ചീഫ് ജസ്റ്റിസായി ബി.ആർ. ഗവായ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലി കൊടുത്തു. ചീഫ് ജസ്റ്റിസായിരുന്ന ജസ്റ്റിസ് സഞ്ജീവ് ഖന്ന വിരമിച്ച ഒഴിവിലാണ് ബി.ആർ. ഗവായ് ചുമതലയേറ്റത്. ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണനുശേഷം ഈ പദവിയിലെത്തുന്ന ദളിത് വിഭാഗക്കാരനാണ് അദ്ദേഹം. 2008 മുതൽ മൂന്നു വർഷം കേരള ഗവർണ്ണറായിരുന്ന ആർ.എസ്. ഗവായിയുടെ മകനായ അദ്ദേഹം 2019 മേയ് 24 നാണ് സുപ്രീം കോടതി ജഡ്ജിയാകുന്നത്. കാശ്മീരിന് പ്രത്യേക പദവി നൽകിയ ഭരണഘടനയുടെ 370 ാം അനുച്ഛേദം റദ്ദാക്കിയത് ശരിവയ്ക്കൽ, ബുൾഡോസർ നടപടികൾക്ക് തടയിടൽ തുടങ്ങിയ പല സുപ്രധാന വിധി ന്യായങ്ങളെഴുതിയ ബെഞ്ചുകളിൽ അംഗമായിരുന്ന ഗവായ് 2025 നവംബർ 23 ന് വിരമിക്കും.

# സഭ പാസാക്കുന്ന ബില്ലുകളിൽ ഗവർണ്ണർക്കും രാഷ്ട്രപതിക്കും വീറ്റോ അധികാരമില്ല: സുപ്രീം കോടതി



നിയമസഭ പാസാക്കുന്ന ബില്ലുകളിൽ തീരുമാനമെടുക്കാതെ ഗവർണ്ണറും രാഷ്ട്രപതിയും അനന്തമായി തടഞ്ഞുവയ്ക്കുന്ന നടപടിക്കെതിരെ സുപ്രീം കോടതി. ബില്ലുകളിൽ തീരുമാനമെടുക്കാൻ ഗവർണ്ണർമാർക്കും രാഷ്ട്രപതിക്കും ആദ്യമായി സമയക്രമം നിശ്ചയിച്ചായിരുന്നു സുപ്രീം കോടതിയുടെ സുപ്രധാന വിധി. സമയക്രമം പാലിക്കാത്ത ഗവർണ്ണർമാരുടെയും രാഷ്ട്രപതിയുടെയും നടപടി കോടതിയുടെ പരിശോധനയ്ക്ക് വിധേയമായിരിക്കുമെന്ന അസാധാരണ മുന്നറിയിപ്പും കോടതി നൽകി.

പത്തു ബില്ലുകൾ തടഞ്ഞു വച്ച തമിഴ്നാട് ഗവർണ്ണർ ആർ.എൻ. രവിയുടെ നടപടിയെ കോടതി നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. ഈ ബില്ലുകൾക്ക് ഗവർണ്ണറുടെ അനുമതി ലഭിച്ചതായി കണക്കാക്കുമെന്നും അതിന്മേൽ രാഷ്ട്രപതി സ്വീകരിച്ചേക്കാവുന്ന നടപടികൾക്ക് നിയമസാധുതയുണ്ടാവില്ലെന്ന് പരമോന്നത കോടതി വിധിച്ചു. തുടർന്ന് രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ഗവർണ്ണർ തടഞ്ഞുവച്ച പത്ത് ബില്ലുകളും തമിഴ്നാട് സർക്കാർ നിയമമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു. ഗവർണ്ണറുടെയോ രാഷ്ട്രപതിയുടെയോ അനുമതിയില്ലാതെ ആദ്യമായാണ് ബില്ലുകൾ നിയമമാകുന്നത്. 2020 ജനുവരി മുതലുള്ള പത്തു ബില്ലുകളിൽ തീരുമാനം വൈകിച്ച തമിഴ്നാട് ഗവർണ്ണർ ആർ.എൻ. രവിയുടെ നടപടിക്കെതിരെ സംസ്ഥാന സർക്കാർ നൽകിയ ഹർജിയിലാണ് ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരുടെ ബെഞ്ച് വിധി പ്രസ്താവിച്ചത്.

അനുമതി തടയുന്ന ബില്ലുകൾ കാരണസഹിതം തിരിച്ചയയ്ക്കണമെന്നും തിരിച്ചയച്ച ബില്ലുകൾ നിയമസഭ വീണ്ടും പാസാക്കിയാൽ അത് ആദ്യത്തേതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ മാത്രമേ രാഷ്ട്രപതിക്കയയ്ക്കാവു എന്നും അല്ലാത്തപക്ഷം അനുമതി നൽകുകയല്ലാതെ വിവേചനാധികാരം ഉപയോഗിക്കാനാവില്ലെന്നും കോടതി വ്യക്തമാക്കി. മന്ത്രിസഭയുടെ ഉപദേശപ്രകാരം ഗവർണ്ണർ ബില്ലുകൾ തടഞ്ഞുവയ്ക്കുകയോ രാഷ്ട്രപതിക്കയയ്ക്കുകയോ ചെയ്താൽ ഒരു മാസത്തിനകവും മന്ത്രിസഭയുടെ ഉപദേശത്തിന് വിരുദ്ധമായി അനുമതി തടയുകയോ രാഷ്ട്രപതിക്കയയ്ക്കുകയോ ചെയ്താൽ മൂന്നു മാസത്തിനകവും നടപടി സ്വീകരിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. നിയമസഭയ്ക്ക് തിരിച്ചയച്ച ബിൽ മാറ്റമില്ലാതെ വീണ്ടും പാസായി വന്നാൽ ഗവർണ്ണർ ഒരു മാസത്തിനകം അനുമതി നൽകണമെന്നും കോടതി ചൂണ്ടിക്കാട്ടി.

നിയമസഭ പാസാക്കിയ ബിൽ ഗവർണ്ണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് വിട്ടാൽ മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്നും സുപ്രീം കോടതി നിർദ്ദേശിച്ചു. സമയപരിധി കഴിഞ്ഞാൽ രാഷ്ട്രപതി കാലതാമസത്തിനുള്ള മതിയായ കാരണം സംസ്ഥാന സർക്കാരിനെ അറിയിക്കണമെന്നും വിധിയിൽ പറയുന്നു. ഭരണഘടനയുടെ 201 ാം അനുച്ഛേദം പ്രകാരം രാഷ്ട്രപതിക്ക് ബില്ലിന് അംഗീകാരം നൽകുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യാം. സമയപരിധിക്ക് ശേഷവും രാഷ്ട്രപതി തീരുമാനമെടുത്തില്ലെങ്കിൽ സംസ്ഥാനങ്ങൾക്ക് രാഷ്ട്രപതിക്കെതിരെ  മാൻഡമസ് റിട്ട് നൽകാമെന്നും കോടതി വ്യക്തമാക്കി. ബിൽ ഭരണഘടനാവിരുദ്ധമാണെന്ന് സംശയമുണ്ടാകുന്നപക്ഷം രാഷ്ട്രപതിക്ക് സുപ്രീം കോടതിയുടെ ഉപദേശം തേടാവുന്നതാണെന്നും കോടതി അറിയിച്ചു.

### രാഷ്ട്രപതി സുപ്രീം കോടതിയുടെ അഭിപ്രായം തേടി

നിയമസഭ പാസാക്കുന്ന ബില്ലുകൾക്ക് അംഗീകാരം നൽകുന്നതിന് രാഷ്ട്രപതിക്കും ഗവർണ്ണർക്കും സമയപരിധി നിശ്ചയിച്ച സുപ്രീം കോടതി വിധി

സംബന്ധിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു സുപ്രീം കോടതിയുടെ നിലപാട് തേടി. രാഷ്ട്രപതിയുടെ തീരുമാനത്തിന് സമയപരിധി നിശ്ചയിക്കാൻ കോടതിക്ക് കഴിയുമോ എന്നതടക്കം പതിനാല് ചോദ്യങ്ങളാണ് ഭരണഘടനയുടെ അനുച്ഛേദം 143 (1) പ്രകാരമുള്ള റഫറൻസിൽ രാഷ്ട്രപതി ഉന്നയിച്ചത്. മേയ് 13 ന് തയ്യാറാക്കിയ അഞ്ച് പേജുള്ള റഫറൻസിൽ ബില്ലുകളുടെ കാര്യത്തിൽ ഭരണഘടന രാഷ്ട്രപതിക്കോ ഗവർണ്ണർക്കോ ഒരു സമയ പരിധി നിശ്ചയിക്കാത്ത സാഹചര്യത്തിൽ സുപ്രീം കോടതിക്ക് സമയപരിധി നിർദ്ദേശിക്കാൻ കഴിയുമോ യെന്നും അത്തരം കാര്യങ്ങൾ ജുഡീഷ്യൽ അവലോകനത്തിന്റെ പരിധിയിൽ വരുമോയെന്നും രാഷ്ട്രപതി ആരാഞ്ഞു. സംസ്ഥാന നിയമസഭകൾ പാസാക്കുന്ന ബില്ലുകൾക്ക് അനുമതി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിക്കാൻ ജുഡീഷ്യൽ ഇടപെടലിലൂടെ കഴിയുമോ എന്ന കാര്യത്തിലും രാഷ്ട്രപതി അഭിപ്രായം തേടി. ഭരണഘടനയുടെ 200, 201 എന്നീ അനുച്ഛേദങ്ങൾ രാഷ്ട്രപതിക്കും ഗവർണ്ണർക്കും ബില്ലുകളിൽ സമയപരിധി നിശ്ചയിക്കാത്ത സാഹചര്യത്തിൽ സുപ്രീം കോടതിക്ക് എങ്ങനെ ഇത്തരത്തിൽ ഒരു സമയപരിധി നിശ്ചയിക്കാനാവുമെന്നാണ് രാഷ്ട്രപതി ആരാഞ്ഞത്.

### ആർട്ടിക്കിൾ 143(1)

സുപ്രീം കോടതിയോട് അഭിപ്രായം ചോദിക്കാൻ രാഷ്ട്രപതിക്കുള്ള അധികാരം സംബന്ധിച്ചുള്ളതാണ് ഭരണഘടനയുടെ അനുച്ഛേദം 143 (1). പൊതുപ്രാധാന്യമുള്ള നിയമപരമോ വസ്തുതാപരമോ ആയ വിഷയങ്ങളിൽ രാഷ്ട്രപതിക്ക് കോടതിയുടെ അഭിപ്രായം ആരായാം. യുക്തമെന്ന് കരുതുന്ന വാദനടപടികൾക്ക് ശേഷം സുപ്രീം കോടതിക്ക് രാഷ്ട്രപതിയെ അഭിപ്രായം അറിയിക്കാം.

## മതം മാറിയവർക്ക് എസ് സി/എസ് ടി സംരക്ഷണ നിയമത്തിന്റെ ആനുകൂല്യമില്ല : ആന്ധ്രാ ഹൈക്കോടതി

പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പുറപ്പെടുവിച്ച എസ് സി/എസ് ടി (അതിക്രമങ്ങൾ തടയൽ) നിയമത്തിന്റെ സംരക്ഷണം മതം മാറിയ ഒരാൾക്ക് ലഭിക്കില്ലെന്ന് ആന്ധ്രാപ്രദേശ് ഹൈക്കോടതി. ക്രിസ്തുമതം സ്വീകരിച്ച ഒരു വ്യക്തിക്ക് ജാതി സർട്ടിഫിക്കറ്റ് റദ്ദാക്കാത്തതുകൊണ്ടുമാത്രം പട്ടിക വിഭാഗങ്ങൾക്കുള്ള സംരക്ഷണ നിയമത്തിന്റെ ആനുകൂല്യം ലഭിക്കില്ലെന്നും ക്രിസ്തുമതം സ്വീകരിച്ച ദിവസം മുതൽ പട്ടികജാതി സമൂഹത്തിലെ അംഗമല്ലാതായി എന്നും കോടതി വ്യക്തമാക്കി. ജസ്റ്റിസ് എൻ. ഹരിനാഥിന്റെ സിംഗിൾ ബെഞ്ചാണ് വിധി പ്രസ്താവിച്ചത്.




ആന്ധ്രാപ്രദേശിലെ ഗുണ്ടൂർ സ്വദേശിയായ പരാതിക്കാരനെ എതിർകക്ഷികൾ ദേഹോപദ്രവം ഏൽപിച്ചതിനെതിരെ പട്ടികജാതി/പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം പോലീസിൽ നൽകിയ പരാതി, പരാതിക്കാരൻ ക്രിസ്തുമതം സ്വീകരിച്ചതിനാൽ നിലനിൽക്കില്ലെന്ന് എതിർകക്ഷികൾ വാദിക്കുകയും തുടർന്ന് ആന്ധ്രാ ഹൈക്കോടതിയെ സമീപിക്കുകയുമായിരുന്നു. ക്രിസ്തുമതത്തിൽ ജാതി വ്യവസ്ഥ ബാധകമല്ലാത്തതിനാൽ വളരെക്കാലമായി ക്രിസ്തുമത വിശ്വാസിയായ പരാതിക്കാരന് പട്ടികവർഗ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ബാധകമല്ലെന്ന് വാദിഭാഗം കോടതിയെ ബോധിപ്പിച്ചു. ഒരാൾ ഹിന്ദുമതം ഒഴികെയുള്ള മറ്റ് ഏതെങ്കിലും മതത്തിലേക്ക് പരിവർത്തനം ചെയ്താൽ പട്ടികജാതി പദവി നഷ്ടപ്പെടുമെന്ന് 1950 ലെ ഭരണഘടന (പട്ടികജാതി) ഉത്തരവിൽ വ്യക്തമാക്കുന്നു.

# പാഴ്‌വസ്തു സംഭരണ കേന്ദ്രം

നിയമസഭാ സമുച്ചയത്തിൽ നിർമ്മിച്ച പാഴ്‌വസ്തു സംഭരണ കേന്ദ്രത്തിന്റെ ഉദ്ഘാടനം 2025 ഏപ്രിൽ 23 ന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവ്വഹിച്ചു. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, വേസ്റ്റ് മാനേജ്മെന്റ് സ്പെഷ്യൽ സെക്രട്ടറി അനുപമ റ്റി.വി., ഐ.എ.എസ്, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ്



ഡയറക്ടർ ജി.കെ. സുരേഷ്കുമാർ, നിയമസഭാ ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ക്ലീൻ കേരള കമ്പനി ലിമിറ്റഡാണ് സംഭരണ കേന്ദ്രം നിർമ്മിച്ചത്.

# നിയമസഭാ ദിനാചരണം

നിയമസഭാ ദിനം സമുചിതമായി ആഘോഷിച്ച് കേരള നിയമസഭ. ദിനാചരണത്തോടനുബന്ധിച്ച് 2025 ഏപ്രിൽ 27 ന് നിയമസഭാ സമുച്ചയത്തിലെ ദേശീയ നേതാക്കളുടെ പ്രതിമകളിൽ സ്പീക്കർ എ.എൻ. ഷംസീർ പുഷ്പാർച്ചന നടത്തി.

ഏപ്രിൽ 25 മുതൽ മേയ് 1 വരെ നിയമസഭാ മന്ദിരവും പരിസരവും ദീപാലംകൃതമാക്കിയിരുന്നു. ഈ ദിവസങ്ങളിൽ രാവിലെ 10.30 മുതൽ രാത്രി 8 വരെ നിയമസഭാ ഹാളിലും നിയമസഭാ മ്യൂസിയത്തിലും പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചിരുന്നു. ഒൻപതിനായിരത്തിലധികം പേർ ഈ ദിനങ്ങളിൽ നിയമസഭ സന്ദർശിച്ചു.



# ചിത്രജാലകം




*അറുപത്തെട്ടാമത്* ***കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിന്റെ*** *ഭാഗമായ പ്രീ കോൺഫറൻസ് ടൂറിൽ ജപ്പാനിലെത്തിയ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ടോക്യോയിൽ ഇന്ത്യൻ എംബസി സന്ദർശിച്ചപ്പോൾ.*



*ബഹാമസിന്റെ തലസ്ഥാനമായ നാസാവുയിൽ 2025 ഏപ്രിൽ 28 മുതൽ മേയ് 2 വരെ സംഘടിപ്പിച്ച* ***കോമൺവെൽത്ത് വിമെൻസ് പാർലമെന്റേറിയൻസ് വർക്ക്ഷോപ്പിൽ*** *കേരള നിയമസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്ത സാമാജികരായ പി. കെ. ബഷീർ, യു. പ്രതിഭ എന്നിവർ മറ്റ് പ്രതിനിധികൾക്കൊപ്പം.*

# ചിത്രജാലകം



യാക്കോബായ സഭാധ്യക്ഷൻ ശ്രേഷ്ഠ കാതോലിക്കാ ബസേലിയസ് ജോസഫ് പ്രഥമൻ ബാവയെ സ്പീക്കർ എ.എൻ. ഷംസീർ സഭാ ആസ്ഥാനത്ത് സന്ദർശിച്ചപ്പോൾ



കേരള നിയമസഭ സന്ദർശിച്ച ഗോവ ലെജിസ്ലേച്ചേഴ്സ് ഫോറം അംഗങ്ങൾ സ്പീക്കർ എ.എൻ. ഷംസീർ, നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ എന്നിവർക്കൊപ്പം

## ഫ്രാൻസിസ് മാർപാപ്പ



ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പ (88) 2025 ഏപ്രിൽ 21 ന് കാലം ചെയ്തു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ രാജിവച്ചതിനെ തുടർന്നാണ്, അർജന്റീയിലെ ബ്യൂനസ് ഐറിസ് ആർച്ച് ബിഷപ്പായിരുന്ന കർദിനാൾ ജോർജ് മാരിയോ ബർഗോളിയോ 2013 മാർച്ച് 13 ന് കത്തോലിക്കാ സഭയുടെ 266-മത് മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ നിന്നുള്ള ആദ്യ മാർപാപ്പയും യൂറോപ്പിന് പുറത്തുനിന്നുള്ള രണ്ടാമത്തെ മാർപാപ്പയുമാണ് അദ്ദേഹം. എല്ലായ്പ്പോഴും ശാന്തനും പ്രസന്ന വദനനുമായിരുന്ന അദ്ദേഹത്തിന്റെ വിനയാന്വിതമായ പെരുമാറ്റവും സാമൂഹ്യ നീതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. 'ഫ്രാൻസിസ്' എന്ന പേര് സ്വീകരിക്കുന്ന ആദ്യ മാർപാപ്പയാണ് അദ്ദേഹം.

സഭയ്ക്കുള്ളിലും പുറത്തും നവീകരണത്തിന്റെ വക്താവായിരുന്ന ഫ്രാൻസിസ് മാർപാപ്പ ലോക രാഷ്ട്രീയത്തിൽ നിർണ്ണായക ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ക്യൂബയും അമേരിക്കയും തമ്മിലുള്ള ശീതയുദ്ധത്തിന് അയവുവരുത്തുന്നതിൽ പങ്കുവഹിച്ചിട്ടുള്ള അദ്ദേഹം, അഭയാർഥികളോട് മുഖം തിരിക്കാനുള്ള യൂറോപ്പിന്റെ പ്രവണതയെ വിമർശിച്ചിരുന്നു. പീഡനങ്ങളിലും കുറ്റകൃത്യങ്ങളിലും ഉൾപ്പെട്ട വൈദികർക്കും മെത്രാൻമാർക്കുമെതിരെ അച്ചടക്ക നടപടിയെടുത്ത അദ്ദേഹം സഭാഭരണത്തിൽ വനിതകൾക്ക് പ്രാതിനിധ്യം നൽകുന്നതിലും ഭിന്നലൈംഗിക വിഭാഗങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനും മുൻകൈയെടുത്തു. യുദ്ധം അവസാനിപ്പിക്കാനും ലോക സമാധാനത്തിനും ആഹ്വാനം ചെയ്തുകൊണ്ടാണ് മാർപാപ്പ ഈ ലോകത്തോട് വിട പറഞ്ഞത്.

## ഡോ. കെ. കസ്തൂരിരംഗൻ



മുൻ രാജ്യസഭാംഗവും വിഖ്യാത ബഹിരാകാശ ശാസ്ത്രജ്ഞനുമായ ഡോ. കെ. കസ്തൂരിരംഗൻ (84) 2025 ഏപ്രിൽ 25 ന് അന്തരിച്ചു. 2003 ആഗസ്റ്റ് 27 മുതൽ 2009 ജൂലൈ വരെ രാജ്യസഭാംഗമായിരുന്ന അദ്ദേഹം ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) ചെയർമാൻ (1994-2003), സ്പേസ് കമ്മീഷൻ സെക്രട്ടറി, ആസൂത്രണ കമ്മീഷൻ അംഗം (2009-14), ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാല വൈസ് ചാൻസലർ, ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എന്നിവയുടെ നോൺ എക്സിക്യൂട്ടീവ് ചെയർമാൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ രാജസ്ഥാൻ കേന്ദ്ര സർവകലാശാല ചാൻസലറായിരുന്നു. പശ്ചിമഘട്ട സംരക്ഷണത്തിന് മാധവ് ഗാഡ്ഗിൽ തയ്യാറാക്കിയ റിപ്പോർട്ട് പുന:പരിശോ

ധിക്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ച സമിതിയുടെ ചെയർമാനെന്ന നിലയിൽ കസ്തൂരിരംഗൻ സമർപ്പിച്ച റിപ്പോർട്ട് ചർച്ച ചെയ്യപ്പെട്ടു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (എൻ.ഇ.പി. 2020) രൂപീകരണ സമിതി തലവനുമായിരുന്നു. പത്മശ്രീ (1982), പത്മഭൂഷൺ (1992), പത്മവിഭൂഷൺ (2000) ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

കൊച്ചി ചിറ്റൂർ റോഡ് സമൂഹമഠത്തിൽ കൃഷ്ണ സ്വാമിയുടെയും വിശാലാക്ഷിയുടെയും മകനായി 1940 ഒക്ടോബർ 24 നാണ് കസ്തൂരിരംഗൻ ജനിച്ചത്. ബോംബെ സർവകലാശാലയിൽ നിന്ന് ഫിസിക്സിൽ മാസ്റ്റേഴ്സ് ബിരുദം നേടിയ അദ്ദേഹം അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയിൽ ജോലി ചെയ്യവെ എക്സ്പിരിമെന്റൽ ഹൈ എനർജി അസ്ട്രോണമിയിൽ ഡോക്ടറേറ്റ് നേടി. ഇന്ത്യയുടെ ആദ്യ ഭൗമ നിരീക്ഷണ ഉപഗ്രഹമായ ആര്യഭട്ട വിക്ഷേപണത്തിലും ചന്ദ്രയാൻ പദ്ധതികളുടെ ആവിഷ്കാരത്തിലും പങ്കാളിയായ കസ്തൂരിരംഗൻ, ഭാസ്കര 1, ഭാസ്കര 2 (1976–1983) ഉപഗ്രഹ വിക്ഷേപണങ്ങളുടെയും വിദൂര സംവേദന ഉപഗ്രഹങ്ങളു (ഐ.ആർ.എസ്.) ടെയും (1980–1983) പ്രോജക്ട് ഡയറക്ടർ ആയി പ്രവർത്തിച്ചിട്ടുണ്ട്. ദേശീയ, അന്തർദേശീയ ജേർണലുകളിൽ ജ്യോതിശാസ്ത്ര, ബഹിരാകാശ ശാസ്ത്ര സംബന്ധിയായ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്

പരേതയായ ലക്ഷ്മിയാണ് ഭാര്യ. മക്കൾ സഞ്ജയ്, രാജേഷ്.

## എം.ജി.എസ്. നാരായണൻ



പ്രശസ്ത ചരിത്രകാരൻ എം.ജി.എസ്. നാരായണൻ (92) 2025 ഏപ്രിൽ 26 ന് അന്തരിച്ചു. ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിലിന്റെ അധ്യക്ഷനായിരുന്ന അദ്ദേഹം 1976 മുതൽ 1990 വരെ കാലിക്കറ്റ് സർവകലാശാല ചരിത്ര വിഭാഗത്തിന്റെ തലവനായും പ്രവർത്തിച്ചിട്ടുണ്ട്. ആർക്കൈവ്സ് സാങ്കേതിക ഉപദേശക സമിതി ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു. ചേര രാജാക്കന്മാരെക്കുറിച്ച് ആദ്യമായി ആധികാരിക പഠനം നടത്തിയ എം.ജി. എസിന്റെ 'പെരുമാൾസ് ഓഫ് കേരള' ഏറെ ശ്രദ്ധിക്കപ്പെട്ട പുസ്തകമാണ്. ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ സർവകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഡോ. പി.കെ. ഗോവിന്ദമേനോന്റെയും മുറ്റായിൽ നാരായണി അമ്മയുടെയും മകനായി 1932 ആഗസ്റ്റ് 20 നാണ് എം.ജി.എസ്. നാരായണൻ ജനിച്ചത്. പരപ്പനങ്ങാടിയിലും പൊന്നാനി എ.വി. സ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഒന്നാം റാങ്കോടെ ചരിത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ അദ്ദേഹം ഗുരുവായൂരപ്പൻ കോളജിൽ അധ്യാപകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. യു.ജി.സി. ഫെലോഷിപ്പോടെയാണ് ചരിത്ര ഗവേഷണം ആരംഭിച്ചത്. കേരള ചരിത്രം, തമിഴക ചരിത്രം, പ്രാചീന ഭാരതീയ ചരിത്രം, ചരിത്രരചനാ പദ്ധതി എന്നീ മേഖലകളിലെ ഗവേഷണത്തിലാണ് ശ്രദ്ധ പതിപ്പിച്ചത്. വട്ടെഴുത്ത്, കോലെഴുത്ത്, സംസ്കൃതം മുതലായവയിൽ അദ്ദേഹത്തിന് അഗാധ പാണ്ഡിത്യമുണ്ടായിരുന്നു. സ്വാതന്ത്ര്യാനന്തരമുള്ള കേരളത്തിന്റെയും ഇന്ത്യയുടെയും സാമൂഹിക രാഷ്ട്രീയ സാംസ്കാരിക പരിണാമത്തെക്കുറിച്ചുള്ള രേഖകളെ ആസ്പദമാക്കി രചിച്ച 'ജാലകങ്ങൾ' എന്ന പുസ്തകത്തിന് 2019 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. കോഴിക്കോടിന്റെ ചരിത്രത്തിൽ ചില ഏടുകൾ, കോഴിക്കോടിന്റെ കഥ, Cultural Symbiosis in Kerala, Aspects of Aryanisation in Kerala, മലബാർ, കേരള ചരിത്രത്തിന്റെ ആധാരശിലകൾ, സെക്കുലർ ജാതിയും സെക്കുലർ മതവും, സാഹിത്യാപരാധങ്ങൾ, ഒരു ചരിത്രാന്വേഷിയുടെ വഴികൾ എന്നിവ പ്രധാന കൃതികളാണ്.

ഭാര്യ പ്രേമലത. നാലു മക്കളുണ്ട്.

## ഷാജി എൻ. കരുൺ



മലയാള സിനിമയെ രാജ്യാന്തര തലത്തിൽ പ്രശസ്തമാക്കിയ വിഖ്യാത സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ. കരുൺ, (73) 2025 ഏപ്രിൽ 28 ന് അന്തരിച്ചു. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ആദ്യ ചെയർമാനായിരുന്ന അദ്ദേഹം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാനും പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാന പ്രസിഡന്റുമായി പ്രവർത്തിച്ചിട്ടുണ്ട്. രാജ്യം പത്മശ്രീ പുരസ്കാരം നൽകി ആദരിച്ച അദ്ദേഹത്തിന് ഫ്രഞ്ച് സർക്കാരിന്റെ ഷെവലിയർ ബഹുമതിയും ലഭിച്ചിട്ടുണ്ട്. ചലച്ചിത്ര രംഗത്തെ സമഗ്ര സംഭാവനയ്ക്ക് സംസ്ഥാന സർക്കാരിന്റെ ജെ.സി. ഡാനിയേൽ പുരസ്കാരത്തിനും അർഹനായി.

പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് രാഷ്ട്രപതിയുടെ സ്വർണ്ണമെഡലോടെയാണ് ഷാജി എൻ. കരുൺ പഠനം പൂർത്തിയാക്കിയത്. 1988 ൽ ആദ്യമായി സംവിധാനം നിർവ്വഹിച്ച ചലച്ചിത്രം 'പിറവി'ക്ക് മികച്ച ചലച്ചിത്രത്തിനും സംവിധായകനുമുള്ള ദേശീയ പുരസ്കാരവും 'വാനപ്രസ്ഥം', 'കുട്ടിസ്രാങ്ക്' എന്നീ ചലച്ചിത്രങ്ങൾക്ക് മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ പുരസ്കാരവും ലഭിച്ചു. 'പിറവി' നിരവധി ദേശീയ അന്തർദേശീയ ഫിലിം ഫെസ്റ്റിവലുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും കാൻ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ പ്രത്യേക പരാമർശം നേടുകയും ചെയ്തപ്പോൾ രണ്ടാമത്തെ ചലച്ചിത്രം 'സ്വം' കാനിൽ മത്സര വിഭാഗത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. നാൽപതോളം ചലച്ചിത്രങ്ങളുടെ ഛായഗ്രാഹകനായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന് 1979 ൽ 'തമ്പ്' മികച്ച ഛായാഗ്രാഹകനുള്ള ദേശീയ പുരസ്കാരം നേടിക്കൊടുത്തു. 'കാഞ്ചനസീത', 'എസ്തപ്പാൻ', 'ഒന്നു മുതൽ പൂജ്യം വരെ' എന്നീ ചിത്രങ്ങളുടെ ഛായാഗ്രഹണത്തിന് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. നിരവധി ലഘു ചിത്രങ്ങളും സംവിധാനം ചെയ്തിട്ടുള്ള അദ്ദേഹത്തിന് 1996 ൽ മികച്ച ലഘു ചിത്ര സംവിധായകനുള്ള രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ ലഭിച്ചു.

ഭാര്യ അനസൂയ. രണ്ട് മക്കൾ.

## ലിയോ പതിനാലാമൻ പുതിയ മാർപാപ്പ



കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനും വത്തിക്കാൻ സിറ്റിയുടെ രാഷ്ട്രത്തലവനുമായി ലിയോ പതിനാലാമൻ മാർപാപ്പ 2025 മേയ് 18 ന് ചുമതലയേറ്റു. ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തെ തുടർന്നാണ് കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്ത് കത്തോലിക്കാ സഭയുടെ 267 ാം മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. കർദിനാൾ സ്ഥാനമേറ്റ് രണ്ടാം വർഷമാണ് അമേരിക്കൻ, പെറുവിയൻ പൗരത്വങ്ങളുള്ള ഇദ്ദേഹം മാർപാപ്പ പദവിയിലെത്തുന്നത്. നാവികസേനാ ഉദ്യോഗസ്ഥനായ ലൂയിസ് മാരിയസ് പ്രെവോസ്തിന്റെയും മിൽഡ്രഡ് മാർട്ടിനെസിന്റെയും മകനായി 1955 സെപ്റ്റംബർ 14 ന് അമേരിക്കയിലെ ചിക്കാഗോയിൽ ജനിച്ച അദ്ദേഹം 1992 ൽ വൈദികനായി അഭിഷിക്തനായി. 2001 ൽ പെറുവിലെ ട്രുജിയോ രൂപതയിൽ മെത്രാനായി. 2019 ൽ ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ വത്തിക്കാന്റെ ബിഷപ്പുമാർക്കുള്ള സിനഡിന്റെ തലവനായി നിയമിച്ചു. അഗസ്തീനിയൻ സന്യാസക്രമത്തിൽ നിന്നുള്ള ആദ്യ മാർപാപ്പയാണ് ലിയോ പതിനാലാമൻ.

## ദുരന്ത നിവാരണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി നാഗാലാൻഡ്




സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സമയബന്ധിതമായ സാമ്പത്തിക പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ഡിസാസ്റ്റർ റിസ്ക് ട്രാൻസ്ഫർ പാരാമെട്രിക് ഇൻഷുറൻസ് സൊല്യൂഷൻ (ഡി.ആർ.ടി.പി.എസ്.) എന്ന ദുരന്ത നിവാരണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി നാഗാലാൻഡ്. ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് നാഗാലാൻഡ്. ഇതിനായി നാഗാലാൻഡ് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (എൻ.എസ്.ഡി.എം.എ.) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ ഇൻഷ്വറൻസുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. സംസ്ഥാനം മുഴുവൻ സമഗ്ര പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയിൽ ഇൻഷ്വറൻസ് പ്രീമിയം തുക സർക്കാരാണ് വഹിക്കുന്നത്. വിവിധ പ്രകൃതി ദുരന്തങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതുമൂലം ദുരന്ത പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും ദീർഘകാല സാമ്പത്തിക ആഘാതങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിതമായി സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിനും കഴിയും.

## നിയമസഭാ നടപടികൾ ആംഗ്യഭാഷയിൽ സംപ്രേഷണം ചെയ്ത് പഞ്ചാബ് വിധാൻ സഭ

ഭിന്നശേഷിക്കാരായ ജനവിഭാഗങ്ങൾക്ക് സർക്കാർ നയങ്ങളെയും നിയമസഭാ നടപടികളെയും ചർച്ചകളെയും സംബന്ധിച്ച് അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഗവർണ്ണറുടെ പ്രസംഗം ആംഗ്യഭാഷയിൽ സംപ്രേഷണം ചെയ്ത് പഞ്ചാബ് വിധാൻസഭ. വിധാൻ സഭയുടെ പതിനാറാം സമ്മേളനത്തിലാണ് ഗവർണ്ണറുടെ പ്രസംഗം ആംഗ്യഭാഷയിൽ സംപ്രേഷണം ചെയ്തത്. നിയമസഭാ നടപടികൾ ആംഗ്യഭാഷയിൽ സംപ്രേഷണം ചെയ്യുന്ന ആദ്യ സംസ്ഥാനമാണ് പഞ്ചാബ്. സംസ്ഥാന സാമൂഹ്യ സുരക്ഷാ വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ ആശയമായിരുന്നു ഇത്. ഇതിലേക്കായി 2016 ലെ വികലാംഗ അവകാശ നിയമത്തിലെ വൈകല്യമുള്ളവർക്ക് ആശയവിനിമയ സംവിധാനങ്ങൾ പ്രാപ്യമാക്കൽ വകുപ്പ് (വകുപ്പ് 40) പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്യുകയും ഈ നിർദ്ദേശം സ്പീക്കർ കുൽതർ സിംഗ് സന്ധ്വാൻ അംഗീകരിക്കുകയുമായിരുന്നു.

**സെപ്റ്റംബർ 23: ലോക ആംഗ്യഭാഷാ ദിനം**

ബധിരരുടെ മനുഷ്യാവകാശങ്ങൾ പൂർണ്ണമായി മനസ്സിലാക്കുന്നതിനും ആംഗ്യഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി എല്ലാ വർഷവും സെപ്റ്റംബർ 23 അന്താരാഷ്ട്ര ആംഗ്യഭാഷാ ദിനമായി ആചരിക്കുന്നു. 2017 ലാണ് യു.എൻ. ജനറൽ അസംബ്ലി സെപ്റ്റംബർ 23 ലോക ആംഗ്യഭാഷാ ദിനമായി ആചരിക്കാൻ തീരുമാനിച്ചത്.

## 'കോളനി' എന്ന പ്രയോഗം നീക്കി തമിഴ്നാട് സർക്കാർ



കേരളത്തിന് പിന്നാലെ 'കോളനി' എന്ന പ്രയോഗം നീക്കി തമിഴ്നാട് സർക്കാർ. പട്ടിക വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളെ വിശേഷിപ്പിക്കുന്ന കോളനി എന്ന പ്രയോഗം സർക്കാർ ഉത്തരവുകളിൽ നിന്നും രേഖകളിൽ നിന്നും നീക്കുമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ നിയമസഭയിൽ പറഞ്ഞു. ജാതി വിവേചനത്തിന്റെയും തൊട്ടുകൂടായ്മയുടെയും പ്രതീകമാണ് കോളനി എന്ന പ്രയോഗമെന്നും അവ സർക്കാർ രേഖകളിൽ നിന്നും നീക്കുക മാത്രമല്ല, ജനങ്ങൾ കോളനി എന്ന വാക്ക് ഉപയോഗിക്കാതിരിക്കാനുള്ള ശ്രമങ്ങൾ നടത്തുമെന്നും അദ്ദേഹം അറിയിച്ചു. കോളനി പ്രയോഗം ദളിതരെ അപമാനിക്കുന്നതിന് തുല്യമാണ്; അതൊഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് വിസികെ എം.എൽ.എ. സിന്തരെ സെൽവൻ ആവശ്യപ്പെട്ടിരുന്നു. ഇതിനു മറുപടിയായിട്ടാണ് സ്റ്റാലിന്റെ പ്രഖ്യാപനം.

കേരളം 2024 ജൂൺ 18 ന് കോളനി എന്ന പ്രയോഗം ഔദ്യോഗികമായി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കോളനി എന്ന പദം ഒഴിവാക്കണമെന്നും പകരം നഗർ, ഉന്നതി, പ്രകൃതി തുടങ്ങിയ വാചകങ്ങൾ ഉപയോഗിക്കണമെന്നുമായിരുന്നു സർക്കാർ ഉത്തരവ്.

# കൊച്ചി

## സാംസ്കാരിക വൈവിധ്യത്തിന്റെ നാട്



**കെ.ജെ. മാക്സി, എം.എൽ.എ. കൊച്ചി**



എ.ഡി. 1341 ൽ പെരിയാറിലുണ്ടായ പ്രകൃതി ക്ഷോഭത്തിൽ ഉരുത്തിരിഞ്ഞ ഭൂപ്രദേശത്തിൽ ഇന്നത്തെ ഫോർട്ടുകൊച്ചി മട്ടാഞ്ചേരി പ്രദേശത്ത് കൊച്ചി തുറമുഖം രൂപപ്പെട്ടെന്നാണ് ചരിത്രം. ഫോർട്ടുകൊച്ചിയും മട്ടാഞ്ചേരിയും ഉൾപ്പെടെ കൊച്ചി നഗരസഭയിലെ ഫോർട്ടുവൈപ്പിൻ മുതൽ മുണ്ടംവേലി, മാനാശേരി, സൗദി, കണ്ണമാലി, നസ്രത്ത്, പനയപ്പിള്ളി, തോപ്പുംപടി പ്രദേശങ്ങളും കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളും പള്ളുരുത്തിയുടെ ചെറിയഭാഗവും കൊച്ചി നിയമസഭാ മണ്ഡലത്തിന്റെ ഭാഗമാണ്.

പടിഞ്ഞാറ് അറബിക്കടലും കിഴക്കുവടക്ക് വേമ്പനാട് കായലുമാണ് മണ്ഡലത്തിന്റെ അതിർത്തികൾ. കടലും കായലും സന്ധിക്കുന്ന ഫോർട്ടുകൊച്ചിയിലും ഫോർട്ടുവൈപ്പിനിലും കൊച്ചിയുടെ മുഖമുദ്രയായ ചീനവലകളുടെ നിര കാണാം കടലിന്റെയും കായലിന്റെയും സാമീപ്യത്താൽ മീൻപിടിത്തവുമായി ബന്ധപ്പെട്ട വലിയ ജനസമൂഹമുണ്ട് കൊച്ചി മണ്ഡലത്തിൽ.

കൊച്ചിതുറമുഖം രൂപപ്പെട്ടത് മുതൽ അറബികളും ചൈനക്കാരും പോർച്ചുഗീസുകാരും ഡച്ചുകാരും ബ്രിട്ടീഷുകാരും കപ്പലുകളിൽ കൊച്ചിയിലെത്തി. 'കറുത്തപൊന്ന്' എന്ന് വിശേഷിപ്പിച്ച കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധവ്യഞ്ജനങ്ങൾ കൊച്ചി തുറമുഖത്തുനിന്നും കപ്പലുകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൊണ്ടുപോയി. അതേ സമയം, കച്ചവടത്തിനും ജോലിക്കുമായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്ന് നിരവധിയാളുകൾ കൊച്ചിയിലേക്ക് കുടിയേറിയിട്ടുമുണ്ട്. മലയാളം കൂടാതെ തമിഴ്, തുളു, കന്നഡ, തെലുങ്ക്, ഉറുദു, കൊങ്കണി, മറാത്തി, ഗുജറാത്തി, കച്ചി, രാജസ്ഥാനി, ഹര്യാൺവി, ഹിന്ദി, കാശ്മീരി, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കുന്ന മുപ്പതിൽ പരം സമൂഹങ്ങൾ ഇന്നും ഫോർട്ടുകൊച്ചി മട്ടാഞ്ചേരി പ്രദേശത്ത് താമസിക്കുന്നുണ്ട്. ഇവർ വിവിധ മതക്കാരാണ്. ഇവരുടെ സഹവാസം കൊച്ചിക്ക് സാംസ്കാരിക വൈവിധ്യത്തിന്റെ സൗന്ദര്യം നൽകുന്നു.

### പൗരാണിക നിർമ്മിതികൾ

ഫോർട്ടുകൊച്ചിയിൽ എ.ഡി. 1503 ൽ പോർച്ചുഗീസുകാർ നിർമ്മിച്ച 'ഇമ്മാനുവൽകോട്ട' ഇന്ത്യയിലെ ആദ്യ യൂറോപ്യൻ കോട്ടയാണ്. കോട്ടപ്രദേശത്ത് പോർച്ചുഗീസുകാർ നിർമ്മിച്ച സെന്റ് ഫ്രാൻസിസ് പള്ളി ഇന്നും അനേകംപേർ സന്ദർശിക്കുന്നുണ്ട്. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള യൂറോപ്യൻ നിർമ്മിത പള്ളിയാണിത്. 1524 ഡിസംബർ 24 ന് കൊച്ചിയിൽ അന്തരിച്ച



പോർച്ചുഗീസ് നാവികൻ വാസ്കോ ഡ ഗാമയെ ഈ പള്ളിയിലാണ് സംസ്ക്കരിച്ചത്. 1505 ൽ പോർച്ചുഗീസുകാർ നിർമ്മിച്ചതാണ് ഫോർട്ടുകൊച്ചിയിലെ സാന്താക്രൂസ് ബസിലിക്ക. കൊച്ചി രൂപതയുടെ കീഴിലുള്ള ബസിലിക്ക ഗോഥിക്ക് ശൈലിയിലാണ് നിർമ്മിച്ചിട്ടുള്ളത്. കൊച്ചി രൂപതയുടെ ആസ്ഥാനമായ ബിഷപ്പ്സ് ഹൗസ് ഫോർട്ടുകൊച്ചിയിലാണ്. ബിഷപ്പ്സ് ഹൗസിന് സമീപമുള്ള മ്യൂസിയത്തിൽ കൊച്ചിയിലെ പഴയ പള്ളികളിൽ നിന്നുള്ള വസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്നു.

കൊച്ചിതുറമുഖം രൂപപ്പെട്ട് നാല് പതിറ്റാണ്ട് പിന്നിട്ടപ്പോൾ സ്ഥാപിക്കപ്പെട്ട കൽവത്തി ജുമാ മസ്ജിദ്, കേരളീയ തച്ച്പണിയുടെ ഭംഗിയിൽ നിർമ്മിക്കപ്പെട്ട ചെമ്പിട്ട പള്ളി എന്നിവ കൊച്ചിയുടെ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാണ്. മട്ടാഞ്ചേരിയിലെ ജ്യൂടൗൺ പേര് സൂചിപ്പിക്കുന്നതുപോലെ ജൂതൻമാരുടെ ടൗണായിരുന്നു. 1567 ൽ കൊച്ചിരാജാവ് നൽകിയ ഭൂമിയിൽ ജൂതൻമാർ നിർമ്മിച്ചതാണ് ജ്യൂടൗൺ. ജ്യൂടൗണിൽ 1568 ൽ നിർമ്മിച്ച പരദേശി സിനഗോഗിൽ അനുദിനം അനേകം സന്ദർശകരെത്തുന്നു.

ജൂതവ്യാപാരി കോഡറിന്റെ നേതൃത്വത്തിൽ 1926 ജൂലായ് 1 ന് രജിസ്റ്റർ ചെയ്ത കൊച്ചിൻ ഇലക്ട്രിക് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായിരുന്നു അക്കാലത്തെ കൊച്ചിയിലെ വൈദ്യുതി വിതരണക്കാർ. 1979 ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഏറ്റെടുക്കുന്നതുവരെ കൊച്ചിയിൽ വൈദ്യുതി വിതരണം കോഡറിന്റെ കമ്പനിയുടേതായിരുന്നു. ജ്യൂടൗണിൽ 1997 ൽ സ്ഥാപിക്കപ്പെട്ട ഇന്ത്യ പെപ്പർ ആന്റ് സ്പൈസ് ട്രേഡ് അസ്സോസിയേഷന്റെ 'പെപ്പർ എക്സ്ചേഞ്ച്'കുരുമുളകുവ്യാപാരം കൈകാര്യംചെയ്യുന്ന ലോകത്തിലെ ഒരേയൊരു പ്രസ്ഥാനമാണ്.

മട്ടാഞ്ചേരിയിലെ ഗുജറാത്തി റോഡ് കൊച്ചിയിലെ ഗുജറാത്താണ്. മട്ടാഞ്ചേരിയിൽ മാത്രം 650 ഗുജറാത്തി കുടുംബങ്ങളുണ്ട്. ഗുജറാത്തി സ്കൂളും കോളേജും ഗുജറാത്തികൾ കൊച്ചിക്ക് നൽകിയ വിലപ്പെട്ട സംഭാവനകളാണ്. മട്ടാഞ്ചേരി ജൈന അമ്പലം കൊച്ചിയുടെ സാംസ്കാരിക വൈവിധ്യത്താൽ ശോഭയോടെ നിലകൊള്ളുന്നു. കേരളത്തിലെ നാലായിരത്തി അഞ്ഞൂറോളം ജൈനമത അനുയായികളിൽ ആയിരത്തി തൊണ്ണൂറ് പേർ കൊച്ചിയിൽ താമസിക്കുന്നുവെന്നാണ് കണക്ക്. 1904 ൽ ഹിരുഭായ് ജീവരാജ് ധൻജി എന്ന ജൈനമതാനുയായി മുൻ കൈയെടുത്ത് നിർമ്മിച്ച ജൈനഅമ്പലത്തിൽ പതിനഞ്ചാമത് ജൈനതീർത്ഥങ്കരനായ ശ്രീ ധർമ്മനാഥ് ആരാധിക്കപ്പെടുന്നു. 'കൊച്ചി സ്വേദാംബർ മൂർത്തിപൂജക് സംഘം' ആണ് ജൈനഅമ്പലത്തിന്റെ മേൽനോട്ടക്കാർ. ഗുജറാത്തിലെ ജൈനഅമ്പലങ്ങളുടെ വാസ്തുവടിവിന്റെ പകർപ്പാണ് ഈ അമ്പലം. വിഗ്രഹാരാധകർ അല്ലാത്ത 'സ്ഥാനക് വാസികൾ' എന്ന് അറിയപ്പെടുന്ന ജൈനർ ജൈനഅമ്പലവളപ്പിലെ 'വിളക്കില്ലാഅമ്പലം' എന്ന് വിളിക്കുന്ന, വൈദ്യുതിയില്ലാത്ത, വിളക്ക് കത്തിക്കാത്ത പ്രത്യേക ഹാളിൽ പ്രാർത്ഥിക്കുന്നു. അഹിംസ വിശ്വാസമാക്കിയ ജൈനജീവിതത്തിൽ ചെറുപ്രാണികൾപോലും വിളക്കുതീയിൽ ചാകരുത് എന്നതിനാലാണ് പ്രാർത്ഥനാ ഹാളിൽ വൈദ്യുതിയും വിളക്കും ഇല്ലാത്തത്.

## ഡച്ചുകാലഘട്ടത്തിന്റെ സ്മരണയുണർത്തുന്ന നിർമ്മിതികൾ

1663 മുതൽ 1795 വരെ ഫോർട്ടുകൊച്ചി ഡച്ച് അധികാരത്തിലായിരുന്നു. അക്കാലത്ത് നിർമ്മിച്ച ഡച്ച് കോട്ട, 1724 ൽ നിർമ്മിച്ച ഡച്ച് സെമിത്തേരി, ജില്ലാ മ്യൂസിയം, ബാസ്റ്റ്യൺ ബംഗ്ലാവ്, ആർട്ട് ഗ്യാലറി, ഡേവിഡ് ഹാൾ എന്നിവ കൊച്ചിയുടെ ഡച്ച് ഭൂതകാലത്തെ പ്രതിനിധീകരിക്കുന്നു. കേരളത്തിലെ സസ്യ ഇനങ്ങളെ അടയാളപ്പെടുത്തിയ 'ഹോർത്തൂസ് മലബാറിക്കസ്' രചിച്ച ഡച്ച് ഗവർണ്ണറായിരുന്ന ഹെൻറിക്ക് വാൻ റീഡിന്റെ താമസസ്ഥലമായിരുന്നു ഡേവിഡ് ഹാൾ. ഹോർത്തൂസ് മലബാറിക്കസ് രചനയുടെ ഭാഗമായി ഫോർട്ടുകൊച്ചിക്ക് സമീപമുണ്ടാക്കിയ ഉദ്യാനത്തിന്റെ സ്മരണയുണർത്തുന്ന സ്ഥലനാമമാണ് 'ഓടത്ത'.

ബ്രിട്ടീഷുകാരുടെ വിനോദ കേന്ദ്രമായിരുന്ന 'ഇംഗ്ലീഷ് ക്ലബ്ബ്' ഇന്ന് 'കൊച്ചിൻ ക്ലബ്ബ്' എന്ന പേരിൽ ഫോർട്ടുകൊച്ചിയിലുണ്ട്.

കായലരികിലുള്ള ബ്രണ്ടൻ ബോട്ട് യാഡ് ഹോട്ടലും ആസ്പിൻവാൾ ഹൗസ് കെട്ടിടവും ഫോർട്ടു കൊച്ചിയിലെ ബ്രിട്ടീഷുകാല പ്രതീകങ്ങളാണ്.

**ഭാഷ, സംസ്കാരം**

കൊച്ചിയിൽ മലയാളം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജനങ്ങൾ സംസാരിക്കുന്ന ഭാഷ കൊങ്കണിയാണ്. പോർച്ചുഗീസുകാർ എ.ഡി. 1510 ൽ കീഴടക്കിയ ഗോവയിൽനിന്ന് വന്നവരായിരുന്നു കൊച്ചിയിലെ കൊങ്കണി ഭാഷക്കാരുടെ പൂർവ്വികർ. കൊങ്കണി സംസാരിക്കുന്ന ഗൗഢ സാരസ്വത ബ്രാഹ്മണ (ജി.എസ്.ബി) സമൂഹത്തിന്റെ ആരാധനാലയമാണ് എ.ഡി. 1599 ൽ നിർമ്മിക്കപ്പെട്ട 'ടി.ഡി അമ്പലം' എന്ന തിരുമല ദേവസ്വം അമ്പലം. ശ്രീ വെങ്കിടാചലപതിയാണ് ഇവിടത്തെ പ്രധാന പ്രതിഷ്ഠ. അമ്പലപരിസരത്തിന് 'ഗോശ്രീപുരം'എന്നാണ് പേര്. സസ്യാഹാരികളായ, പാലുൽപ്പന്നങ്ങൾ ധാരാളം ഉപയോഗിക്കുന്ന ജി.എസ്.ബി സമൂഹാംഗങ്ങൾ വീടുകളിൽ 'ഗോ'ക്കളെ അഥവാ പശുക്കളെ പരിപാലിച്ചതിനാൽ പരിസരത്തിന് ഗോശ്രീപുരമെന്ന് പേരുണ്ടായതായാണ് വാമൊഴിക്കഥ.

കൊങ്കണിഭാഷക്കാരായ വൈശ്യ വാണിയ സമുദായം പതിനാറാം നൂറ്റാണ്ടിൽ നിർമ്മിച്ച ഫോർട്ടുകൊച്ചി അമരാവതിയിലെ ശ്രീ ജനാർദ്ദന ദേവസ്വം അമ്പലത്തിലെ 'ഗൊഡ്ഡെ രാമായണം' എന്ന പാരായണാനുഷ്ഠാനം ഇന്ന് ഏറെ പഠനങ്ങൾക്ക് വിധേയമാകുന്നു. ജനാർദ്ദന അമ്പലത്തിന് സമീപത്തെ ആൽത്തറ ഭഗവതി അമ്പലത്തിലെ 'അന്നക്കളി' ഉത്സവവും ഏറെ അറിയപ്പെടുന്നതാണ്.

**കലാകായിക സാംസ്കാരികരംഗം**

ഇന്ത്യ സ്വതന്ത്രമായ 1947 ആഗസ്റ്റ് 15 ന് ഫോർട്ടുകൊച്ചി പരേഡ് ഗ്രൗണ്ടിൽ ഇന്ത്യൻപതാക ഉയർത്തി. പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് സൈന്യങ്ങൾ പരേഡ് നടത്തിയ 'പരേഡ് ഗ്രൗണ്ട്' കൊച്ചിയുടെ കായിക വിനോദങ്ങളുടെ പൈതൃകത്തെ പ്രതിനിധീകരിക്കുന്നു. 1973 ൽ കേരളം ആദ്യമായി സന്തോഷ് ട്രോഫി ഫുട്ബോൾ ജേതാക്കളാകുമ്പോൾ ടീമിലെ മൂന്ന് പ്രധാന കളിക്കാരായ ടി.കെ. ജാഫർ, സേവ്യർ പയസ്, വില്യംസ് എന്നിവർ ഈ പരേഡ് ഗ്രൗണ്ടിൽ കളിച്ചു വളർന്നവരായിരുന്നു. തലമുറകളെ ഫുട്ബാൾ പരിശീലിപ്പിച്ച 'അങ്കിൾ' എന്ന് അറിയപ്പെടുന്ന ഫുട്ബോൾ കോച്ച് റൂഫസ് ഡിസൂസയുടെ കർമ്മകേന്ദ്രം പരേഡ് ഗ്രൗണ്ടാണ്.

ഇന്ത്യയിലെ എക്കാലത്തെയും പ്രഗൽഭ ഗായകരിൽ ഒരാളായ 'ഗാനഗന്ധർവൻ' ഡോ. കെ. ജെ. യേശുദാസ് മുതൽ സംഗീത കലാകാരൻമാരുടെ നീണ്ടനിരയുണ്ട് കൊച്ചിയിൽ. നൂറുകണക്കിന് ഗാനങ്ങളാലപിച്ച എച്ച്. മെഹ്ബൂബ് കൊച്ചിയുടെ മറ്റൊരു പ്രതിഭയാണ്. മലയാളം ഗസ്സലുകൾ ജനകീയമാക്കിയ ഉമ്പായിയും കൊച്ചിക്കാരനായിരുന്നു.

1960 ൽ ഉദ്ഘാടനം ചെയ്ത കേരളത്തിലെ ആദ്യ 70 എം.എം സ്ക്രീനുള്ള സിനിമാ ഹാളായിരുന്നു സൈന തിയേറ്റർ. അതിന്റെ ഉടമ ടി.കെ. പരീക്കുട്ടി വ്യവസായി, സിനിമ നിർമ്മാതാവ് എന്നീ നിലകളിൽ പ്രശസ്തനാണ്. 1954 ൽ രാഷ്ട്രപതിയുടെ സ്വർണ്ണ മെഡൽ നേടിയ സിനിമ 'നീലക്കുയിൽ' നിർമ്മിച്ചത് ടി.കെ. പരീക്കുട്ടിയാണ്. 1938 ൽ ആദ്യ മലയാള സിനിമ 'ബാലൻ' ആദ്യമായി പ്രദർശിപ്പിച്ചത് മട്ടാഞ്ചേരിയിലുണ്ടായിരുന്ന സെലക്റ്റ് തിയറ്ററിലാണ്. കൊച്ചിയുടെ സിനിമാ പൈതൃകത്തിന്റെ പ്രതീകമാണ് തോപ്പുംപടിയിലെ പട്ടേൽ തിയറ്റർ. ഇന്ത്യയിലെ ഏറ്റവും വലിയ മനുഷ്യനിർമ്മിത ദ്വീപായ വില്ലിംഗ്ടൺ ഐലന്റും കൊച്ചി തുറമുഖവും രൂപകൽപ്പന ചെയ്ത ബ്രിട്ടീഷ് എഞ്ചിനീയർ സർ റോബർട്ട് ബ്രിസ്റ്റോയാണ് പട്ടേൽ തിയറ്റർ കെട്ടിടവും രൂപകൽപ്പന ചെയ്തതാണ്.. പട്ടേൽ തിയറ്ററിനു സമീപം വില്ലിംഗ്ടൺ ഐലന്റുമായി ബന്ധിപ്പിക്കുന്ന മട്ടാഞ്ചേരി പാലവും സർ റോബർട്ട് ബ്രിസ്റ്റോ രൂപകൽപ്പന ചെയ്താണ്. കപ്പൽ കടന്നുപോകുമ്പോൾ തടസ്സമില്ലാത്തവിധം പാലത്തിന്റെ നടുഭാഗം ഉയർന്നുമാറുന്ന എഞ്ചിനീയറിംഗ് സംവിധാനം മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നു. മലയാള, ഹോളിവുഡ് സിനിമകളിൽ അഭിനയിച്ച തോമസ് ബർളി കൊച്ചിക്കാരനാണ്.

സമ്പന്നമായ നാടക പാരമ്പര്യമുണ്ട് കൊച്ചിക്ക്. ആദ്യ സ്വതന്ത്ര മലയാള സംഗീത നാടകകാരൻ ചെല്ലാനം സ്വദേശി ആൻഡ്രൂസ് മാസ്റ്ററായിരുന്നുവെന്ന് പഠനം വ്യക്തമാക്കുന്നു. ആദ്യകാല പ്രശസ്ത നടി ലക്ഷ്മി പള്ളുരുത്തിക്കാരി. മുത്തയ്യ, എഡ്ഡി മാസ്റ്റർ, ചിദംബരൻ മാസ്റ്റർ, നെൽസൺ ഫെർണാണ്ടസ്, ടിപ്ടോപ് അസ്സീസ്, സി.പി. ആന്റണി, പി.ജി. ആന്റണി, പി.ബി ആന്റണി, നോർബർട്ട് പാവന, മാത്യു മറ്റം, കൊച്ചിൻ വർഗ്ഗീസ്, ചെല്ലാനം ജോൺ, പി.സി സേവ്യർ, കെ.പി.എ.സി ഖാൻ എന്നിങ്ങനെനീളുന്നു കൊച്ചിയുടെ നാടക സംസ്ക്കാരത്തിന്റെ വക്താക്കളുടെ നിര.

1936 ൽ കച്ചിമേമൻ അസോസിയേഷൻ സ്ഥാപിച്ച മട്ടാഞ്ചേരിയിലെ ഇക്ബാൽ ലൈബ്രറിയിൽ 2000 ൽ പരം ഉറുദു പുസ്തകങ്ങളുണ്ട്. കച്ചിമേമൻ സംസ്കാരത്തിൽ നിന്ന് പകർന്നുകിട്ടിയ മൈലാഞ്ചിയിടൽ കൊച്ചിയിൽ സ്ത്രീകളുടെ കലയായി വളർന്നിരിക്കുന്നു. മാപ്പിള പാട്ട്, ചവിട്ടുനാടകം, പരിചമുട്ട് കളി എന്നിവ ചരിത്രത്തിന്റെ ഭാഗമായി കൊച്ചിക്ക് ലഭിച്ച കലകളാണ്. 1817 ൽ സ്ഥാപിക്കപ്പെട്ട കൊച്ചിയിലെ ആദ്യ ഇംഗ്ലീഷ് മീഡിയം വിദ്യാലയം സെന്റ് ഫ്രാൻസിസ് എൽ.പി.സ്കൂൾ ഉൾപ്പെടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിരയുണ്ട് കൊച്ചിയിൽ.

കൊച്ചിയുടെ പശ്ചാത്തലത്തിൽ നോവലുകൾ എഴുതിയ ഖാലിദിന്റെ കൃതികൾ കൊച്ചി



ക്കാരുടെ ജീവിതം വരച്ചുകാട്ടുന്നു. കെ.എൽ ബർണ്ണാഡ് മാസ്റ്റർ, എൻ.കെ.എ. ലത്തീഫ് എന്നിവരുടെ പഠന എഴുത്തുകളിലൂടെ കൊച്ചിയുടെ പ്രാദേശികചരിത്രം അനാവരണം ചെയ്യപ്പെടുന്നുണ്ട്.

### സ്വാതന്ത്ര്യ സമര പാരമ്പര്യം

1925 മാർച്ച് 8 ന് ഫോർട്ടുകൊച്ചി കടൽത്തീരത്തും മട്ടാഞ്ചേരിയിലും മഹാത്മാഗാന്ധി പ്രസംഗിച്ചത് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് ഊർജ്ജം പകർന്നു. ഗാന്ധി ആശ്രമത്തിൽ അന്തേവാസിയായി ജീവിച്ച ഗുജറാത്തി സമുദായാംഗം മഥുര ആഷർ, ഭാര്യ മോത്തി ബെൻ, 'ജൂത ഗാന്ധി'യെന്ന് അറിയപ്പെട്ട എ.ബി. സാലെം, ജൈന സമുദായാംഗം പോപ്പട്ട് ലാൽ, ഗോവർധൻ ലാലൻ, കൊങ്കണിഭാഷക്കാരായ എൽ.ജി. പൈ, ഡോ. ജെ. ഭട്ട്, പ്രൊഫ. എസ്. പത്മനാഭൻ, ശിഖാമണി, സി. ദിവാകർ റാവു, സി.പി.രാമചന്ദ്രൻ, ആർ. സുന്ദർദാസ്, നൈനസമുദായാംഗം സൈനുദ്ദീൻ നൈന, കുരിശിങ്കൽ കുടുംബാംഗങ്ങളായ കെ.ജെ. ബെർളി, ആനി ബെർളി, കെ.ജെ. ലൂയിസ്, കെ.ജെ. ഏണസ്റ്റ്, കെ.ജെ. ബാസ്റ്റ്യൻ, കെ.ജെ. ഹെർഷൽ, ജോർജ് സേവ്യർ, തൊഴിലാളി സംഘടനാ നേതാക്കളായിരുന്ന ജി.എസ്.ധാരാസിംഗ്, കെ.കെ. വിശ്വനാഥൻ, കമ്മ്യൂണിസ്റ്റുകളായ ടി.എം. അബു, പി. ഗംഗാധരൻ, ജോർജ് ചടയൻമുറി, പള്ളുരുത്തി സ്വദേശി ഉദയഭാനു എന്നിവർ കൊച്ചിയിലെ സ്വാതന്ത്ര്യസമര പ്രവർത്തകരിൽ പ്രമുഖരാണ്.

### ചാപ്പ വിരുദ്ധ സമരത്തിന്റെ ഭൂമികയായ മട്ടാഞ്ചേരി

കൊച്ചിതുറമുഖത്ത് പ്രാകൃതമായ ചാപ്പസമ്പ്രദായത്തിന് എതിരെ നടന്ന സമരത്തിനു നേരെ 1953 സെപ്റ്റംബർ 15 ന് വെടിവയ്പുണ്ടായി. ഈ സംഭവത്തെ 'മട്ടാഞ്ചേരി വെടിവയ്പ്' എന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

നാണയം പോലുള്ള ലോഹവട്ടമായിരുന്നു ചാപ്പ. ചാപ്പയുമായി വരുന്നവർക്കേ തുറമുഖത്ത് കപ്പലിലെ കയറ്റിറക്ക് പണി ലഭിക്കുമായിരുന്നുള്ളു. തൊഴിലവസരങ്ങൾ കുറവായിരുന്ന സാമൂഹികാവസ്ഥയിൽ തൊഴിലാളികൾക്കിടയിലേക്ക് ചാപ്പ എറിഞ്ഞുകൊടുക്കും. ചാപ്പ കൈയിലാക്കാൻ തൊഴിലന്വേഷകർ മത്സരിച്ച് പരസ്പരം മല്ലിടുമായിരുന്നു. ഈ സമ്പ്രദായത്തിന് എതിരെ തൊഴിലാളി സംഘടനകൾ 1953 ജൂലൈ 1 ന് സമരം ആരംഭിച്ചു. സമരം നയിച്ച കമ്മ്യൂണിസ്റ്റ് നേതാവ് ടി.എം. അബുവിനെ അറസ്റ്റുചെയ്ത് കൊണ്ടുപോകുകയായിരുന്ന പൊലീസുവാഹനം സമരക്കാർ തടഞ്ഞു. തുടർന്നുണ്ടായ സംഭവങ്ങൾ വെടിവയ്പിലെത്തി. സംഭവത്തെ വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് അപലപിക്കുകയും ഫ്രാൻസിലും ജർമ്മനിയിലും സ്പെയിനിലും തൊഴിലാളികൾ പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

### തൊഴിലാളി സംഘടനയുടെ ഉദയം

ഇന്ത്യ സ്വതന്ത്രമാകുന്നതിന് ഒരുവർഷം മുമ്പ് 1946 മെയ് 12 ന് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തുറമുഖത്ത് ആദ്യ തൊഴിലാളി സംഘടന 'കൊച്ചിൻ പോർട്ട് കാർഗോ ലേബർ യൂണിയൻ' (സി.പി.സി.എൽ.യു) രൂപീകരിച്ചു. ജോർജ് ചടയൻമുറി, പി.ഗംഗാധരൻ, ടി.എം. അബു, സി. എക്സ്. ആന്റണി, സ്റ്റാലിൻ കുഞ്ഞുമുഹമ്മദ് എന്നിവരായിരുന്നു സ്ഥാപകനേതാക്കൾ. ചാപ്പ സമ്പ്രദായം അവസാനിപ്പിക്കുക എന്നത് സി.പി.സി.എൽ.യു.വിന്റെ മുദ്രാവാക്യമായിരുന്നു.

1949 മാർച്ച് 14 ന് രജിസ്റ്റർ ചെയ്ത മറ്റൊരു തൊഴിലാളി സംഘടനയാണ് കൊച്ചിതുറമുഖ തൊഴിലാളി യൂണിയൻ (സി.ടി.ടി.യു.). കെ.എച്ച് സുലൈമാൻ മാസ്റ്റർ, കെ.എം. സെയ്ത് മുഹമ്മദ്, എ.എ. കൊച്ചുണ്ണി മാസ്റ്റർ, എം.കെ. രാഘവൻ വക്കീൽ, ടി.പി. പീതാംബരൻ മാസ്റ്റർ, കെ.കെ വിശ്വനാഥൻ എന്നിവരായിരുന്നു സ്ഥാപക നേതാക്കൾ. 1953 ജനുവരി 31 ന് ജി. എസ്. ധാരാസിംഗിന്റെ നേതൃത്വത്തിൽ കോൺഗ്രസ് പാർട്ടി പിന്തുണയുള്ള കൊച്ചിൻ പോർട്ട് തൊഴിലാളി യൂണിയൻ (സി.പി.ടി.യു) രൂപീകരിച്ചു.

പതിനാറാം നൂറ്റാണ്ട് മുതൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെ കൊച്ചിരാജ കുടുംബത്തിന്റെ അധികാര കേന്ദ്രമായിരുന്ന 'മട്ടാഞ്ചേരിക്കൊട്ടാരം' ഇന്ന് കൊച്ചിരാജവംശത്തിന്റെ ലൈഫ് സ്റ്റൈൽ മ്യൂസിയമായി പ്രവർത്തിച്ചുവരുന്നു. പോർച്ചുഗീസുകാർ നിർമ്മിച്ച് 1555 ൽ

കൊച്ചിരാജാവിന് സമ്മാനിച്ച കെട്ടിടമാണിത്. പതിനാറാം നൂറ്റാണ്ടിലെ ഹിന്ദു ഇതിഹാസ കഥകൾ കേരളീയ സമ്പ്രദായത്തിൽ വരച്ച നാൽപ്പത്തിയെട്ട് ചുവർ ചിത്രങ്ങളുണ്ട് ഈ കൊട്ടാരത്തിൽ.

**വിനോദസഞ്ചാര കേന്ദ്രങ്ങൾ**

മുൻ കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസിന്റെ നേതൃത്വത്തിൽ വില്ലേജ് ടൂറിസത്തിന് മാതൃകയായ കുമ്പളങ്ങി പഞ്ചായത്ത് കൊച്ചി മണ്ഡലത്തിലാണ്. കായലും തോടുകളും കണ്ടങ്ങളുമുള്ള ഗ്രാമമായി കുമ്പളങ്ങി ഇന്ന് ലോക വില്ലേജ് ടൂറിസം ഭൂപടത്തിന്റെ ഭാഗമാണ്.

കൊച്ചിയിലെ മീൻപിടിത്ത കേന്ദ്രമായ ചെല്ലാനം ഹാർബറും പരിസരവും ഇന്ന് ടെട്രാപോഡ് കടൽഭിത്തി നിർമ്മാണത്താൽ ലോകശ്രദ്ധ നേടിയിരിക്കുന്നു. ടെട്രാപോഡ് കടൽഭിത്തി കടലാക്രമണത്തിൽ നിന്ന് ജനങ്ങളെ സുരക്ഷിതരാക്കുന്നതുകൂടാതെ ഈ പ്രദേശത്തെ സൗന്ദര്യവൽക്കരിക്കുകയും ചെയ്യുന്നു.

കേരളത്തിൽ ഏറവും അധികം ഹോംസ്റ്റേകളുള്ളത് കൊച്ചിയിലാണ്. പ്രദേശത്തെ ടൂറിസത്തിന്റെ നട്ടെല്ലാണ് ഹോംസ്റ്റേകൾ. രണ്ടു വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന ഇന്ത്യയുടെ ഏറ്റവും വലിയ അന്തർദേശീയ സമകാലിക കലാപ്രദർശനം 'കൊച്ചി മുസ്സിരിസ് ബിനാലെ' ടൂറിസത്തിന് സഹായകമാകുന്നു. കൊച്ചിൻ കാർണിവലിന്റെ ഭാഗമായി എല്ലാ വർഷവും ഡിസംബർ 31 രാത്രി 12 മണിക്ക് 'പപ്പാഞ്ഞി'യെ കത്തിച്ച് പുതുവത്സരത്തെ സ്വാഗതം ചെയ്യുന്നത് കൊച്ചിയുടേത് മാത്രമായ ആഘോഷമാണ്.

ഇന്ത്യൻ നേവിയുടെ സമ്പന്നമായ ഭൂതകാലത്തെയാണ് 2001 ൽ സ്ഥാപിതമായ ഐ.എൻ.എസ് ദ്രോണാചാര്യയിലെ മാരിടൈം മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. ഇന്ത്യൻ നേവിയുടെ ഉൽപ്പത്തി, ചരിത്രം, വളർച്ച എന്നിവ സംബന്ധിച്ച കാര്യങ്ങളാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്.

### കെ. ജെ. മാക്സി

പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയിലും കൊച്ചി മണ്ഡലത്തിൽ നിന്നുള്ള സാമാജികനാണ് കെ.ജെ. മാക്സി. എസ്.എഫ്. ഐ. കൊച്ചി ഏരിയാ കമ്മിറ്റിയംഗം, സി.ഐ.റ്റി.യു. എറണാകുളം ജില്ലാ കമ്മിറ്റിയംഗം, ഡി.വൈ.എഫ്.ഐ. കൊച്ചി ബ്ലോക്ക് കമ്മിറ്റി സെക്രട്ടറി, എറണാകുളം ജില്ല വൈസ് പ്രസിഡന്റ്, സി.പി.ഐ. (എം) കൊച്ചി ഏരിയാ കമ്മിറ്റി സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## 2025 ജൂൺ 24 – നിയമസഭാ സമുച്ചയത്തിലെ പ്രത്യേക പരിപാടികൾ

ഭരണഘടന നിർമ്മാണസഭാ ചർച്ചകളുടെ പരിഭാഷ പ്രാദേശിക ഭാഷയിൽ പ്രസിദ്ധീകരിക്കുക എന്ന ചരിത്ര ദൗത്യം കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ നിർവ്വഹിച്ചു വരികയാണ്. അതിന്റെ ആദ്യ വാല്യത്തിന്റെ പ്രകാശനം 2025 ജൂൺ 24 ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

പരിപാടിയിൽ ഭരണഘടന നിർമ്മാണസഭ ചർച്ചകളുടെ പരിഭാഷ കൂടാതെ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ പുസ്തകങ്ങളും പ്രകാശനം ചെയ്യും. ടേബിൾ വിഭാഗം തയ്യാറാക്കുന്ന വജ്രകാന്തിയിൽ പതിനാലാം കേരള നിയമസഭ, വിവര വിഭവ വികസന വിഭാഗം തയ്യാറാക്കുന്ന കേരളം പാസാക്കിയ നിയമങ്ങൾ പ്രഭാവ പഠനങ്ങൾ വാല്യം–2, റിസർച്ച് വിഭാഗം തയ്യാറാക്കുന്ന കേരള നിയമസഭാധ്യക്ഷന്റെ തീരുമാനങ്ങളും റൂളിംഗുകളും, ബജറ്റ് പ്രസംഗങ്ങൾ വാല്യം–1 (2001–02 മുതൽ 2011–12 വരെ), ബജറ്റ് പ്രസംഗങ്ങൾ വാല്യം–2 (2011–12 മുതൽ 2021–22 വരെ) എന്നീ പുസ്തകങ്ങളുടെ പ്രകാശനവും തദവസരത്തിൽ നിർവ്വഹിക്കുന്നതാണ്. നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിനോടനുബന്ധിച്ചുള്ള മാധ്യമ അവാർഡും ഔദ്യോഗിക ഭാഷാ വകുപ്പുതല അവാർഡും അന്താരാഷ്ട്ര മ്യൂസിയം ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിലെ വിജയികൾക്കുള്ള പുരസ്കാര വിതരണവും പരിപാടിയോട് അനുബന്ധിച്ച് നടത്തും. രാവിലെ 9 മണി മുതൽ മുൻ നിയമസഭാംഗങ്ങളുടെയും മുൻ നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെയും കൂട്ടായ്മയും ഉണ്ടായിരിക്കും. മുൻ മുഖ്യമന്ത്രി, മുൻ പ്രതിപക്ഷ നേതാവ് തുടങ്ങിയവരുൾപ്പെടെ കേരള നിയമസഭയിൽ 25 വർഷം പൂർത്തിയാക്കിയ സാമാജികരെയും മുതിർന്ന മുൻ നിയമസഭാ ജീവനക്കാരെയും പരിപാടിയോടനുബന്ധിച്ച് ആദരിക്കുന്നതാണ്. ഉച്ചയ്ക്ക് ശേഷം ഭരണഘടന/നിയമമേഖലയിലെ പ്രമുഖർ പങ്കെടുക്കുന്ന 'കോൺസ്റ്റിറ്റ്യൂഷണൽ ഫെഡറലിസം- എമർജിംഗ് ചലഞ്ചസ് ആൻഡ് റെസ്പോൺസസ്' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കും. തുടർന്ന് സാമാജികരുടെയും ജീവനക്കാരുടെയും വിവിധ കലാപരിപാടികളും അരങ്ങേറുന്നതാണ്.

# ബദൽ സംവിധാനമൊരുക്കി മാത്രമേ പ്രീഡിഗ്രി കോഴ്സ് നിർത്തലാക്കാവൂ...

1997 ഡിസംബർ 18 ന് പത്താം കേരള നിയമസഭയുടെ
ആറാം സമ്മേളനത്തിൽ 1997 ലെ പ്രീഡിഗ്രി കോഴ്സ് (നിർത്തലാക്കൽ) ബിൽ
അവതരണ വേളയിലെ ചർച്ചയിൽ പങ്കെടുത്ത് സാവിത്രി ലക്ഷ്മണൻ നടത്തിയ പ്രസംഗത്തിൽ നിന്ന്.

"സർ, ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഞാൻ സംസാരിക്കുകയുള്ളൂവെന്ന് അങ്ങേക്ക് ഉറപ്പ് നൽകുന്നു. പ്രീഡിഗ്രി അടർത്തി മാറ്റുമ്പോൾ ഈ നാട്ടിൽ അതിനുള്ള ഒന്നാംതരം സംവിധാനമുണ്ടാക്കിയിട്ടുവേണം അത് മാറ്റാൻ. ജീവനക്കാർക്കും വിദ്യാർഥികൾക്കും അത് സംബന്ധമായി യാതൊരു ബുദ്ധിമുട്ടുമുണ്ടാക്കാത്ത തരത്തിൽ വേണം അത് ആവിഷ്കരിക്കാൻ. കോളേജ് ക്ലാസുകളിൽ അധ്യാപകർ എക്സസ് ആയിട്ട് വരും. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞു ഒരാളിന്റെയും ജോലി പോവുകയില്ലെന്ന്. കോളേജുകളിലാണെങ്കിലും യൂണിവേഴ്സിറ്റികളിലാണെങ്കിലും കൊളീജിയേറ്റ് ഡയറക്ടറേറ്റിലാണെങ്കിലും ഒറ്റയാൾക്കും ജോലി പോവുകയില്ലെന്ന് പറഞ്ഞു. ജോലി പോകാത്തത് മാത്രമല്ല പ്രശ്നം, മറ്റൊരിടത്തേക്കും പോകാൻ ഓപ്ഷൻ എടുക്കാത്ത നിരവധി ആളുകളെ വെറുതെയിരുത്തി ഊട്ടേണ്ട സാമ്പത്തിക ഭാരം സർക്കാരിന് വരും. പ്രീഡിഗ്രിക്ക് അഞ്ച് ബാച്ചുകളുള്ള ഒരു കോളേജിൽ പതിനാറിലധികം അധ്യാപകരാണ് പ്രീഡിഗ്രി മാറ്റുമ്പോൾ വെറുതെയാകുന്നത്. മിക്ക കോളേജുകളിലും പ്രീഡിഗ്രിക്ക് പത്ത് ബാച്ചുകളുണ്ട്. ഈ പത്ത് ബാച്ചുകൾ രണ്ടു കൊല്ലങ്ങളായി അടർത്തി മാറ്റുമ്പോൾ ഇരുപത് ബാച്ചുകൾക്കുവേണ്ടി അഞ്ഞൂറ് മണിക്കൂറാണ് ഒരു കോളേജിൽ പ്രീഡിഗ്രിക്കുവേണ്ടി മാത്രമായി ചെലവഴിക്കുന്നത്. അപ്പോൾ പത്ത് ബാച്ചുകളുള്ള ഒരു കോളേജിൽ പ്രീഡിഗ്രി മാറ്റുമ്പോൾ മാത്രം ജോലി ഇല്ലാത്തവരായി മുപ്പത് പേർ മാറും. ഇവരെ സംബന്ധിച്ചിടത്തോളം പുനരധിവാസം എന്ന് പറയുന്നത് മറ്റ് കോഴ്സുകളുണ്ടാക്കി കൊടുത്തുകൊണ്ട് ചെയ്യാൻ പറ്റുന്ന ഒരു കാര്യമല്ല. മറ്റ് കോഴ്സുകൾ വിദ്യാർഥികൾക്ക് നൽകിക്കൊണ്ട് ഇവരെ അക്കോമഡേറ്റ് ചെയ്യാമെന്ന് പറയുമ്പോൾ തൊഴിലധിഷ്ഠിത കോഴ്സുകളാകുമ്പോൾ പാരമ്പര്യ കോഴ്സുകളുമായി പരിചയപ്പെട്ടിരിക്കുന്ന ഈ അധ്യാപകർക്ക് അവിടെ അക്കോമഡേഷൻ നൽകാൻ പറ്റുകയില്ലെന്നുള്ളത് ഒരു പ്രധാനപ്പെട്ട വസ്തുതയാണ്. മറ്റൊരു വസ്തുത, കുട്ടികൾ ചില്ലറയൊന്നുമല്ല അഞ്ചിൽ ചിലാനം ലക്ഷം കുട്ടികളാണ് പ്രീഡിഗ്രി മാറ്റുമ്പോൾ കോളേജ് ക്ലാസുകളിൽ നിന്ന് മാറി പോകുന്നത്. കേരളാ യൂണിവേഴ്സിറ്റി

## സാവിത്രി ലക്ഷ്മണൻ



*കോൺഗ്രസ് നേതാവും ലോക്സഭാംഗവുമായിരുന്ന പ്രൊഫ. സാവിത്രി ലക്ഷ്മണൻ പത്ത്, പതിനൊന്ന് കേരള നിയമസഭകളിൽ ചാലക്കുടി മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാ സാമാജികയായിരുന്നു. കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി ചെയർപേഴ്സൺ (2001–2006), കേരള പ്രദേശ് മഹിളാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് (1995–2001), കേന്ദ്ര വിദ്യാഭ്യാസ ഉപദേശക ബോർഡ്, ഓർഫനേജ് കൺട്രോൾ ബോർഡ്, കേരള കലാമണ്ഡലം, കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ, കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി, തിരഞ്ഞെടുപ്പ് സമിതി എന്നിവയിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സ്നേഹമെന്ന സ്വപ്നം, നാടകത്തിന്റെ ആദ്യത്തെ ഇരുപത്തിയെട്ട് സ്മൃതി, മൂന്നു ഏകാങ്കങ്ങൾ, മുല്ലനേഴി എന്നിവ സാവിത്രി ലക്ഷ്മണൻ രചിച്ച പുസ്തകങ്ങളാണ്.*

പ്രീഡിഗ്രിയിൽ 66,000 കുട്ടികൾ ഉണ്ട്. എം.ജി. യൂണിവേഴ്സിറ്റിയിൽ 50,000 ഉണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 1,10,000 കുട്ടികൾ പ്രീഡിഗ്രിക്ക് പരീക്ഷ എഴുതുന്നുണ്ട്. 2,26,000 ത്തോളം കുട്ടികളാണ് നമ്മുടെ സംസ്ഥാനത്ത് പ്രീഡിഗ്രിക്ക് പരീക്ഷ എഴുതുന്നത്. അതിൽ 50 ശതമാനം പ്രൈവറ്റായിട്ട് പരീക്ഷയ്ക്കിരിക്കുന്ന വിദ്യാർഥികളാണ്. എന്നാൽ തന്നെയും 1,13,000 പേരോളം റഗുലർ കോളേജുകളിൽ പഠിച്ച് ഇവിടെ പരീക്ഷ എഴുതുന്ന പ്രീഡിഗ്രി വിദ്യാർഥികളാണ്. ഇത്രയും കുട്ടികളെ കോളേജുക്ലാസുകളിൽ പഠിപ്പിച്ചിരുന്ന അധ്യാപകർക്ക് പകരം തൊഴിലധിഷ്ഠിത കോഴ്സുകളൊന്നും നൽകി വർക്ക്ലോഡ് ഉണ്ടാക്കുക എന്നുള്ളത് സുസാധ്യമായ ഒരു കാര്യമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചാൽ മനസ്സിലാക്കാൻ ശ്രമിക്കാം. 3,000 പേരെയാണ് കോളേജ് ക്ലാസുകളിൽ നിന്ന് ഇത്തവണ മാറ്റണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 16,000 കുട്ടികളെ പ്ലസ്ടു കോഴ്സുകളിൽ ഈ വർഷം അഡ്മിറ്റ് ചെയ്തുവെന്നും 3,000 കുട്ടികളെ മാത്രമേ അടർത്തി മാറ്റുകയുള്ളൂവെന്നും മന്ത്രി പറയുകയുണ്ടായി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്ന പ്ലസ്ടു ക്ലാസുകളിൽ 9,000 കുട്ടികളോളം നേരത്തെ അഡ്മിഷൻ കിട്ടാൻ അർഹതയുള്ളവരായിട്ട് നിൽക്കുന്നുണ്ട്. അതുകൂടി കൂട്ടിയിട്ടായിരിക്കും 16,000 എന്ന് പറഞ്ഞത്. ഏതായാലും ഈ 3,000 കുട്ടികളെ മാത്രമേ മാറ്റുകയുള്ളൂ എന്ന് പറയുമ്പോൾ റഗുലറായിട്ട് പഠിച്ചിരുന്ന ഒന്നേകാൽ ലക്ഷത്തോളം വരുന്ന വിദ്യാർഥികളിൽ മൂന്നിലൊന്നിനെ മാറ്റിയിട്ടില്ല. എത്ര കൊല്ലം കൊണ്ടാണ് ഡീലിങ്കിംഗ് വരുന്നതെന്നുള്ളതിനെക്കുറിച്ച് ആശയക്കുഴപ്പം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മൂന്ന് വർഷം കൊണ്ട് ഡീലിങ്ക് ചെയ്യുമെന്ന് പറഞ്ഞു. മൂന്നിലൊന്ന് ഈ വർഷം കൊണ്ട് ചെയ്തിട്ടില്ല. ബദൽ സംവിധാനമാണെങ്കിൽ ഇവരെ മാറ്റുമ്പോൾ ഈ സ്കൂളുകളിൽ അതിനാവശ്യമായിട്ടുള്ള സൗകര്യങ്ങളുണ്ടാക്കുമോയെന്ന് ഉറപ്പു പറയാൻ പറ്റുന്നില്ല. ഇൻഫ്രാസ്ട്രക്ചർ വേണ്ട രീതിയിൽ കിട്ടുമോയെന്ന് അറിയുകയില്ല. അധ്യാപകർ വേണ്ടത്രയില്ല. കോമേഴ്സിന്റെ കുട്ടികൾ വെള്ളം കുടിക്കുകയാണ്. കോമേഴ്സിന് ബി.എഡ്. വേണ്ടെന്ന് നേരത്തെ തന്നെ സർക്കാർ തീരുമാനിച്ചു. അതിനനുസൃതമായ രീതിയിൽ നോട്ടിഫിക്കേഷൻ നൽകിയിരുന്നുവെങ്കിൽ വീണ്ടും കഴിഞ്ഞയാഴ്ച നോട്ടിഫിക്കേഷൻ കൊടുക്കേണ്ടി വരുമായിരുന്നില്ല. നമ്മുടെ നാട്ടിൽ കോമേഴ്സിന് ബി.എഡ്. സർവ്വ സാധാരണമായിട്ടുള്ള ഒരു കോഴ്സ് അല്ലെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്. കുട്ടികൾ കോമേഴ്സ് പഠിക്കാനായിട്ട് പ്ലസ്ടുവിൽ അപേക്ഷകരായി അവിടെ അഡ്മിഷൻ വാങ്ങി പഠിക്കാൻ തുടങ്ങുന്നു. കഴിഞ്ഞയാഴ്ചയാണ് ഗവൺമെന്റ് വിജ്ഞാപനം വരുന്നത്. കോമേഴ്സിൽ വേണ്ടത്ര അധ്യാപകരില്ലെങ്കിൽ ബി.എഡ്. ഇല്ലാത്തവരെയും ചേർക്കാമെന്ന്. അത്തരത്തിൽ ഒരു സബ്ജക്ടിനും ആവശ്യത്തിന് അധ്യാപകരില്ലാത്ത ഒരു സാഹചര്യത്തിലേക്ക് നമ്മുടെ കുട്ടികളെ കൊണ്ടുചെന്നെത്തിക്കാൻ നാം അനുവദിച്ചുകൂടാ. സ്കൂളുകളിലുള്ള യോഗ്യതയുള്ളവരെ പ്രൊമോട്ട് ചെയ്ത് സ്കൂളുകളിൽ പ്ലസ്ടുവിലേക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട് എന്നുപറഞ്ഞാൽ, കോളേജുകളിൽ നിന്ന് ഓപ്റ്റ് ചെയ്യാൻ ആരെങ്കിലും തയ്യാറായാൽത്തന്നെ അവർക്ക് അവിടെ വേക്കൻസിയില്ല. ഇനി ഹയർ സെക്കന്ററി ഭരണ സംവിധാനത്തെപ്പറ്റി ഏതു സംവിധാനത്തിനുള്ളിലാണ് ആക്കാൻ പോകുന്നതെന്നുള്ളതിനെക്കുറിച്ച് കൃത്യമായിട്ട് ഒരു ധാരണയുമില്ല. യൂണിവേഴ്സിറ്റിയിലെ പ്രീഡിഗ്രി വിഭാഗവുമായി ബന്ധപ്പെട്ട് ആയിരത്തോളം എംപ്ലോയീസുണ്ട്. അതിൽ 650 ൽ അധികം പേർ പുതിയ സംവിധാനത്തിലേക്ക് പോകാമെന്ന് പറഞ്ഞ് ഓപ്ഷൻ കൊടുത്തിട്ടുണ്ട്. പക്ഷെ പുതിയ സംവിധാനമെന്താണെന്നുള്ളതിനെക്കുറിച്ച് കൃത്യമായ ധാരണകളൊന്നുമില്ല. പോകേണ്ടത് എങ്ങോട്ടാണെന്ന് അറിയുകയുമില്ല. യൂണിവേഴ്സിറ്റി പാറ്റേൺ ഒന്നാണ്. അതേ സമയത്ത് കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ പാറ്റേൺ മറ്റൊന്നാണ്. ഇതിൽ ഏത് പാറ്റേണായിരിക്കും പുതിയ സംവിധാനത്തിലെന്ന് അറിയാൻ സാധിച്ചിട്ടില്ല. പുതിയ സംവിധാനത്തിൽ യൂണിവേഴ്സിറ്റി പാറ്റേണാണ് അംഗീകരിക്കുന്നതെങ്കിൽ യൂണിവേഴ്സിറ്റി ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഒരു പരിധി വരെ പരാതി ഒഴിവാക്കാൻ സാധിച്ചേക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വിഡ്ഢിത്തം നിറഞ്ഞ അനവധി കാര്യങ്ങൾ ഈ ബില്ലിലുണ്ട്. ക്ലോസ്സ് ബൈ ക്ലോസ്സ് ഡിസ്കഷൻ വരുമ്പോൾ അക്കാര്യങ്ങളെക്കുറിച്ച് സംസാരിക്കാനുള്ള അവസരം ഞങ്ങൾക്ക് കിട്ടുമെന്ന് വിചാരിക്കുന്നു. പ്രീഡിഗ്രി കോഴ്സ് നിർത്തലാക്കാനുള്ള അധികാരം ഒരു ഇയറിലേക്ക് ചുരുക്കിക്കളഞ്ഞതും എംപവേർഡ് കമ്മിറ്റിയിൽ ഫൈനാൻസ് സെക്രട്ടറി ഇല്ലാതെപോയതും എംപവേർഡ് കമ്മിറ്റിയുടെ കർത്തവ്യം എന്താണെന്ന് നിശ്ചയിക്കാതിരുന്നതുമായ കാര്യങ്ങളുണ്ട്. മൂന്ന് വർഷമെന്ന് പറയുമ്പോൾ മൂന്ന് വർഷത്തേക്ക് കോഴ്സ് എടുക്കരുതെന്നാണോ പറയുന്നത്? മൂന്ന് വർഷമെന്ന് പറയുമ്പോൾ അത് ഏത് വർഷമാണ്? കലണ്ടർ ഇയറാണോ ബജറ്റ് ഇയറാണോ അതോ അക്കാദമിക് ഇയറാണോ എന്ന് പോലും വ്യക്തമാക്കാതെ ഒക്കെയുള്ള അനവധി കാര്യങ്ങളെ കുറിച്ച് സംസാരിക്കാനുള്ളത് ക്ലോസ്സ് ബൈ ക്ലോസ്സ് ഡിസ്കഷനിൽ കിട്ടുന്ന സന്ദർഭത്തിലാകാമെന്ന് പ്രത്യാശിച്ചുകൊണ്ട് നിർത്തുന്നു. നന്ദി''.

# മുൻ ഡെപ്യൂട്ടി സ്പീക്കർ എം.പി. മുഹമ്മദ് ജാഫർഖാൻ

മൂന്നാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായിരുന്നു അഭിഭാഷകനും മുസ്ലിം ലീഗിന്റെ മുതിർന്ന നേതാവുമായിരുന്ന എം. പി. മുഹമ്മദ് ജാഫർഖാൻ. 1967 ൽ മട്ടാഞ്ചേരി മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയ അദ്ദേഹം പതിറ്റാണ്ടുകളോളം അർപ്പണ മനോഭാവത്തോടെ പൊതുരംഗത്ത് പ്രവർത്തിച്ചു.

തിരു-കൊച്ചി നിയമസഭാംഗമായിരുന്ന തൊടുപുഴ മരവട്ടിക്കൽ ഫക്രുദ്ദീൻ സാഹിബിന്റെയും സാറാ ഉമ്മാളിന്റെയും മകനായി 1932 നവംബറിൽ ജനിച്ച മുഹമ്മദ് ജാഫർഖാൻ തൊടുപുഴ ഗവൺമെന്റ് ഹൈസ്കൂൾ, മഹാരാജാസ് കോളേജ്, സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം ലോ കോളേജ് എന്നിവിടങ്ങളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു. തൊടുപുഴയിലും മൂവാറ്റുപുഴയിലും ബാർ അസോസിയേഷൻ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മുസ്ലിം ലീഗ് നേതാവായിരുന്ന കെ.എം. സീതി സാഹിബിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ജാഫർഖാൻ ലീഗിൽ അംഗത്വമെടുത്തത്.

കേരള നിയമസഭയിലേക്ക് 1965 ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ മട്ടാഞ്ചേരി മണ്ഡലത്തിൽ നിന്ന് സ്വതന്ത്ര സ്ഥാനാർഥിയായി വിജയിച്ചെങ്കിലും അത്തവണ നിയമസഭ രൂപീകരിക്കുകയുണ്ടായില്ല. പിന്നീട് മൂന്നാം കേരള നിയമസഭയിലേക്ക് 1967 ൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ മട്ടാഞ്ചേരി മണ്ഡലത്തിൽ നിന്ന് വീണ്ടും വിജയിച്ച് നിയമസഭയിലെത്തി. 1967 മാർച്ച് 20 മുതൽ 1970 ജൂൺ 26 വരെ മൂന്നാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായിരുന്നു അദ്ദേഹം.



നിയമസഭാംഗമായിരിക്കെ 1967 ലെ കൃഷിയോഗ്യമല്ലാത്ത ഭൂമിയുടെ നികുതി ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ നിന്ന്:

*"സർ, ഈ ബില്ലിന്റെ തത്വങ്ങളെപ്പറ്റി പലരും ഇവിടെ സംസാരിച്ചു കഴിഞ്ഞു. അവരുടെ വികാരങ്ങളോട് ഞാനും യോജിക്കുകയാണ്. ഇത് ഇത്ര പെട്ടെന്ന് പാസ്സാക്കിയെടുക്കുന്നത് ബുദ്ധിപൂർവ്വകമാണോ എന്ന് ഞാൻ സംശയിക്കുകയാണ്. രണ്ടു മൂന്നു ദിവസം കൊണ്ട് സെലക്ട് കമ്മിറ്റിയുടെ പരിശോധനയും കഴിഞ്ഞ് ഈ ബില്ല് നിയമമാക്കിയെടുത്താൽ അതത്ര ശരിയായിരിക്കുമോയെന്നുള്ള കാര്യത്തിൽ എനിക്കു സംശയമുണ്ട്. അതുകൊണ്ട് ഈ നികുതിഭാരം എത്രത്തോളം സാധാരണക്കാരൻ താങ്ങേണ്ടി വരും എന്നുള്ളതിനെപ്പറ്റി ശരിയായിട്ടു പഠിച്ചതിനുശേഷം ഇതു പാസ്സാക്കണമെന്നുള്ള ഒരു അഭ്യർത്ഥനയാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ വയ്ക്കാനുള്ളത്. ഈ പട്ടണങ്ങളെ ക്യാറ്റിഗറൈസ് ചെയ്തിരിക്കുന്ന ഷെഡ്യൂളിൽ എറണാകുളത്തിനേയും മട്ടാഞ്ചേരിയേയും ഒന്നിൽപ്പെടുത്തിയിരിക്കുകയാണ്. ഇത് എന്തടിസ്ഥാനത്തിലാണ് തീരുമാനിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ ബില്ലിന്റെ ആദ്യ ഭാഗത്തിൽ,*

*"(4) Notwithstanding anything contained in sub -section (3), the Government may, having regard to all the following factors, namely:-*

*(a) the population;*

*(b) the density of population;*

*(c) the market value of land;*

*(d) the industrial and commercial importance;*

*(e) the amount of Sales Tax collected;*

*(f) the number of factories registered;*

*(g) the amount of capital investment in industries; and*

*(h) such other factors as may be prescribed"*



*ഇത്രയെല്ലാം കാര്യങ്ങൾ, ഇത്രയെല്ലാം വസ്തുതകൾ കണക്കിലെടുത്തുകൊണ്ടു വേണം ക്യാറ്റഗറൈസ് ചെയ്യാനെന്ന് പറഞ്ഞിട്ടുണ്ട്. ഇതിൽ ജനസാന്ദ്രതയൊഴിച്ചാൽ മറ്റേതു വസ്തുതയെടുത്താലും മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി മുനിസിപ്പാലിറ്റികൾ ഒന്നിൽപ്പെടുമോ എന്ന് ഞാൻ സംശയിക്കുകയാണ്.*

*സർ, ഫോർട്ട് കൊച്ചിയിൽ ആകെയുണ്ടായിരുന്ന ഒരു വ്യവസായ സ്ഥാപനമായ പിയേഴ്സ് ലെസ്ലി പോലും അവിടെ നിന്നും പോയിരിക്കുകയാണ്. അത് വില്ലിംഗ്ടൺ ഐലന്റിലേക്ക് മാറ്റിയിരിക്കുകയാണ്. അവിടത്തെ മുനിസിപ്പാലിറ്റി ഈടാക്കുന്ന ടാക്സ് വളരെ ദുർവഹമാണെന്നുള്ളതിന്റെ പേരിൽ എല്ലാ വ്യവസായ സ്ഥാപനങ്ങളും വില്ലിംഗ്ടൺ ഐലന്റിലേക്ക് മാറിയിരിക്കുകയാണ്. പണ്ട് ഇവിടെ വളരെ വ്യവസായങ്ങളുണ്ടായിരുന്നു എന്നുള്ളതിന്റെ പേരിൽ ക്യാറ്റഗറി ഒന്നിൽപ്പെടുത്തിയത് ശരിയാണോയെന്ന് സെലക്ട് കമ്മിറ്റി പരിശോധിക്കണമെന്ന് ഞാൻ വ്യക്തമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ സഭയുടെ എല്ലാ ഭാഗത്തുനിന്നും, ഗവൺമെന്റിനെ പിൻതാങ്ങാൻ ബാധ്യസ്ഥരായ ആളുകൾ പോലും കർക്കശമായി ഈ ബില്ലിനെ എതിർത്ത് സംസാരിച്ചത് എന്തുകൊണ്ടാണെന്ന് ഗവൺമെന്റ് ആലോചിക്കണം. അതുകൊണ്ട് ഇത് വളരെ പെട്ടെന്ന് നിയമമാക്കാതെ, കുറച്ചു സമയമെടുത്തുകൊണ്ട് ജനങ്ങളുടെ അഭിപ്രായമറിയണമെന്ന അഭിപ്രായം എനിക്കുണ്ട്. അതോടൊപ്പം തന്നെ ഫോർട്ട് കൊച്ചിയും മട്ടാഞ്ചേരിയും ഒന്നിൽ വന്നപ്പോൾ തിരുവനന്തപുരം കോർപ്പറേഷനും കോഴിക്കോട് കോർപ്പറേഷനും രണ്ടിലാണ് വന്നിരിക്കുന്നത് എന്നുള്ള കാര്യവും പരിഗണിക്കണം. ഈ കാര്യം, തിരുവനന്തപുരവും കോഴിക്കോടും ക്യാറ്റഗറി രണ്ടിൽ വരുമ്പോൾ ഫോർട്ട് കൊച്ചിയും മട്ടാഞ്ചേരിയും ഒന്നിൽ എങ്ങനെ വരുമെന്നുള്ള കാര്യത്തെപ്പറ്റിയും വളരെ ഗൗരവമായി പരിശോധിക്കണം.''*

കേരള നിയമസഭയുടെ പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതി (1968–70) യുടെ പ്രഥമ ചെയർമാനായിരുന്ന അദ്ദേഹം ലൈബ്രറി ഉപദേശക സമിതി (1968–69), ഹൗസ് കമ്മിറ്റി (1970–71) എന്നിവയുടെ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. 1970 മുതൽ 1976 വരെ കേരള സർവകലാശാല സിൻഡിക്കേറ്റംഗമായിരുന്നു അദ്ദേഹം.

തൊടുപുഴ താലൂക്ക് മുസ്ലീം ലീഗ് പ്രസിഡന്റായി പ്രവർത്തിച്ച് പൊതുരംഗത്ത് സജീവമായ ജാഫർഖാൻ മുസ്ലീം ലീഗ് എറണാകുളം ജില്ലാ സെക്രട്ടറി (1962), സംസ്ഥാന ഉന്നതാധികാര സമിതി അംഗം, അഖിലേന്ത്യാ മുസ്ലീം ലീഗ് സംസ്ഥാന സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നാലു പതിറ്റാണ്ടു കാലത്തോളം മുസ്ലീം ലീഗിൽ പ്രമുഖ സ്ഥാനങ്ങൾ വഹിച്ച അദ്ദേഹം പുരോഗമനാശയങ്ങളോട് ആഭിമുഖ്യം പുലർത്തുകയും സാമൂഹിക ഉന്നമനത്തിനായി ദാർഢ്യത്തോടെയും അർപ്പണ മനോഭാവത്തോടെയും പൂർത്തീകരിക്കണമെന്ന നിർബന്ധക്കാരനായിരുന്ന അദ്ദേഹം വിദ്യാഭ്യാസ സംബന്ധമായ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. ഭാര്യ സി.എ. ഫാത്തിമയും നാല് പുത്രിമാരും അടങ്ങുന്നതാണ് അദ്ദേഹത്തിന്റെ കുടുംബം.

2000 മാർച്ച് 5 ന് അന്തരിച്ച അദ്ദേഹത്തിന് മാർച്ച് 29 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

മലപ്പുറം ജില്ലയിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ സാമാജികനായിരുന്ന പി.വി. അൻവർ രാജിവച്ചതിനെത്തുടർന്ന് ഒഴിവ് വന്ന സീറ്റിലേക്ക് 2025 ജൂൺ 19 ന് ഉപതിരഞ്ഞെടുപ്പ് നടക്കും. നിലമ്പൂരിന് പുറമേ ഗുജറാത്തിലെ രണ്ട് നിയമസഭാ സീറ്റുകളിലേക്കും പശ്ചിമബംഗാൾ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ ഓരോ സീറ്റുകളിലേക്കുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. ജൂൺ 23 നാണ് വോട്ടെണ്ണൽ. പതിനഞ്ചാം കേരള നിയമസഭയിൽ തൃക്കാക്കര, പുതുപ്പള്ളി, പാലക്കാട്, ചേലക്കര തുടങ്ങിയ മണ്ഡലങ്ങളിലാണ് ഇതിനുമുൻപ് ഉപതിരഞ്ഞെടുപ്പ് നടന്നത്.



# എസ്. വരദരാജൻ നായർ : സ്വാതന്ത്ര്യസമര വീര്യത്തിൽ നിന്ന് സഭാതലത്തിലേക്ക്

ധനകാര്യ വകുപ്പ് മന്ത്രി, സ്വാതന്ത്ര്യ സമരസേനാനി, കോൺഗ്രസ് നേതാവ്, ട്രേഡ് യൂണിയൻ പ്രവർത്തകൻ, തിരുവനന്തപുരം നഗരസഭാ മേയർ തുടങ്ങി പൊതുമണ്ഡലത്തിലെ വിവിധ മേഖലകളിൽ തിളങ്ങി നിന്ന വ്യക്തിത്വമായിരുന്നു എസ്. വരദരാജൻ നായർ. ഇന്ത്യൻ സിവിൽ സർവ്വീസ് ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥനും തിരുവിതാംകൂറിലെയും കൊച്ചിയിലെയും ദിവാനുമായിരുന്ന പി. രാജഗോപാലാചാരിയുടെ മകനാണ് എസ്. വരദരാജൻ നായർ.

പി. രാജഗോപാലാചാരിയുടെയും അമ്മുക്കുട്ടി അമ്മയുടെയും മകനായി 1914 ഒക്ടോബർ 28 ന് ജനിച്ച എസ്. വരദരാജൻ നായർ വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി പൊതുപ്രവർത്തന രംഗത്തേക്ക് പ്രവേശിച്ചു. ബിരുദധാരിയായ അദ്ദേഹം 1943 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സജീവ പ്രവർത്തകനായി. 1947-48 വരെ തിരുവനന്തപുരം നഗരസഭയുടെ മേയറായിരുന്നു. 1970 ൽ നാലാം കേരള നിയമസഭയിലേക്ക് വിളപ്പിൽ നിയോജക മണ്ഡലത്തിൽ നിന്ന് കോൺഗ്രസ് (ആർ) പ്രതിനിധിയായും 1977 ൽ അഞ്ചാം കേരള നിയമസഭയിൽ നേമം നിയോജക മണ്ഡലത്തിൽ നിന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രതിനിധിയായും തിരഞ്ഞെടുക്കപ്പെട്ടു. അഞ്ചാം കേരള നിയമസഭയുടെ കാലത്ത് പി.കെ. വാസുദേവൻ നായരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ 1978 ഒക്ടോബർ 29 മുതൽ 1979 ഒക്ടോബർ 7 വരെ ധനകാര്യ വകുപ്പ് മന്ത്രിയായിരുന്നു.

1973 മുതൽ കെ.പി.സി.സി. വൈസ് പ്രസിഡന്റായിരുന്ന എസ്. വരദരാജൻ നായർ ഐ.എൻ.ടി.യു.സി., കെ.എസ്.ആർ.ടി.സി. വർക്കേഴ്സ് യൂണിയൻ, ശ്രമിക് കോൺഗ്രസ് എന്നിവയുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. കോൺഗ്രസിലുണ്ടായ പിളർപ്പിനെ തുടർന്ന് കോൺഗ്രസ് (എസ്) ൽ ചേർന്നുകൊണ്ട് രാഷ്ട്രീയ ജീവിതം തുടർന്നു. കെ.എസ്.ആർ.ടി.സി. തൊഴിലാളി യൂണിയന്റെയും സിറാമിക്സ് കോൺഗ്രസിന്റെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ജനീവയിൽ നടന്ന ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ സമ്മേളനത്തിൽ തൊഴിലാളി പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്. സ്വാതന്ത്ര്യ സമരസേനാനികളുടെ മുതിർന്ന തലമുറയിലെ ഒരംഗമായിരുന്ന അദ്ദേഹം സ്ഥാനമാനങ്ങൾക്കുപരി ത്യാഗപൂർണ്ണവും ആദർശനിഷ്ഠവുമായ ജീവിതം നയിച്ചു. ധനകാര്യ വകുപ്പ് മന്ത്രി, നഗരസഭാ മേയർ എന്നീ നിലകളിൽ പക്വമതിയായ ഭരണാധികാരി എന്ന പ്രശസ്തി ആർജ്ജിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

1989 ഒക്ടോബർ 14 ന് അന്തരിച്ച അദ്ദേഹത്തിന് നിയമസഭ 1990 ജനുവരി 23 ന് ചരമോപചാരം അർപ്പിച്ചു.



# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പന്ത്രണ്ടാം കേരള നിയമസഭ (2006–2011)യുടെ കാലഘട്ടത്തിൽ ഫിഷറീസ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രി എസ്. ശർമ്മ ആയിരുന്നു. സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയുടെ  സംരക്ഷണവും പുരോഗതിയും ലക്ഷ്യമിട്ട് മൂന്ന് സുപ്രധാന നിയമങ്ങൾ ആ കാലയളവിൽ നിർമ്മിക്കപ്പെടുകയുണ്ടായി. അവ ഏതൊക്കെയാണെന്നും ഓരോന്നിന്റേയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു എന്നും അവ എത്ര മാത്രം ജനസൗഹൃദമായിരുന്നു എന്നും പരിശോധിക്കാം.

**മത്സ്യം തൊട്ടുകൂട്ടാം**

*“ഭക്തകവിയായ പൂന്താനം ഒരു കവിതയെഴുതി മേൽപ്പത്തൂർ ഭട്ടതിരിപ്പാടിനെ കാണിച്ചു. മേൽപ്പത്തൂർ ഭട്ടതിരിപ്പാട് സംസ്കൃത കവിതകൾ മാത്രമേ നോക്കാറുള്ളൂ. ഇത് നോക്കാൻ പറ്റില്ലെന്ന് പറഞ്ഞു. ശ്രീകൃഷ്ണ ഭക്തനായ പൂന്താനം വളരെയധികം വേദനിച്ച് ഭഗവാൻ ശ്രീകൃഷ്ണനോട് പ്രാർത്ഥിച്ചു. തുടർന്ന് മേൽപ്പത്തൂർ ഭട്ടതിരിപ്പാടിന് അതിശക്തമായ വാതരോഗം ഉണ്ടായി. ആ വാതരോഗത്തിന് ഒരു ചികിത്സയും ഫലിക്കാതെ വന്നപ്പോൾ അദ്ദേഹം ദൂതൻ മുഖാന്തരം തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെ സമീപിച്ചു എന്നാണ് കേൾവി. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ മത്സ്യം തൊട്ടുകൂട്ടാൻ മേൽപ്പത്തൂർ ഭട്ടതിരിപ്പാടിനെ ഉപദേശിച്ചു. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ ശുദ്ധ*

*ബ്രാഹ്മണനായ മേൽപ്പത്തൂർ ഭട്ടതിരിപ്പാടിനോട് മത്സ്യം തൊട്ടുകൂട്ടാൻ എന്തുകൊണ്ടാണ് ആവശ്യപ്പെട്ടത് എന്ന ദൂതന്റെ സംശയത്തിന് മറുപടിയായി ഭട്ടതിരിപ്പാട് പറഞ്ഞു; വിഡ്ഢി, മത്സ്യം തൊട്ടുകൂട്ടാൻ പറഞ്ഞത് മത്സ്യത്തെ ഭക്ഷിക്കാനല്ല, മറിച്ച് മത്സ്യാവതാരം തൊട്ട് ദശാവതാരം മുഴുവനും ഭഗവാനെ സ്തുതിച്ചു കൃതി എഴുതി പ്രാർത്ഥിച്ചാൽ മതി എന്നാണ്. അങ്ങനെ വിശ്വ പ്രസിദ്ധമായ നാരായണീയം രചിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വാതരോഗം ശമിക്കുകയും ചെയ്തു''.* (സി. പി. മുഹമ്മദ്)

ഡൊമിനിക് പ്രസന്റേഷൻ : *''സർ, മഹാഭാരതം എഴുതിയ വേദവ്യാസൻ സത്യവതി എന്ന മുക്കുവസ്ത്രീയുടെ പുത്രനാണെന്ന കാര്യം അങ്ങേക്ക് അറിയാമല്ലോ?''*

സി.പി. മുഹമ്മദ്: *''അറിയാം. സത്യവതിയിൽ ആകൃഷ്ടനായ ശന്തനു മഹാരാജാവിൽ നിന്നാണ് ഭാരത വംശത്തിന്റെ തുടക്കം. ഇതുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. സമയക്കുറവു കൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല''.*

2010ലെ കേരള ഉൾനാടൻ ഫിഷറീസ് ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് 2010 മാർച്ച് 15 ാം തീയതി സഭയിൽ നടന്ന ചർച്ചയിലെ ഏതാനും ഭാഗങ്ങളാണ് മേൽ ഉദ്ധരിച്ചത്.

**1) 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010ലെ 15)**

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയെ സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ സുസ്ഥിരവികസനം, മാനേജ്മെന്റ്, സംരക്ഷണം, പ്രജനനം, പരിരക്ഷ, ഉപയോഗപ്പെടുത്തൽ എന്നിവയും സാമൂഹിക ഫിഷറികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും അക്വാകൾച്ചർ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും സുരക്ഷയും ഉറപ്പാക്കുന്നതിനും ജനങ്ങൾക്ക് പോഷക സമ്പന്നമായ മത്സ്യലഭ്യത ഉറപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമമാണിത്.

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധന മേഖലയെ സംബന്ധിച്ച് ഇന്ത്യൻ ഫിഷറീസ് ആക്റ്റ്, 1827ലെ ഇന്ത്യൻ ഫിഷറീസ് (മദ്രാസ് അമന്റ്മെന്റ്) ആക്റ്റ്, 1950ലെ ട്രാവൻകൂർ കൊച്ചിൻ ഫിഷറീസ് ആക്റ്റ് എന്നീ നിയമങ്ങളാണ് സംസ്ഥാനത്ത് പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യസമ്പത്തിന്റെ ശോഷണത്തിലേക്ക് നയിക്കുന്ന അമിത ചൂഷണം നിയന്ത്രിക്കുന്നതിനും മത്സ്യ വിത്തുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മത്സ്യങ്ങളുടെ രോഗങ്ങൾ തടയുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തൊട്ടാകെ ഒരു ഏകീകരണ നിയമം വേണമെന്ന താൽപര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്. മേൽപ്പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് 8 അധ്യായങ്ങളിലായി വ്യത്യസ്ത വകുപ്പുകൾ ഈ നിയമത്തിൽ ഉൾച്ചേർത്തിരിക്കുന്നു. 2010 ജൂലൈ 29 ാം തീയതി സഭ പാസ്സാക്കിയ ഈ നിയമത്തിന് 2010 സെപ്റ്റംബർ 5 ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയുണ്ടായി.

**2) 2007 ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്റ്റ് (2007ലെ 9)**

1985ലെ കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ആക്റ്റിലെ വ്യവസ്ഥ പ്രകാരം ഒരു മത്സ്യ വ്യാപാരി ഓരോ വർഷവും ആ വർഷത്തെ വിറ്റുവരവിന്റെ ഒരു ശതമാനം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് നൽകേണ്ടതാണ്. എന്നാൽ സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ 1996 ലെ 12788 ാം നമ്പർ സിവിൽ അപ്പീൽ വിധിന്യായത്തിൽ ഈ വകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്ന് പ്രസ്താവിക്കുകയുണ്ടായി. കേസിലെ വിധിന്യായത്തിന്റെ ഫലമായി മത്സ്യം വാങ്ങുന്ന ആളുകളിൽ നിന്നോ കയറ്റുമതിക്കാരനിൽ നിന്നോ അംശദായം ഈടാക്കാൻ കഴിയാതെ വരികയും അതുകൊണ്ട് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അതിന്റെ സാമ്പത്തിക ഭദ്രത നഷ്ടമാവുകയും ചെയ്തു.

മത്സ്യത്തിന്റെയും മത്സ്യോൽപ്പന്നങ്ങളുടെയും വിറ്റുവരവിന്മേൽ സെസ്സ് ചുമത്തി അത് വ്യാപാരികളിൽ നിന്നും തിരിച്ചെടുക്കുകയും അതുവഴി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യം.

ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം 1985 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള പദ്ധതിയുടെയും ആവശ്യത്തിലേക്കായി ഒരു സാമ്പത്തിക വർഷം ഒരു വ്യാപാരിയുടെ മൊത്തം വിറ്റുവരവിന്റെ ഒരു ശതമാനം സെസ്സ് ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമാണ്. ഓരോ മത്സ്യവ്യാപാരിയും രജിസ്റ്ററുകളും രേഖകളും അവരുടെ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അതുപോലെ ഓരോ വ്യാപാരിയും മുൻ സാമ്പത്തിക വർഷത്തെ വിറ്റു വരവ് കാണിക്കുന്ന ഒരു റിട്ടേൺ നൽകേണ്ടതുമാണ്. വ്യാപാരി നൽകേണ്ട സെസ്സ് തുക നിർണയിക്കപ്പെടുന്നതുവരെ താൽക്കാലിക സെസ്സ് നൽകുവാനും സെസ്സ് തുക നൽകുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം രണ്ട് ശതമാനം പലിശ ഈടാക്കാനും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. സെസ്സ് ചുമത്തുന്നതും

ഈടാക്കുന്നതും സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരം എടുത്ത തീരുമാനത്തിന്മേൽ ആക്ഷേപ മുള്ള ഏതൊരു വ്യാപാരിക്കും ഫിഷറീസ് ഡയറക്ടർക്ക് അപ്പീൽ നൽകുന്നതിനുള്ള വ്യവസ്ഥയും ഇതിൽ ഉൾപ്പെടുന്നു. 2007 മാർച്ച് 22 ാം തീയതി നിയമസഭ പാസാക്കിയ ഈ ബില്ലിന് 2007 ഏപ്രിൽ 13 ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

**3) 2007ലെ കേരള വർഷകാല മത്സ്യബന്ധനം (സമുദ്രോപരിതലം) സംരക്ഷണം ആക്റ്റ് (2007 ലെ 13)**

എസ്. ശർമ്മ ഫിഷറീസ് വകുപ്പ് മന്ത്രിയായിരിക്കെ സഭ യിൽ അവതരിപ്പിച്ച് പാസാക്കിയ മറ്റൊരു ബില്ലാണിത്. കേരള ത്തിലെ പരമ്പരാഗത മത്സ്യത്തൊ ഴിലാളികൾ അവരുടെ ഉപജീവന ത്തിനുള്ള വരുമാനം സമ്പാദിക്കു ന്നത് ചാകര പ്രത്യക്ഷപ്പെടുന്ന വർഷകാലത്ത് മത്സ്യബന്ധനം നടത്തിയാണ്. വർഷകാലത്ത് ഏർപ്പെടുത്തുന്ന പൊതു മത്സ്യ ബന്ധന നിരോധനം അവർക്ക് കഷ്ടപ്പാട് ഉണ്ടാക്കുന്നതിനാൽ സമുദ്രത്തിന്റെ അടിത്തട്ടിൽ കാണപ്പെടുന്ന മത്സ്യക്കുഞ്ഞു ങ്ങൾക്കും മത്സ്യങ്ങളുടെ മുട്ട കൾക്കും നാശം വരുത്താതെ ഉപരിതല മത്സ്യബന്ധനം മാത്രം നടത്തുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അനുവാദം നൽകുന്നതിനായി ട്ടാണ് ഈ നിയമനിർമ്മാണം.

മത്സ്യസ്രോതസ്സ് സംരക്ഷി ക്കുന്നതിനും വർഷകാലത്ത് നിയന്ത്രിത സമുദ്രോപരിതല മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കു ന്നതിനുമുള്ള അധികാരം ഈ നിയമം വഴി സർക്കാരിന് നൽകി യിരിക്കുന്നു. വർഷകാലത്ത് ടെറിട്ടോറിയൽ ജലാതിർത്തിക്കു ള്ളിൽ പരമ്പരാഗതവും പരിഷ്ക രിച്ചതുമായ വള്ളവും വലയും ഉപയോഗിച്ച് സമുദ്രോപരിതല മത്സ്യബന്ധനം നടത്തുവാൻ പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് ഈ നിയമത്തിലൂടെ അവകാശം ലഭിക്കുന്നു.

ഈ നിയമം നടപ്പാക്കാ നായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന് മത്സ്യബന്ധന യാനങ്ങളിലും വള്ളങ്ങളിലും പ്രവേശിക്കുവാനും പരിശോ ധിക്കുവാനും ഉള്ള അധികാരവും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യബന്ധന യാനങ്ങൾ, വള്ള ങ്ങൾ, മറ്റ് ഉപകരണങ്ങൾ അതി ലുള്ള മത്സ്യം എന്നിവ ബന്ധ വസ്സിൽ എടുക്കുവാനുള്ള അധികാരവും നൽകിയിട്ടുണ്ട്. റെക്കോർഡ് വേഗത്തിലാണ് സഭ ഈ ബിൽ പാസാക്കിയത്. 2007 ജൂൺ 19 ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന യ്ക്ക് അയയ്ക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി പരിഗണിച്ച ബിൽ 2007 ജൂൺ 20 ാം തീയതി സഭ പാസാക്കുകയും തൊട്ടടുത്ത ദിവസം തന്നെ ഗവർണ്ണറുടെ അനുമതി ലഭിക്കുകയും ചെയ്തു. ഈ നിയമം നിലവിൽ വന്നതോടു കൂടി മത്സ്യത്തൊഴിലാളികൾ ദീർഘകാലമായി നേരിട്ട് വന്നിരുന്ന ഒരു പ്രശ്നം പരിഹരി ക്കപ്പെടുകയും സംസ്ഥാനത്തെ മത്സ്യ സമ്പത്ത് വർധിപ്പിക്കുവാൻ സഹായകരമായ നടപടികൾ നടപ്പാക്കുകയും ചെയ്തു.

**2014ലെ കേരള മത്സ്യ വിത്ത് ആക്റ്റ് (2014 ലെ 4)**

പതിമൂന്നാം കേരള നിയമ സഭാ കാലയളവിൽ (2011–16) മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി യായിരുന്ന കെ. ബാബു മത്സ്യ മേഖലയുമായി ബന്ധപ്പെട്ട ഒരു ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായി അതാണ് 2014 ലെ കേരള മത്സ്യ വിത്ത് ആക്റ്റ് *(The Kerala Fish Seed Act, 2014)*

സംസ്ഥാനത്ത് ഏകദേശം നാല് ലക്ഷത്തോളം ഹെക്ടർ ഉൾനാടൻ ജലാശയങ്ങൾ ഉള്ള തിൽ 25 ശതമാനത്തിൽ താഴെ വരുന്ന പ്രദേശം മാത്രമാണ് മത്സ്യ കൃഷിക്ക് ഉപയോഗിക്കുന്നത്. ഗുണനിലവാരമുള്ള മത്സ്യ വിത്തിന്റെ ലഭ്യതക്കുറവ് മത്സ്യകൃഷിക്ക് ജലാശയങ്ങളെ ഉപയോഗപ്പെടുത്തുന്നതിന് മുഖ്യ തടസ്സമായി നിലനിന്നിരുന്നു. സംസ്ഥാനത്തെ ഹാച്ചറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനു വേണ്ട നിയമപരമായ സംവിധാന ത്തിന്റെ അഭാവത്താൽ ഹാച്ചറിക ളുടെ ഉൽപാദനക്ഷമത പൂർണ്ണ മായി പ്രയോജനപ്പെടുത്തുവാനും കഴിഞ്ഞിരുന്നില്ല. കൂടാതെ, സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന മത്സ്യ വിത്തുകളുടെ ഗുണനില വാരം ഉറപ്പാക്കുന്നതിന് മതിയായ സംവിധാനമോ വിത്തുകൾ സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്നതിനും വിൽക്കുന്നതിനും നിയന്ത്രണമോ ഉണ്ടായിരുന്നില്ല. മത്സ്യത്തിന്റെ ആവശ്യകത വർധിച്ചുവരുന്ന സാഹചര്യത്തിൽ മത്സ്യകൃഷിക്ക് അനുയോജ്യമായ എല്ലാ ജലസ്രോതസ്സുകളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് മത്സ്യത്തിന്റെ ഉൽപാദനം വർധി പ്പിക്കേണ്ടത് ആവശ്യമായിത്തീരു കയും അതിലേക്ക് മതിയായ അളവിൽ മത്സ്യവിത്തുകൾ ഉൽപാദിപ്പിക്കേണ്ടതും നിയമം മൂലം മത്സ്യവിത്തുകളുടെ ഗുണ നിലവാരം ഉറപ്പാക്കേണ്ടതും ആവശ്യമായിത്തീരുകയും ചെയ്തു. ഈ സാഹചര്യത്തി ലാണ് ഈ നിയമം നിർമ്മിക്കപ്പെ ട്ടത്. 2014 ഡിസംബർ 10 ാം തീയതി സഭ പാസാക്കിയ ബില്ലിന് 2018 ഡിസംബർ 31 ാം തീയതി ഗവർണ്ണറുടെ അംഗീകാരവും ലഭിച്ചു.

**കൂയിൽ, മഞ്ഞക്കൂരി, കാരി, കല്ലേമുട്ടി, ആറ്റുവാള...**

കെ. ബാബു: *"സർ, ഞാൻ നിർത്തുകയാണ്. 225 ശുദ്ധജല മത്സ്യങ്ങളിൽ 12 ഇനം കേരള ത്തിന്റെ നദികളിൽ മാത്രം കാണു ന്നവയാണ്. കേരളത്തിന്റെ നദിക ളിൽ സർവ്വസാധാരണമായി കണ്ടി രുന്ന കൂയിൽ, മഞ്ഞക്കൂരി, കാരി, മൂശി, കല്ലേമുട്ടി, ആറ്റുവാള, പൂളാൻ, തുളി, ചെങ്കണിയാൻ, കൊറുവാപരൽ, മുരശ്ശ്, വാഴക്കാ വരയൻ, വയമ്പ്, വിവിധയിനം പരലുകൾ, വിവിധതരം ഈൽ*

*മത്സ്യങ്ങൾ എന്നിവ ആശങ്കാജന കമാം വിധം വംശനാശ ഭീഷണി നേരിട്ടുവരുന്നു. അമിതവും അശാസ്ത്രീയമായതുമായ മത്സ്യ ബന്ധനങ്ങൾ, ജലമലിനീകരണം, അനിയന്ത്രിതമായ ചെറു മത്സ്യ ങ്ങളുടെ ചൂഷണം, ആവാസ വ്യവസ്ഥയുടെ നശീകരണം, മറുനാടൻ മത്സ്യങ്ങളുടെ അധിനി വേശം, കാലാവസ്ഥാ വ്യതിയാനം എന്നീ കാരണങ്ങളാണ് മത്സ്യ ജൈവ വൈവിധ്യ സമ്പത്തിന്റെ ശോഷണത്തിനും വംശനാശ ത്തിനും ഭീഷണിക്കുമുള്ള പ്രധാന കാരണങ്ങൾ. അതുകൊണ്ട് നമ്മുടെ തനതായ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനുള്ള അധി കാരം 12(2) വകുപ്പിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്. അതുപോലെതന്നെ, ഇതുമായി ബന്ധപ്പെട്ട ശിക്ഷ സംബന്ധിച്ചുള്ള വ്യവസ്ഥകളും ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതെല്ലാം അങ്ങ് സൂചിപ്പിച്ചതു പോലെ ബില്ലിലുണ്ട്. 2014ലെ മത്സ്യ വിത്ത് ബിൽ ഞാൻ അവതരിപ്പിക്കുന്നു.''*

2014 ഡിസംബർ 3 ാം തീയതി, 2014 ലെ കേരള മത്സ്യ വിത്ത് ബില്ലിന്റെ അവതരണത്തോ ടനുബന്ധിച്ച് സഭയിൽ നടന്ന ചർച്ചയുടെ അവസാനം ബില്ലിന്റെ ചുമതലയുള്ള മന്ത്രിയുടെ മറുപടിയാണ് മേൽ ഉദ്ധരിച്ചത്.

*(തുടരും...)*

## വിജ്ഞാനപഥം

1. ലോക്സഭയിൽ ഒന്നിലധികം ഭാഷകളിൽ പാർലമെന്ററി നടപടിക്രമങ്ങളുടെ തൽസമയ വിവർത്തനം, ട്രാൻസ്ക്രിപ്ഷൻ, ഡാറ്റാ ആക്സസ് എന്നിവ സാധ്യമാക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന എ.ഐ അധിഷ്ഠിത ഡിജിറ്റൽ സംരംഭം ?

   **സൻസദ് ഭാഷിണി**

2. ഗോത്ര സമര നായകനായ ബിർസ മുണ്ടയുടെ നൂറ്റിയമ്പതാം ജന്മവാർഷികത്തോടനുബന്ധിച്ച് ആരംഭിച്ച കേന്ദ്ര പദ്ധതി ?

   **പഞ്ചായത്ത് സെ പാർലമെന്റ് 2.0 (Panchayath se Parliament 2.0)**

3. ആരുടെ പ്രസംഗ സമാഹാരമാണ് Wings to Our Hopes Vol 1?

   **രാഷ്ട്രപതി ദ്രൗപതി മുർമു (75 പ്രസംഗങ്ങൾ)**

4. അടുത്തിടെ അന്തരിച്ച ജസ്റ്റിസ് വി. രാമസ്വാമി ഏത് നിലയിൽ അറിയപ്പെട്ട ന്യായാധിപനായിരുന്നു ?

   **ഇന്ത്യൻ പാർലമെന്റിന്റെ ഇംപീച്ച്മെന്റ് നടപടി നേരിട്ട ആദ്യ ജഡ്ജി**
   (ഭരണഘടനാ അനുച്ഛേദം 124(4) പ്രകാരമാണ് സുപ്രീം കോടതി ജഡ്ജിയെ ഇംപീച്ച് ചെയ്യുന്നത്)

5. കേരളത്തിൽ ഐഎസ്ഒ അംഗീകാരം ലഭിച്ച ആദ്യ താലൂക്ക് ?

   **ഏറനാട്** (മലപ്പുറം)

6. രാജ്യത്താദ്യമായി വീട്ടിലെത്തി ഉപയോഗ ശൂന്യമായ മരുന്നുകൾ ശേഖരിക്കുന്ന പദ്ധതി കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പാക്കുന്നു. എന്താണ് പദ്ധതിയുടെ പേര് ?

   **എൻപ്രൗഡ് പദ്ധതി**
   (n PROUD - New Programme for Removal of Unused Drugs)



ദ്രൗപതി മുർമു



വി. രാമസ്വാമി

7. ത്രിതല പഞ്ചായത്തുകളിൽ കെ-സ്മാർട്ട് (Kerala Solutions for Managing Administrative Reformation and Transformation) നിലവിൽ വന്നതെന്ന് ?

   **2025 ഏപ്രിൽ 10**

8. 2023 ഡിസംബറിൽ പാർലമെന്റ് പാസാക്കിയ നിയമത്തിലൂടെ തിരഞ്ഞെടുപ്പ് കമ്മീഷണറെ തെരഞ്ഞെടുക്കുന്ന സമിതിയിൽ നിന്ന് ആരെയാണ് ഒഴിവാക്കിയത്?

   **സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെ**

9. വയോജനങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ വയോജന കമ്മീഷൻ രൂപീകരിക്കുന്ന ആദ്യ സംസ്ഥാനം ?

   **കേരളം**

10. വർധിച്ചു വരുന്ന ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പും സംസ്ഥാന നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി സംഘടിപ്പിക്കുന്ന ക്യാമ്പയിൻ ?

    **ലൈഫ് ഈസ് ബ്യൂട്ടിഫുൾ**




**കടൽപോലൊരാൾ**
**മുഷ്താഖ്**
മാതൃഭൂമി ബുക്സ്:
കോഴിക്കോട്, 2025.

V212,3y7 IMB 32R5
(കമ്മ്യൂണിസ്റ്റ് നേതാവും മുൻ മന്ത്രിയുമായ ഇ.കെ.ഇമ്പിച്ചി ബാവയുടെ ലഘു ജീവചരിത്രം)




**രാത്രിയുടെ കാവൽക്കാർ**

**അങ്കിത എസ്. ബാബു**
ബുക്കർ മീഡിയ പബ്ലിക്കേഷൻസ്:
തൃശ്ശൂർ, 2024.
O32, ANG,R R4
(നോവൽ)




**ദേശഭാവനയുടെ ഭാഷാ രാഷ്ട്രീയം മതമല്ല ഭാഷയാണടിസ്ഥാനം**
**പി. പവിത്രൻ**
ഫേബിയൻ ബുക്സ് :
മാവേലിക്കര, 2023.
P32 R3
(ഭാഷ കേവലം ഒരു ഉപകരണ മല്ലെന്നും ദേശാവബോധനിർമ്മിതിയുടെ സ്വഭാവത്തെ നിർണ്ണയിക്കുന്ന ഒരു മധ്യസ്ഥശക്തി കൂടിയാണെന്നു മുള്ള സമകാലിക ഇന്ത്യയിലെ സാംസ്കാരിക ഭാഷാ രാഷ്ട്രീയം ചർച്ച ചെയ്യുന്ന ഗ്രന്ഥം)




**ചിന്തിക്കുന്ന യന്ത്രം**
**കെ. എസ്. രഞ്ജിത്ത് എഡി.**
ചിന്ത പബ്ലിഷേഴ്സ് :
തിരുവനന്തപുരം, 2024.
D6,8(B) 32R4
(മാനവ ചരിത്രത്തിൽ നിർമ്മിത ബുദ്ധി ഉണ്ടാക്കാൻ പോകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തുന്നു)




**മാറുന്നകാലം മാറുന്ന സ്ത്രീ ജീവിതം**
**ഡോ. എസ്. ശ്രീകുമാരി**
പ്രോഗ്രസ് ബുക്സ് :
കോഴിക്കോട്, 2019.
Y15:1:7.212 32Q9
(നവോത്ഥാനം സ്ത്രീ ജീവിതത്തിലു ണ്ടാക്കിയ വിപ്ലവകരമായ പരിഷ്കാര ങ്ങളെയും പരിവർത്തനങ്ങളെയും അടയാളപ്പെടുത്തുന്ന ഗ്രന്ഥം)




**ജനകീയ പ്രശ്നങ്ങൾ ഇന്ത്യൻ പാർലമെന്റിൽ**
**പി. കരുണാകരൻ**
ചിന്ത പബ്ലിഷേഴ്സ് :
തിരുവനന്തപുരം, 2024.
W,6(Y:4).2 32R4
(2004 മുതൽ 2019 വരെ തുടർച്ചയായി മൂന്ന് തവണ ലോക് സഭാംഗമായിരുന്ന പി.കരുണാകരന്റെ തെരഞ്ഞെടുത്ത പാർലമെന്റ് പ്രസംഗങ്ങളുടെ സമാഹാരം)




**ദൈവത്തിന്റെ ആത്മകഥ**
(മൂന്നാം പതിപ്പ് )

**ലെന കുമാർ**

വിവ. പി. പ്രകാശ്
ഡി.സി. ബുക്സ് : കോട്ടയം, 2024.
S:7 32R4
(വ്യക്തികളിലെ സ്വതന്ത്ര മനോഭാവവും പ്രായോഗിക ചിന്തയും കഴിവുകളും തിരിച്ചറിയാൻ സഹായിക്കുന്ന അഞ്ച് പ്രായോഗിക ചുവടുകൾ വിശകലനം ചെയ്യുന്നു. പ്രമുഖ മലയാള സിനിമാ നടി ലെനയ്ക്ക് ജീവിതത്തിലുണ്ടായ തീക്ഷ്ണമായ അനുഭവസാക്ഷ്യ ങ്ങളാണ് ഗ്രന്ഥത്തിലെ ഉള്ളടക്കം)




**Broken Threads**
**My Family From Empire To Independence**

**Mishal Husain**
Harper Collins Publishers: Ireland, 2024.
4wHUS R4
(Memoir. Author is a British journalist and broadcaster)




**INDIA on the MOVE when JAI SHRI RAM met BHARAT MATA KI JAI**

**Marya Shakil & Narendra Nath Mishra**
Penguin Random House : Haryana, 2024.
W,4.2 R4
(This book deals with India's socio political issues like JNU event, the farmer's protest, Balakot strikes etc.)




**പട്ടുനൂൽപ്പുഴു**
(മൂന്നാം പതിപ്പ് )

**എസ്. ഹരീഷ്**

ഡി.സി. ബുക്സ് : കോട്ടയം, 2024.
O32,3HAR P R4
(നോവൽ)




**Why We Remember**
**THE SCIENCE OF MEMORY AND HOW IT SHAPES US**

**Dr. Charan Ranganath**
Faber & Faber Books: London, 2024.
S:43 R4
(This book describes a new understanding of memory)




**DALIT KITCHENS OF MARATHWADA**

**Shahu Patole**
**Bhushan Korgaonkar (Tr)**
Harper Collins Publishers: Ireland, 2024.
Y5927:823.2 R4
(This book narrates the transformative power of food in connecting communities and preserving cultural identity)

**ARIVORAM**
BIMONTHLY I **JUNE 2025** I PRICE ₹ 50/-




അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Dr. N. Krishna Kumar, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Niyamasabha Printing Press, Thiruvananthapuram and Published from Data Resource Development 'B' Section. Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram-695 033, Chief Editor- A. N. Shamseer.